بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ      نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ      وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 9

ലക്കം 21

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2024 മെയ് 23/ ഹി.ശം 1403 ഹിജ്റത്ത് 23/1445 ദുൽഖഅദ് 14

## അല്ലാഹുവിന്റെ വചനം

هُوَ الَّذِيْ جَعَلَ لَكُمُ الَّيْلَ لِتَسْكُنُوْا فِيْهِ وَ النَّهَارَ مُبْصِرًا ؕ اِنَّ فِيْ ذٰلِكَ لَاٰيٰتٍ لِّقَوْمٍ يَّسْمَعُوْنَ ﴿۶۸﴾

രാത്രിയെ നിങ്ങൾക്കുവിശ്രമം കൊള്ളുന്നതിനായും പകലിനെ നിങ്ങൾക്കു വെളിച്ചം തരുന്നതിനായും ഉണ്ടാക്കിത്തന്നവൻ അവനാണ്. തീർച്ചയായും ശ്രദ്ധിച്ചുകേൾക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

(വിശുദ്ധ ഖുർആൻ 10:68)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്ത ആല ബിനസ്്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

### വലതിനാണ് മുൻഗണന

ഹദ്റത്ത് അനസ്(റ)നിവേദനം. നബി(സ) തിരുമേനി നമ്മുടെ വീട്ടിൽവന്നു. വെള്ളം ചോദിച്ചു. ഞങ്ങൾ നബി(സ)തിരുമേനിക്കു വേണ്ടി ഒരു ആടിനെ കറന്നു. പിന്നീട് ഞാൻ ആ പാലിൽ ഞങ്ങളുടെ കിണറ്റിലെ വെള്ളം ചേർത്തു. നബി(സ)തിരുമേനിക്കു നല്കി. ഹദ്റത്ത് അബൂബക്ർ(റ)അവിടത്തെ ഇടതുവശത്തുണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ) അവിടത്തെ മുമ്പിലും ഒരു ഗ്രാമീണനായ അറബി വലതുഭാഗത്തുമുണ്ടായിരുന്നു. ആ മഹാത്മാവ് കുടിച്ചു കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു: അബൂബക്റാണ്. നബി(സ) തിരുമേനി ബാക്കിയുണ്ടായിരുന്ന പാല് ബദ്വിയ്ക്ക് നല്കി. അതിനുശേഷം പറഞ്ഞു: വലതുഭാഗത്തുള്ളവനാണ് മുൻഗണന. നിങ്ങൾ വലതുഭാഗത്തുനിന്നുതന്നെ തുടങ്ങുക. ഹദ്റത്ത് അനസ് (റ)പറയാറുണ്ടായിരുന്നു:അവിടത്തെ സുന്നത്ത് ഇതുതന്നെയായിരുന്നു. (ബുഖാരി വാള്യം 4, കിതാബുൽ ഹിബ)

### ഉടുമ്പ് മക്റൂഹാണ്

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു:ഹദ്റത്ത് ഇബ്നു അബ്ബാസിന്റെ മാതൃ സഹോദരി ഹദ്റത്ത് ഉമ്മു ഹുഫയ്ദ് നബി(സ)തിരുമേനിക്ക് പനീറും നെയ്യും ഉടുമ്പും സമ്മാനമായി അയച്ചു. നബി(സ) തിരുമേനി പനീറിൽനിന്നും നെയ്യിൽനിന്നും അല്പം കഴിച്ചു. ഇഷ്ടക്കേടായതുകൊണ്ട് ഉടുമ്പിനെ വിട്ടുകളഞ്ഞു. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)പറയാറുണ്ടായിരുന്നു, എന്നാൽ, അത് നബി(സ)തിരുമേനിയുടെ ഭക്ഷണവിരിപ്പിൽ തിന്നപ്പെട്ടു. നിഷിദ്ധമായിരുന്നെങ്കിൽ നബി(സ)തിരുമേനിയുടെ ഭക്ഷണവിരിപ്പിൽ തിന്നപ്പെടുമായിരുന്നില്ല.(ബുഖാരി, വാള്യം 4, കിതാബുൽഹിബ ബാബു ഖബൂലുൽ ഹദിയ)

**ഇക്കാലത്ത്, നബികരീമും(സ)അവിടത്തെ സ്വഹാബിമാരും മക്ക മുഅല്ലമയിൽ കാണിച്ചതുപോലെതന്നെ നമ്മുടെ സഹോദരങ്ങൾ ക്ഷമിക്കേണ്ടതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഏതോ പരീക്ഷണത്തെ സംബന്ധിച്ചുള്ള ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബിന്റെ കത്ത് വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുസന്നിധിയിലെത്തി. ഹുദൂർ(അ)പറഞ്ഞു:

ഈ പരീക്ഷണത്തിൽ ഞാൻ അദ്ദേഹത്തിനുവേണ്ടി ധാരാളം ദുആ ചെയ്യുന്നു. ഇതുമുഖേന എനിക്ക് വളരെ സന്തോഷമുണ്ടായി. യഥാർഥത്തിൽ പരീക്ഷണം വലിയ റഹ്മത്തിന് നിദാനമാകുന്നു. ഒരുഭാഗത്ത് ദാസത്വം ഗതിമുട്ടിയും നാലുഭാഗത്തുനിന്നും ബന്ധം വേർപെട്ടും ആ ഏകനായ കാരണപുരുഷനിലേക്ക് ശ്രദ്ധ ഊന്നുന്നു. അവിടനിന്ന് ദൈവത്വം തന്റെ അനുഗ്രഹങ്ങളുടെ സൈന്യവുമായി അവനെ സമാധാനിപ്പിക്കാൻവേണ്ടി മുന്നോട്ടു ചുവടുവെക്കുന്നു. ഞാനെപ്പോഴും ഈ നടപടി നബിമാരിലും(അ)അല്ലാഹുവിന്റെ നടപടിയിലും കാണാറുണ്ട്; എത്രത്തോളം മഹത്തായ ജമാഅത്തിന്റെ ഇണക്കത്തിന്റേയും കരുണയുടേയും പരീക്ഷണത്തിന്റെ നേരത്ത് അതിന്റെ ഖുദ്ദാമിനെ സംബന്ധിച്ച് ആവേശംകൊള്ളുന്നുവോ, അത് സമാധാനത്തിന്റേയും സൗഖ്യത്തിന്റേയും നേരത്ത് ആ അവസ്ഥ ഉണ്ടാകുന്നില്ല.

ഹദ്റത്ത് അഖ്ദസ്(അ)ള്വുഹ്ർ നമസ്കാരത്തിനുമുമ്പേ അതിസൂക്ഷ്മമായ പ്രസംഗം നിർവഹിക്കുകയും മൗലാനാ അബ്ദുൽകരീം സാഹിബിനെ സംബോധനചെയ്ത് ഇങ്ങനെ പറയുകയും ചെയ്തു:എന്തൊന്നാണോ ഉണ്ടായിക്കൊണ്ടിരിക്കുന്നത് അതു ദൈവേച്ഛപ്രകാരമാണുണ്ടായിക്കൊണ്ടിരിക്കുന്നത്. തങ്ങളുടെ കൈകൾകൊണ്ടു ഇക്കൂട്ടർ ഈ അടയാളങ്ങളുടെമേൽ മുദ്രവെക്കേണ്ടത് നിർബന്ധമായിരുന്നു. അതിൽ വാഗ്ദത്ത മഹ്ദിയുടെകാലത്ത് വലിയ കോലാഹലമുണ്ടാകുമെന്ന് എഴുതിയിരിക്കുന്നു. അദ്ദേഹത്തെ പൂർവികരുടേയും പിൻഗാമികളുടേയും വിശ്വാസങ്ങൾക്കെതിരിൽ സംസാരിക്കുന്നവനെന്ന് പറഞ്ഞ് കാഫിറാക്കും. ഈ നേരത്ത് നബികരീമും(സ)അവിടത്തെ സ്വഹാബിമാരും മക്ക മുഅല്ലമയിൽ കാണിച്ചതുപോലെതന്നെ നമ്മുടെ സഹോദരങ്ങൾ ക്ഷമിക്കേണ്ടതാണ്. ഭരണാധികാരികൾവരെ കൊണ്ടെത്തിക്കേണ്ടുന്ന ഒരു പ്രവർത്തിയും അവരിൽനിന്നുണ്ടായില്ല. ഇക്കാലത്ത് ഇന്നയാൾ നമ്മെ സഹായിക്കുമെന്ന് വിശ്വസിക്കേണ്ട കാര്യമില്ല. ഓർമിച്ചുകൊള്ളുക!ഇക്കാലത്ത് പ്രതാപവാനും ഉന്നതനുമായ അല്ലാഹു അല്ലാതെ നമുക്ക് ഒരു രക്ഷകനും സഹായിയുമില്ല.(മൽഫൂദാത്ത് വാള്യം 2, പേജ് 4-5, പ്രസാധനം 2018 ഖാദിയാൻ)

**എത്രവലിയ സ്ഥാനമാണ് നബി(സ)തിരുമേനിക്ക് കരസ്ഥമായത്! രണ്ടായിരം വർഷം മുമ്പേ അല്ലാഹു ഹദ്റത്ത് ഇബ്റാഹീം(അ),ഹദ്റത്ത് ഇസ്മായീൽ(അ)എന്നിവർക്ക് തന്റെ ആ വീടിനെ വൃത്തിയാക്കിവെക്കുക എന്ന് അല്ലാഹു കൽപന കൊടുക്കുന്നു. കാരണം ഇവിടെ എന്റെ നബി വരാൻപോകുകയാണ്, അദ്ദേഹത്തിന്റെ പ്രകാശത്താൽ മുഴുലോകവും പ്രകാശമാനമായിത്തീരും.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ അൽഹജ്ജിലെ 27-ാമത്തെ വചനമായ(വ ഇദ് ബവ്വഅ്നാ ലി ഇബ്റാഹീമ മകാനൽ ബയ്ത്തി അൻല്ലാതുശ്രിക്ബീ ശയ്അൻ വ്വ ത്വഹ്ഹിർ ബയ്ത്തിയ ലിത്ത്വാഇഫീന വൽഖാഇമീന വർറുക്കയി സ്സുജൂദി) -അർഥം:ഓർക്കുക ഇബ്റാഹീമിനു നാം ആ പരിശുദ്ധ ഭവനത്തിന്റെ സ്ഥലം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം. (നാം അദ്ദേഹത്തോടു കൽപ്പിച്ചു:) നീ എനിക്കൊരു വസ്തുവിനേയും പങ്കാളിയാക്കി വെക്കരുത്. പ്രദക്ഷിണം ചെയ്യുന്നവർക്കും നിന്നും കുനിഞ്ഞും കുമ്പിട്ടുംകൊണ്ട് ആരാധന നടത്തുന്നവർക്കുംവേണ്ടി എന്റെ മന്ദിരത്തെ ശുദ്ധമാക്കി വെക്കുക -നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:ഓർക്കുക! നാം ആ ഭവനത്തിന്റെ നിർമാണം ഇബ്റാഹീമിന്റെ കാലം മുതൽ ആരംഭിച്ചതാണ്; അദ്ദേഹവുമായി ബന്ധം വെക്കുന്ന ആളുകൾ അന്യാരാധന നടത്തരുതെന്നും യാത്രക്കാർക്കും ആ ഭവനത്തിനുചുറ്റും വസിക്കുന്നവർക്കും റുക്കൂഅ് ചെയ്യുന്നവർക്കും സുജൂദ് ചെയ്യുന്നവർക്കും ആ ഭവനത്തെ പരിശുദ്ധമാക്കിവെക്കണമെന്ന അധ്യാപനത്തോടുകൂടി!

ഈ വചനങ്ങളിൽനിന്ന് വ്യക്തമാകുന്നുണ്ട് അല്ലാഹു ഹദ്റത്ത് ഇബ്റാഹീം(അ)മിനോടു ഏതൊരു ബലിയാണോ ആവശ്യപ്പെട്ടിരുന്നത് അതനുസരിച്ച് അദ്ദേഹം തന്റെ മകൻ ഇസ്മായീലിനെ ഒരു മരുഭൂമിയിൽ ഉപേക്ഷിച്ചുപോയി. അതിന്റെ യഥാർഥ ഉദ്ദേശ്യം അദ്ദേഹം വലുതായി ബയ്തുല്ലായുടെ സംരക്ഷണവും ഇബ്റാഹീമിന്റെ മതത്തിന് സേവനം ചെയ്യണമെന്നതുമായിരുന്നു. അദ്ദേഹം മുഖേനയുണ്ടാകുന്ന സന്തതികളുടെ കൈയാൽ അല്ലാഹു തന്റെ ദീനിന്റെ അവസാന കാലഘട്ടം സ്ഥാപിക്കാനാഗ്രഹിക്കുന്നു. യഥാർഥത്തിൽ ഹദ്റത്ത് ഇസ്മായീൽ(അ)നെ ഏതൊരു ദിവസമാണോ ബയ്ത്തുല്ലായുടെ അടുത്ത് ഉപേക്ഷിച്ചുപോയത് ആ ദിവസം നബി(സ)തിരുമേനിയുടെ ആഗമനത്തെ കുറിച്ചുള്ള വിളംബരം ചെയ്യപ്പെടുകയായിരുന്നു. കാരണം ബയ്ത്തുല്ലാഹ് റസൂൽകരീം(സ)ന്റെ കാലഘട്ടത്തിൽത്തന്നെ ദൈവസ്മരണയുടെ അവസാന ഭവനമാകണമായിരുന്നു. അതിനുള്ള തയ്യാറെടുപ്പ് ഹദ്റത്ത് ഇസ്മായീലിന്റെ കാലഘട്ടത്തിൽത്തന്നെ തുടക്കം കുറിക്കപ്പെട്ടു. ലോകത്തു ഏതെങ്കിലും

(ശേഷം പേജ് 12 ൽ)




## ഈ ലക്കത്തിൽ

മൽഫൂദാത്ത്
ഹദ്റത്ത് മസീഹ് മൗഊദ്(അ)

ജുമുഅ ഖുത്ബ 2023 ഏപ്രിൽ 12
(സമ്പൂർണ തർജമ)

ജുമുഅ ഖുത്ബ 2023 ഏപ്രിൽ 19
(സമ്പൂർണ തർജമ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

- നബി(സ) തിരുമേനി പറയാറുണ്ടായിരുന്നു: എനിക്ക് ഉഹുദിലെ ശുഹദാഇനെ കുറിച്ച് ഓർമ വരുമ്പോൾ അല്ലാഹുവാണെ സത്യം! ഞാനും മലയിടുക്കിൽ എന്റെ കൂട്ടുകാരോടൊപ്പം ഉണ്ടായിരുന്നെങ്കിലെത്ര നന്നായേനെ എന്ന് ആഗ്രഹിക്കാറുണ്ട്.
- യാ റസൂലല്ലാഹ്, ഞാൻ അങ്ങയെ സമാധാനത്തോടെ കണ്ടപ്പോൾ ഞാനെന്റെ ക്ലേശങ്ങളെല്ലാം വറുത്ത് തിന്നിരിക്കുന്നുവെന്ന് അങ്ങ് മനസ്സിലാക്കിയാലും
- അഭിവൃദ്ധികൾ കാണണമെങ്കിൽ നമ്മളും അതേപോലെ ഈമാനും ആവേശവും ആത്മാർഥതയും കൂറും ഉണ്ടാക്കേണ്ടിവരും
- യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്! അങ്ങ് സുരക്ഷിതനാണെങ്കിൽ ഇനി ആരു മരിച്ചാലും എനിക്കെന്ത്? എനിക്ക് അങ്ങയുടെ ജീവതമാണ് വേണ്ടിയിരുന്നത്. അങ്ങ് ജീവിച്ചിരിപ്പുണ്ടെങ്കിൽ മറ്റാരുടെയും മരണത്തിൽ എനിക്ക് ആശങ്കയില്ല.
- നബി(സ)തിരുമേനി പറഞ്ഞു: ആരാണോ ഈ കലിമ ചൊല്ലിയത്, അത്തരം വ്യക്തിയെ കൊല്ലുന്നതിൽനിന്ന് ഞാൻ തടയപ്പെട്ടിരിക്കുന്നു.
- ഉഹുദു യുദ്ധത്തിൽ സ്വഹാബത്തിന്റേയും സ്വഹാബിയാത്തിന്റേയും(രിള്വാനുല്ലാഹി അലയ്ഹിം)ജീവാർപണത്തിന്റേയും ഉഹുദിലെ ശുഹദാഇന്റെ ഉന്നത സ്ഥാനത്തിന്റേയും ഈമാൻ ദൃഢീകരിപ്പിക്കുന്ന ചർച്ച.
- ഫലസ്ത്വീന്റെയും ലോകത്തിന്റെയും നല്ല അവസ്ഥകൾക്കുവേണ്ടി ദുആ ചെയ്യുക. അവസ്ഥകൾ വളരെ മോശമായിക്കൊണ്ടിരിക്കുകയാണ് ഇറാനെയും ആക്രമിക്കുകയും യുദ്ധം കൂടുതൽ പരക്കുക യും ചെയ്യുമോ എന്നതുമാണ് ആശങ്ക. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.
- മുസ്ത്വഫാ അഹ്മദ് ഖാൻ സാഹിബ് ബിൻ ഹദ്റത്ത് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബ്(റ), അമേരിക്കയിലെ ഡോക്ടർ മീർ ദാഊദ് അഹ്മദ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ 2024 ഏപ്രിൽ 12/1403 ശഹാദത്ത് 12**
**മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

റമളാനു മുമ്പേ നബി(സ)തിരുമേനിയുടെ യുദ്ധങ്ങളെ സംബന്ധിച്ചാണ് പറഞ്ഞു വന്നത്. ഇതിൽ ഉഹുദ് യുദ്ധത്തെ പറ്റിയാണ് വിവരിച്ചു കൊണ്ടിരുന്നത്. ഇതിൽ നബി(സ)തിരുമേനിയുടെ ജീവചരിത്രത്തെ സംബന്ധിച്ചും വിവരണമുണ്ടായിരുന്നു. ഇന്നും ഇതേപ്പറ്റിതന്നെയാണ് പറയുന്നത്. നിവേദനത്തിൽ വരുന്നു: ഹദ്റത്ത് സഅ്ദ് ബിൻ മുആദിന്റെ മാതാവ് നബി(സ)തിരുമേനിയുടെ അടുക്കൽവന്നു. നബി(സ)തിരുമേനി കുതിരപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ഹദ്റത്ത് സഅ്ദ് ബിൻ മുആദ്(റ)കുതിരയുടെ കടിഞ്ഞാൺ പിടിച്ചിരുന്നു. ഹദ്റത്ത് സഅ്ദ്(റ)മാതാവിനെ കണ്ടപ്പോൾ പറഞ്ഞു: യാ റസൂലല്ലാഹ്(സ)! എന്റെ ഉമ്മയാണ്. നബി(സ)തിരുമേനി പറഞ്ഞു: അവരെ സ്വീകരിച്ചിരുത്തുക! നബി(സ)തിരുമേനി കുതിരയെ നിറുത്തി. അങ്ങനെ അവർ അടുത്തെത്തി നബി(സ)തിരുമേനിയെ സൂക്ഷിച്ചു നോക്കാൻ തുടങ്ങി. നബി(സ)തിരുമേനി അവരെ, അവരുടെ മകൻ അംറ് ബിൻ മുആദിന്റെ ശഹാദത്തിൽ അനുശോചനം അറിയിച്ചു. അപ്പോൾ അവർ പറഞ്ഞു: അങ്ങയെ സമാധാനത്തിൽ കണ്ടതോടെ എന്റെ മുസ്വീബത്തും ദുഃഖവും അവസാനിച്ചു കഴിഞ്ഞിരിക്കുന്നു.

നബി(സ)തിരുമേനി അവരോടു പറഞ്ഞു: ഉമ്മു സഅ്ദേ! നിങ്ങൾക്ക് സുവാർത്തയായിരിക്കട്ടെ, സകല ശഹീദുമാരുടെ വീട്ടുകാർക്കും സുവാർത്ത അറിയിക്കുകയും ചെയ്യുക. കൊല്ലപ്പെട്ട എല്ലാവരും സ്വർഗത്തിൽ പരസ്പരം കൂട്ടുകാരാകുന്നു. എല്ലാവരും താന്താങ്ങളുടെ കുടുംബക്കാർക്കുവേണ്ടി അല്ലാഹുവിന്റെ സവിധത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. അതായത് ഈ ശുഹദാ അല്ലാഹുവിന്റെ സവിധത്തിൽ തങ്ങളുടെ കുടുംബക്കാർക്കുവേണ്ടി ശിപാർശ ചെയ്തിരിക്കുന്നു. ഹദ്റത്ത് ഉമ്മു സഅ്ദ് പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങളെല്ലാവരും ദൈവിക തൃപ്തിയിൽ തൃപ്തിയുള്ളവരും സന്തോഷമുള്ളവരുമാണ്. മാത്രമല്ല ഈ സുവാർത്തക്കുശേഷം ഇനി ആർക്കാണ് കരയാൻ കഴിയുക? അവരുടെ വിശ്വാസത്തിന്റേയും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തിയടയുന്നതിന്റേയും എത്ര ഉന്നതമായ അവസ്ഥയാണ്! തുടർന്ന് അവർ നബി(സ)തിരുമേനിയോടു അപേക്ഷിച്ചു: യാ റസൂലല്ലാഹ്, എല്ലാ ശുഹദാഇന്റെ സന്തപ്ത കുടുംബാംഗങ്ങൾക്കുവേണ്ടിയും ദുആ ചെയ്താലും. അപ്പോൾ നബി(സ)തിരുമേനി ഉഹുദിലെ എല്ലാ ശുഹദാഇന്റെ വീട്ടുകാർക്കുവേണ്ടിയും ദുആ ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹുമ്മ അദ്ഹിബ് ഹുസ്ന ഖുലൂബിഹിം വജ്ബുർ മുസ്വീബത്തഹും വ അഹസിനിൽ ഖലഫ അലാമൻ ഖുല്ലിഫൂ

അല്ലാഹുവേ, അവരുടെ ഹൃദയങ്ങളിലുള്ള ദുഃഖവും വേദനയും ഇല്ലാതാക്കേണമേ. അവരുടെ കഷ്ടതകൾ അകറ്റേണമേ, ശുഹദാഇന്റെ പിൻഗാമികളെ അവരുടെ ഏറ്റവും ഉത്തമരായ പിൻഗാമികളാക്കേണമേ. (സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 345, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)മദീനക്കാരുടെ അർപണബോധത്തെ സംബന്ധിച്ച് പറയുന്നു: റസൂലുല്ലാഹി(സ)ഉഹുദ് മൈതാനത്തുനിന്ന് തിരിച്ചുവന്നപ്പോൾ മദീനയിലെ സ്ത്രീകളും കുട്ടികളും പട്ടണത്തിനുപുറത്ത് നബി(സ)തിരുമേനിയെ വരവേൽക്കാൻ എത്തുകയുണ്ടായി. ഒട്ടകത്തിന്റെ കടിഞ്ഞാൺ യോദ്ധാവായ ആദ്യകാല സ്വഹാബി സഅ്ദ് ബിൻ മുആദാണ് പിടിച്ചിരുന്നത്. അദ്ദേഹം അഭിമാന പുരസ്സരം മുന്നിൽ നടന്നു നീങ്ങുകയാണ്. നഗരത്തിനുസമീപം അദ്ദേഹം തന്റെ വൃദ്ധയായ മാതാവിനെ കണ്ടുമുട്ടി. അവരുടെ കാഴ്ച മങ്ങിയിട്ടുണ്ടയിരുന്നു. ഉഹുദ് യുദ്ധത്തിൽ അവരുടെ ഒരു മകൻ ശഹീദായിട്ടുണ്ട്. അവരുടെ കണ്ണുകൾക്ക് തിമിരം ബാധിച്ചുതുടങ്ങിയിരുന്നു. അവർ സ്ത്രീകളുടെ ഏറ്റവുംമുമ്പിൽത്തന്നെയുണ്ട്. ചുറ്റുപാടും നോക്കുകയാണ്! നബി(സ)തിരുമേനി എവിടെയാണെന്ന് അന്വേ ഷിക്കുകയാണ്! ഉമ്മാക്ക് തന്റെ മകന്റെ ശഹാദത്ത് വാർത്ത കേൾക്കുമ്പോൾ വലിയ സങ്കടമാകുമെന്ന് സഅ്ദ് വിചാരിച്ചു. അതുകൊണ്ട് നബി(സ)തിരുമേനി അവർക്ക് ധൈര്യം പകരുകയും സാന്ത്വനപ്പെടുത്തുകയും ചെയ്തെങ്കിലെന്ന് അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തിരുന്നു. അദ്ദേഹം തന്റെ ഉമ്മയെ കണ്ടതും നബി(സ)തിരുമേനിയോടു പറഞ്ഞു: യാ റസൂലല്ലാഹ് എന്റെ ഉമ്മയാണ്! യാ റസൂലല്ലാഹ് എന്റെ ഉമ്മയാണ്! അതായത് അദ്ദേഹം തന്റെ ഉമ്മ വരുന്നുവെന്ന് രണ്ടുതവണ പറയുകയുണ്ടായി. നബി(സ)തിരുമേനി അവിടെത്തന്നെ നിന്നു പറഞ്ഞു: ബീബീ, നിന്റെ ഒരു മകൻ ഈ യുദ്ധത്തിൽ ശഹീദായതിൽ വലിയ സങ്കടമുണ്ട്. വൃദ്ധയുടെ കണ്ണു മങ്ങിത്തുടങ്ങിയിരുന്നു, അതുകൊണ്ട് നബി(സ)തിരുമേനിയുടെ മുഖം വ്യക്തമായും കാണുന്നുണ്ടായിരുന്നില്ല. അവർ ചുറ്റുപാടും നോക്കിക്കൊണ്ടിരുന്നു. അവസാനം നബി(സ)തിരുമേനിയുടെ മുഖകമലം കണ്ടപ്പോൾ സമീപത്തെത്തി പറഞ്ഞു: യാ റസൂലല്ലാഹ്, ഞാൻ അങ്ങയെ സമാധാനത്തോടെ കണ്ടപ്പോൾ ഞാനെന്റെ ക്ലേശങ്ങളെല്ലാം വറുത്ത് തിന്നിരിക്കുന്നുവെന്ന് അങ്ങ് മനസ്സിലാക്കിയാലും.

നോക്കുക, ആ സ്ത്രീക്ക് തന്റെ വാർധക്യത്തിൽ തന്റെ ഊന്നുവടിയാണ് നഷ്ടമായത്, എന്നിട്ടും ധൈര്യപൂർവം പറയുന്നു: എന്റെ മകനെ സംബന്ധിച്ച ദുഃഖം എന്നെയെന്ത് തിന്നാനാണ്? നബി(സ) ജീവിച്ചിരിക്കുന്നുവെങ്കിൽ ഞാൻ ആ ദുഃഖം വറുത്ത് തിന്നുന്നതാണ്. എന്റെ മകന്റെ മരണം എന്റെ മരണത്തിന് നിദാനമാകുന്നതല്ല. മറിച്ച് നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുവെന്നതും നബി(സ)തിരുമേനിയെ സംരക്ഷിച്ചുകൊണ്ട് എന്റെ മകൻ ജീവത്യാഗം ചെയ്തതും എന്റെ ശക്തി വർധിപ്പിക്കുന്നതിന് നിമിത്തമാകുന്നതായിരിക്കും.(ഖുറൂനെ ഊലാ കി മുസൽമാൻ ഖാത്തീൻ, അൻവാറുൽഉലൂം, വാള്യം 25, പേജ് 441)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ഇതുപോലുള്ള ഒരു സംഭവം വിവരിച്ചുകൊണ്ട് അഹ്മദീ സ്ത്രീകളോടു ചോദിക്കുന്നു: നിങ്ങൾക്കുള്ളിലും ദീനീ കാര്യത്തിൽ ഇതേ ആവേശം അലതല്ലുന്നുണ്ടോ? തുടർന്ന് മറ്റൊരിക്കൽ മേൽസംഭവം വിവരിച്ചശേഷം അദ്ദേഹം തബ്ലീഗിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അഹ്മദീ സ്ത്രീകളോടു പറയുന്നു: ഈ സ്ത്രീകൾ ഇസ്ലാമിന്റെ പ്രചാരണത്തിനും പ്രബോധനത്തിനും പുരുഷന്മാരുടെ തോളോടുതോൾ ചേർന്ന് നീങ്ങിയിരുന്നു. ഈ സ്ത്രീകളുടെ ത്യാഗത്തിൽ ഇസ്ലാമിക ലോകം അഭിമാനം കൊള്ളുന്നു. തങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിരിക്കുന്നുവെന്ന് നിങ്ങൾ വാദിക്കുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ പ്രതിബിം

ബം ആകുന്നു. അതായത് മറ്റുവാക്കുകളിൽ പറഞ്ഞാൽ നിങ്ങൾ സ്വഹാബിയാത്തിന്റെ പ്രതിബിംബമാകുന്നു. പക്ഷേ, നിങ്ങൾത്തന്നെ പറയുവിൻ, നിങ്ങൾക്കുള്ളിൽ സ്വഹാബിയാത്തിന്റെ അതേ ആവേശം അലയടിക്കുന്നുണ്ടോ? സ്വഹാബിയാത്തിന്റെ അകതാരിലുണ്ടായിരുന്ന അതേപ്രകാശം നിങ്ങൾക്കുള്ളിലുമു ണ്ടോ? സ്വഹാബിയാത്തിന്റെ മക്കളെപ്പോലെ നിങ്ങളുടെ മക്കളും നന്മയുള്ളവരാണോ? നിങ്ങൾ ആഴത്തിൽ ചിന്തിച്ചാൽ സ്വഹാബിയാത്തിനെക്കാളും ഒരുപാടു പിന്നിലാണെന്ന് മനസ്സിലാകുന്നതാണ്.തുടർന്നു പറയുന്നു: അവർ തങ്ങളുടെ ജീവൻവെച്ചുകളിച്ചുകൊണ്ട് സമർപിച്ച ത്യാഗങ്ങൾ അല്ലാഹുവിന് എത്രമാത്രം ഇഷ്ടമായെന്നാൽ അല്ലാഹു വളരെവേഗം അവർക്ക് വിജയം നൽകി അനുഗ്രഹിച്ചു. മറ്റു സമൂഹങ്ങൾക്ക് നൂറ്റാണ്ടുകളായി ചെയ്യാൻ കഴിയാത്തത് സ്വഹാബാക്കളും സ്വഹാബിയാത്തും ഏതാനും വർഷങ്ങൾക്കുള്ളിൽ ചെയ്തുകാണിച്ചു. (ഫരീളയെ തബ്‌ലീഗ് ഔർ അഹ്മദി ഖാത്തീൻ, അൻവാറുൽ ഉലൂം വാള്യം 18, പേജ് 400–401)

അതുകൊണ്ട് അഭിവൃദ്ധികൾ കാണണമെങ്കിൽ നമ്മളും അതേപോലെ ഈമാനും ആവേശവും ആത്മാർഥതയും കൂറും ഉണ്ടാക്കേണ്ടിവരും. ചില സംഭവങ്ങൾ നേരത്തേയും വിവരിച്ചവയാണ്. ഇപ്പോൾ ഞാൻ പറഞ്ഞ സംഭവവും പല നിലയ്ക്കും നേരത്തെ വിവരിച്ചിട്ടുണ്ട്. പക്ഷേ, ഈ സംഭവങ്ങൾ വിവിധതരത്തിൽ കേൾക്കുമ്പോൾ ഒരു പ്രത്യേക ഈമാനികാവസ്ഥയും ആവേശവുമുണ്ടാക്കുന്നവയാണ്. പ്രത്യേകിച്ചും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിക്കുമ്പോൾ കേവലം ഒരു സംഭവം എന്നതിനപ്പുറം വളരെ വിശാലമായ മാനത്തിൽ ഈ സംഭവങ്ങൾ നമുക്കു മുന്നിൽ വരുന്നു.

ഇതേവിധത്തിൽ ആദ്യകാല സ്ത്രീകളുടെ സംഭവങ്ങൾ വിവരിച്ചുകൊണ്ട് ഒരു സന്ദർഭത്തിൽ ആ മഹാത്മാവ് പറയുന്നു: ഉഹുദ് മൈതാനം മദീനയിൽ നിന്ന് 9 മൈൽ ദൂരെയാണ്. നബി(സ)തിരുമേനി ശഹീദായെന്ന കിംവദന്തി മദീനയിൽ പരന്നപ്പോൾ സ്ത്രീകൾ കരഞ്ഞുവിലപിച്ച് പട്ടണത്തിനു പുറത്തു വന്ന് യുദ്ധ മൈതാനത്തേക്ക് കുതിച്ചു. വഴിയിൽ വെച്ചുതന്നെ അധികം സ്ത്രീകളും നബി(സ)തിരുമേനി സുരക്ഷിതനാണെന്ന അറിഞ്ഞപ്പോൾ അവരവിടെത്തന്നെ തങ്ങുകയുണ്ടായി. പക്ഷേ, ഒരു സ്ത്രീ ഉന്മാദിനിയെപ്പോലെ മദീനയിലെത്തിയിരുന്നു. ആ സ്ത്രീയുടെ ഭർത്താവും സഹോദരനും പിതാവും ഉഹുദിൽ വധിക്കപ്പെട്ടിരുന്നു, ചില നിവേദനങ്ങളനുസരിച്ച് ഒരു മകനുംകൂടി വധിക്കപ്പെട്ടിട്ടുണ്ട്. അവർ മുസ്‌ലിം സൈന്യത്തിനു അടുത്തെത്തിയപ്പോൾ ഒരു സ്വഹാബിയോട് നബി(സ)തിരുമേനിയുടെ അവസ്ഥയെന്താണെന്ന് ആരായുകയുണ്ടായി. വാർത്ത നൽകുന്ന ആൾ നബി(സ)തിരുമേനിയുടെ അവസ്ഥയെപ്പറ്റി സമാധാനത്തിലായിരുന്നു. അതുകൊണ്ട് അദ്ദേഹം ആ സ്ത്രീയോടു പറഞ്ഞു: ബീബീ, സങ്കടകരമെന്നേ പറയേണ്ടൂ, നിങ്ങളുടെ പിതാവ് ഈ യുദ്ധത്തിൽ വധിക്കപ്പെട്ടിരിക്കുന്നു. ആ സ്ത്രീ പറഞ്ഞു:നിങ്ങളെന്തൊരു മനുഷ്യനാണ്, ഞാൻ നിങ്ങളോടു നബി(സ)തിരുമേനി എങ്ങനെയുണ്ടെന്നാണ് ചോദിച്ചത്. നിങ്ങൾ എന്റെ പിതാവിന്റെ മരണവാർത്തയാണ് നൽകുന്നത്! അപ്പോൾ ആ സ്വഹാബി പറഞ്ഞു: ബീബീ, ഖേദകരമെന്നേ പറയേണ്ടൂ, നിങ്ങളുടെ ഭർത്താവും ഈ യുദ്ധത്തിൽ വധിക്കപ്പെട്ടിരിക്കുന്നു. ആ സ്ത്രീ പറഞ്ഞു: ഞാൻ നിങ്ങളോടു എന്റെ ഭർത്താവിനെ സംബന്ധിച്ചല്ല ചോദിച്ചത്. ഞാൻ നബി(സ)തിരുമേനിയുടെ അവസ്ഥയെന്തെന്നാണ് ചോദിക്കുന്നത്. അപ്പോൾ ആ സ്വഹാബി പറഞ്ഞു, ബീബീ, കഷ്ടമെന്നേ പറയേണ്ടൂ, നിങ്ങളുടെ സഹോദരനും ഈ യുദ്ധത്തിൽ വധിക്കപ്പെട്ടിരിക്കുന്നു. ആ സ്ത്രീ വളരെ ആവേശഭരിതയായി പറഞ്ഞു: ഞാൻ നിങ്ങളോടു എന്റെ സഹോദരനെ പറ്റിയുമല്ല ചോദിക്കുന്നത്. ഞാൻ നിങ്ങളോടു നബി(സ)തിരുമേനിയെ സംബന്ധിച്ചാണ് ചോദിക്കുന്നത്! നബി(സ)തിരുമേനി എങ്ങനെയുണ്ടെന്ന് പറയുക. അവർക്ക് തന്റെ പിതാവിന്റെയും ഭർത്താവിന്റെയും മരണത്തിൽ ഒരു ആശങ്കയുമില്ലെന്നും നബി(സ)തിരുമേനിയുടെ സുഖവിവരങ്ങൾ മാത്രമാണ് തിരക്കുന്നതെന്നും കണ്ടപ്പോൾ അവരുടെ സത്യസന്ധമായ വികാരത്തെ തിരിച്ചറിഞ്ഞ ആളുകൾ അവരോടു പറഞ്ഞു: ബീബീ, നബി(സ)തിരുമേനി സുഖമായിരിക്കുന്നു. അപ്പോൾ അവർ ചോദിച്ചു:

നബി(സ)തിരുമേനി എവിടെയാണുള്ളത്?പിന്നെ അവർ നബി(സ)തിരുമേനി നിൽക്കുന്നിടത്ത് ഓടിപ്പോയി. അവിടെയെത്തി നബി(സ)തിരുമേനിയുടെ മുന്നിൽ മുട്ടുകുത്തിനിന്നു അവിടത്തെ കോന്തല പിടിച്ചുകൊണ്ടു പറഞ്ഞു: യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങയ്ക്ക് തെണ്ടമാണ്! അങ്ങ് സുരക്ഷിതനാണെങ്കിൽ ഇനി ആരു മരിച്ചാലും എനിക്കെന്ത്? എനിക്ക് അങ്ങയുടെ ജീവതമാണ് വേണ്ടിയിരുന്നത്. അങ്ങ് ജീവിച്ചിരിപ്പുണ്ടെങ്കിൽ മറ്റാരുടെയും മരണത്തിൽ എനിക്ക് ആശങ്കയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഇനി നോക്കുക! ആ സ്ത്രീക്ക് നബി(സ)തിരുമേനിയോടു എത്രമാത്രം സ്നേഹമുണ്ടായിരുന്നു. ആളുകൾ ഒന്നിനുപിറകെ മറ്റൊന്നായി പിതാവിന്റെയും സഹോദരന്റെയും ഭർത്താവിന്റെയും മരണവാർത്ത നൽകിക്കൊണ്ടിരുന്നെങ്കിലും അവർ ഓരോ തവണയും നബി(സ)തിരുമേനി എങ്ങനെയുണ്ടെന്ന് പറയുക? എന്നാണ് പറഞ്ഞു കൊണ്ടിരുന്നത്. പറഞ്ഞതിന്റെ ചുരുക്കം, നബി(സ)തിരുമേനിയോടു ഇത്രയധികം സ്നേഹം പ്രകടിപ്പിച്ച ഇവരും ഒരു സ്ത്രീയായിരുന്നു.(ഖുറൂനെ ഊലാകി മുസൽമാൻ ഖാത്തീൻ, അൻവാറുൽ ഉലൂം വാള്യം 25, പേജ് 439–440) വീണ്ടും ആദ്യ നൂറ്റാണ്ടിലെ മുസ്‌ലിം സ്ത്രീകളെ കുറിച്ച് ഉഹുദു യുദ്ധത്തിൽത്തന്നെ യുദ്ധത്തിനുശേഷമുള്ള അവസ്ഥകളെ വിവരിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെ ചരിതവും സ്വഹാബാക്കൾക്കും സ്വഹാബിയാത്തിനും നബി(സ)തിരുമേനിയോടുണ്ടായിരുന്ന അനുരക്തിയും സ്നേഹവും വിവരിച്ചുകൊണ്ട് ദീബാച്ച തഫ്സീറുൽ ഖുർആനിൽ അവിടന്ന് ഇങ്ങനെ എഴുതിയിരിക്കുന്നു. അവിടന്ന് പറഞ്ഞു: ഉഹുദിൽ നബി(സ)തിരുമേനി വഫാത്തായെന്നും മുസ്‌ലിം സൈന്യം ചിന്നിച്ചിതറിപ്പോയെന്നുമുള്ള കിംവദന്തി സൈന്യത്തിലെ അവശേഷിച്ച വിഭാഗങ്ങൾ മദീനയിൽ തിരിച്ചെത്തുന്നതിനു മുമ്പേതന്നെ അവിടെ പരന്നു കഴിഞ്ഞിരുന്നു. മദീനയിലെ സ്ത്രീകളും കുട്ടികളുമെല്ലാം ഈ വാർത്തകേട്ടു പരിഭ്രാന്തരായി ഉഹുദിലേക്ക് നീങ്ങിത്തുടങ്ങി. അവരിൽ പലരും മടങ്ങുന്ന ഭടന്മാരെ വഴിയിൽ കണ്ടുമുട്ടി യാഥാർഥ്യം മനസ്സിലാക്കിയതോടെ അവിടെനിന്നു. എന്നാൽ, ബനുദീനാർ ഗോത്രത്തിൽപെട്ട ഒരു സ്ത്രീരത്നം ഉഹുദിലോളം കിതച്ചെത്തി. യുദ്ധത്തിൽ ആ സ്ത്രീയുടെ ഭർത്താവും പിതാവും സഹോദരനും വധിക്കപ്പെട്ടിരുന്നു. ചില നിവേദനങ്ങൾ പ്രകാരം അവരുടെ ഒരു പുത്രനും വധിക്കപ്പെട്ടിരുന്നു. മടങ്ങിവരികയായിരുന്ന ഒരു ഭടൻ അവരെ കണ്ടപ്പോൾ അവരുടെ പിതാവ് മരണപ്പെട്ട വിവരം അറിയിച്ചു. അവർ ചോദിച്ചു:നബി(സ)തിരുമേനിയുടെ അവസ്ഥ എന്താണ്? ആ സ്ത്രീ തിരക്കി. നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുണ്ടെന്നതിൽ ആശ്വാസം കൊണ്ടിരുന്ന ആ ഭടൻ ചോദ്യത്തിനു ഉടനുത്തരം നൽകാതെ അവരുടെ ഭർത്താവും സഹോദരനും വധിക്കപ്പെട്ടിരിക്കുകയാണെന്ന് അറിയിച്ചു. എന്നാൽ, ഓരോ വിവരം പറയുമ്പോഴും അവർ ഒരു ഭാവഭേദവും കാണിക്കാതെ വീണ്ടും വീണ്ടും മാ ഫഅല റസൂലുല്ലാഹി (സ) നബി(സ)തിരുമേനി എന്താണ് ചെയ്തതെന്ന് ചോദിച്ചു കൊണ്ടിരുന്നു! നബി(സ) തിരുമേനി എന്താണ് ചെയ്തതെന്ന ഈ വാക്യം പ്രത്യക്ഷത്തിൽ ശരിയല്ലെന്ന് തോന്നാം. അതുകൊണ്ടുതന്നെ ചരിത്രകാരന്മാർ ഇതിന്റെ തർജമ എഴുതിയപ്പോൾ നബി(സ)തിരുമേനിക്ക് എന്തു സംഭവിച്ചു? എന്നെഴുതിയിട്ടുണ്ട്. എന്നാൽ, ഇതൊരു തെറ്റായ വാചകമല്ലെന്നതാണ് വാസ്തവം! മറിച്ച് സ്ത്രീകളുടെ ഭാഷാശൈലിയനുസരിച്ച് അത് തികച്ചും ശരിയായിരുന്നു. സ്ത്രീകളുടെ വികാരവായ്പ് വളരെ തീക്ഷ്ണമായിരിക്കും. മരിച്ചുപോയവരെ, അവർ കേൾക്കുന്നു എന്ന ഭാവത്തിൽ പലപ്പോഴും സ്ത്രീകൾ വിളിച്ചു കേഴാറുണ്ട്. ഭർത്താവും മകനുമൊക്കെ മരണപ്പെടുമ്പോൾ അവരുടെപേർ ചൊല്ലി വിളിച്ചു, തങ്ങളെ ഉപേക്ഷിച്ചു പോയ്ക്കളഞ്ഞതെന്തേ എന്നും തങ്ങളെ അനാഥരാക്കിയിട്ടു പോകയാണോ എന്നും മറ്റും പറഞ്ഞു വിലപിക്കും. കടുത്ത ദുഃഖഭാരത്താൽ ഏറ്റവും പ്രിയപ്പെട്ടവരെ ചൊല്ലി സ്ത്രീകൾഇങ്ങനെ വിലപിക്കുന്നതു സ്വാഭാവികമാണ്. അതിനാൽ, ഈ സ്ത്രീക്ക് നബി(സ)തിരുമേനി വഫാത്തായെന്ന വാർത്ത കേട്ടപ്പോൾ ഈയൊരു അവസ്ഥയാണുണ്ടായത്. അവർ നബി(സ)തിരുമേനി വഫാത്തായെന്ന വാർത്ത വിശ്വസിക്കാൻ കൂട്ടാക്കിയില്ല; അതേ അവസരത്തിൽത്തന്നെ ആ വാർത്ത കളവാക്കിത്തള്ളാതെ ഒരു സ്ത്രീയുടെ സ്വഭാവികമായ വികാരവായ്പോടെ അല്ലാഹുവിന്റെ പ്രവാചകൻ എന്തേ ചെയ്തത്? എന്നിങ്ങനെ ചോദിച്ചുകൊണ്ടിരുന്നു. അതായത് അവിടത്തെപോലെ കൂറുള്ളൊരു നേതാവ്, അങ്ങനെ തങ്ങളെ വേർപെട്ടുപോകാൻ എങ്ങനെ തയ്യാറായെന്നു ആവലാതിപ്പെടുകയായിരുന്നു അവർ. ഈ സ്ത്രീ തന്റെ പിതാവിന്റെയും സഹോദരന്റെയും ഭർത്താവിന്റെപോലും നിര്യാണത്തെ ഗണ്യമാക്കുന്നില്ലെന്നറിഞ്ഞപ്പോൾ നബി(സ)തിരുമേനിയോടു അവർക്കുള്ള അവാച്യമായ സ്നേഹ ത്തിന്റെ ആഴം കണ്ടറിഞ്ഞ ആ യോദ്ധാവ് അവരെ സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു: അല്ലയോ ഉമ്മാ! നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നു! ഉടനെ അവർ നബി തിരുമേനിയെ തനിക്ക് കാണിച്ചു തരൂ എന്ന് പറഞ്ഞു. ആളുകൾ പറഞ്ഞു! അതാ അവിടെ പോകൂ, നബി(സ)തിരുമേനി അവിടെ നിൽക്കുന്നുണ്ട്.അവർ ഓടിക്കിതച്ച് നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അവിടത്തെ കോന്തല കൈയിലെടുത്തുകൊണ്ടു അവർ പറഞ്ഞു: യാ റസൂലല്ലാഹ്, എന്റെ ബാപ്പയും ഉമ്മയും അങ്ങയ്ക്ക് തെണ്ടമാണ്! അങ്ങു ജീവിച്ചിരിക്കുന്നുവെങ്കിൽ ആരു മരിച്ചാലും എനിക്കെന്താണ്? ആ മഹാത്മാവ് തുടരുന്നു: ഉഹുദ് യുദ്ധത്തിൽ പുരുഷന്മാരും സ്ത്രീകളും ഒരുപോലെ പ്രകടിപ്പിച്ച വിശ്വാസവും കൂറും എത്തരത്തിലുള്ളതായിരുന്നുവെന്നു ഞാൻ ഈ വിവരിച്ച സംഭവത്തിൽ നിന്നു മനസ്സിലാക്കാം. ക്രിസ്ത്യാനികൾ മഗ്ദലന മര്യത്തിന്റെയും കൂട്ടുകാരുടെയും ധൈര്യത്തിൽ സന്തോഷഭരിതരായി, വെളുപ്പിനുമുമ്പേ ശത്രുക്കളുടെ കണ്ണുവെട്ടിച്ച് യേശുവിന്റെ ഖബ്റിന്നരികെ എത്തിയതായി പറയുന്നുണ്ട്. എന്നാൽ, ഞാൻ അവരോടു പറയുകയാണ്, എന്റെ പ്രേമഭാജനത്തോട് കൂറും ഭക്തിയുമുണ്ടായിരുന്നവർ എത്ര പ്രക്ഷുബ്ധമായ അവസ്ഥയിലാണ് കൂടെ നിൽക്കുകയും തൗഹീദിന്റെ പതാക പറത്തുകയും ചെയ്തതെന്ന് നോക്കുവിൻ! ശഹീദായവരെയെല്ലാം സംസ്കരിച്ച ശേഷം നബി(സ)തിരുമേനി മദീനയിലേക്ക് മടങ്ങുമ്പോൾ ആ മഹാത്മാവിനെ

വരവേൽക്കാൻ നഗര ത്തിൽനിന്നു സ്ത്രീകളും കുട്ടികളും പുറത്തുവന്നിരുന്നു. നബി(സ)തിരുമേനിയുടെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചിരുന്നത് മദീനയിലെ ഒരു നേതാവായിരുന്ന സഅ്ദുബ്നു മുആദ് ആയിരുന്നു. നേരത്തേയും ഈ സംഭവം വിവരിച്ചതാണ്. സഅ്ദ് വളരെ അഭിമാനത്തോടെ മുന്നിൽ നീങ്ങുകയായിരുന്നു. അതായത് നബി(സ)തിരുമേനിയെ സൗഖ്യത്തോടുകൂടി സ്വവസതിയിലേക്ക് തിരിച്ചുകൊണ്ടു വരികയാണെന്ന് ലോകത്തോടു മുഴുവനും വിളിച്ചു പറയുന്നതുപോലെയായിരുന്നു. ഇത് സ്വന്തം ഒരു വിവരണത്തിന്റെ ശൈലിയാണ്. നഗരത്തിനടുത്ത് തന്റെ വൃദ്ധയായ മാതാവിനെയും സഅ്ദ് കാണുകയുണ്ടായി. വാർധക്യത്താൽ അവരുടെ കാഴ്ച മങ്ങിത്തുടങ്ങിയിരുന്നു. ഉഹുദിൽ അവരുടെ ഒരു മകൻ അംറ് ബിൻ മുആദ് വധിക്കപ്പെട്ടിരുന്നു. ഇതിന്റെ വിശദാംശങ്ങൾ നേരത്തേ പറഞ്ഞു കഴിഞ്ഞതാണ്. നബി(സ)തിരുമേനി പറഞ്ഞു: ഉമ്മാ, നിങ്ങളുടെ മകൻ ശഹീദായതിൽ എനിക്ക് അതിയായ ദു:ഖമുണ്ട്! അപ്പോൾ നന്മയുടെ നിറകുടമായ അവർ പറഞ്ഞു: അങ്ങയെ ജീവനോടുകൂടി കണ്ടതോടെ ഞാനെന്റെ സകല സങ്കടങ്ങളും എന്റെ നിർഭാഗ്യങ്ങളുമെല്ലാം വറുത്തുതിന്നിരിക്കുന്നു.

വറുത്തുതിന്നുക എന്നത് ഒരു കൗതുകകരമായ ശൈലിയാണ്. അതെത്രമാത്രം ഗഹനമായ സ്നേഹത്തെയാണ് സൂചിപ്പിക്കുന്നതെന്ന് നോക്കൂ. ദുഃഖം പൊതുവിൽ ആളുകളെ കാർന്നു തിന്നുകയാണ് പതിവ്. വാർധക്യത്തിൽ തന്റെ ഊന്നുവടിയായ മകൻ മരണപ്പെട്ടിട്ടും എത്ര സ്ഥൈര്യത്തോടെയാണ് ആ സ്ത്രീ പറയുന്നത്,എന്റെ മകന്റെ വിയോഗം എന്നെ എന്തുകാർന്നു തിന്നാനാണ്, അങ്ങ് ജീവിച്ചിരിക്കുന്നുവെങ്കിൽ ഞാൻ ആ ദുഃഖം വറുത്തുതിന്നുന്നതായിരിക്കും.

എന്റെ മകന്റെ മരണം എന്നെ കൊല്ലുന്നതിന് നിമിത്തമാകുന്നതല്ല. പ്രത്യുത എന്റെ മകൻ നബി(സ)തിരുമേനിയ്ക്കു വേണ്ടിയാണ് ജീവൻ ത്യജിച്ചതെന്ന കാര്യം എനിക്ക് ശക്തി പകരാൻ നമിത്തമായിരിക്കും. ഈ വികാരമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അൻസ്വാറിനുവേണ്ടി ദുഃആകൾ ചെയ്തുകൊണ്ടും തന്റെ വികാരവായ്പ് പ്രകടിപ്പിച്ചുകൊണ്ടും പറയുന്നു: അല്ലയോ അൻസ്വാറേ! എന്റെ ജീവൻ നിങ്ങൾക്കുമേൽ തെണ്ടമാണ്. നിങ്ങളെത്രമാത്രം പുണ്യമാണ് എടുത്തുകൊണ്ടുപോയത്!(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 255-257)

മദീനയിലെ മുനാഫിഖീങ്ങളുടെയും യഹൂദികളുടെയും ചെയ്തികളും അതിന്നെതിരിൽ ഹദ്റത്ത് ഉമറിന്റെ നിലപാടും നബി(സ)തിരുമേനിയുടെ മഹത്തായ മാതൃകയും എന്തായിരുന്നുവെന്ന് നോക്കാം. എഴുതുന്നു: നബി(സ)തിരുമേനി ഉഹുദുയുദ്ധത്തിനുശേഷം മദീനയിലെത്തിയ സന്ദർഭത്തിൽ മുനാഫിഖീങ്ങളും യഹൂദികളും സന്തോഷം പ്രകടിപ്പിക്കുകയും മുസ്‌ലിമീങ്ങളെ ദുഷിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: മുഹമ്മദ്(സ)നഊദുബില്ലാഹ് രാജാധികാരം കൈക്കലാക്കാൻ ആഗ്ര ഹിക്കുകയാണ്. ഇദ്ദേഹത്തിന് നഷ്ടമുണ്ടായതുപോലെ മറ്റൊരു നബിക്കും നഷ്ടമുണ്ടായിട്ടില്ല. തനിക്കു തന്നെയും അനുചരന്മാർക്കും പരിക്കുപറ്റി. നിങ്ങളുടെ കൊല്ലപ്പെട്ട ആളുകൾ ഞങ്ങളോടൊപ്പം നിന്നിരുന്നുവെങ്കിൽ ഒരിക്കലും കൊല്ലപ്പെടുമായിരുന്നില്ല. ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയോടു ഇങ്ങനെ വർത്തമാനം പറയുന്ന മുനാഫിഖീങ്ങളെ കൊല്ലാൻ അനുമതി തേടിയപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തോടു ചോദിച്ചു: അവർ ലാ ഇലാഹ ഇല്ലല്ലാഹ് അതായത് അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്ന് സാക്ഷ്യം വഹിക്കുന്നവരല്ലേ? ഞാൻ, മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്ന് പറയുന്നവരുമല്ലേ? അതായത് ഇവർ കലിമ ചൊല്ലുന്നവരല്ലേ? അപ്പോൾ ഉമർ പറഞ്ഞു: എന്തുകൊണ്ടല്ല, തീർച്ചയായും അവർ കലിമ ചൊല്ലുന്നവരാകുന്നു. പക്ഷേ, അതോടൊപ്പം കപടപരമായ വർത്തമാനങ്ങളും പറയുന്നുണ്ട്. ഹദ്റത്ത് ഉമർ പറഞ്ഞു:വാൾ ഭയന്നുകൊണ്ടാണ്, അവർ കലിമ ചൊല്ലുന്നതും മുഹമ്മദ് റസൂലുല്ലാഹ് എന്നു പറയുന്നതും. ഇപ്പോൾ അവരുടെ അവസ്ഥ പ്രകടമാകു കയും അവരുടെ ഉള്ളിലിരിപ്പ് പുറത്തുവരികയും അവരുടെ ശത്രുത വ്യക്തമാകുകയും ചെയ്തിരിക്കെ അവരോടു പ്രതികാരം ചോദിക്കുകയും അവർക്കു ശിക്ഷ കൊടുക്കുകയും വേണം.

നബി(സ)തിരുമേനി പറഞ്ഞു: ശഹാദത്ത് കലിമ ചൊല്ലുന്നവരെ, കലിമ പ്രകടിപ്പിക്കുന്നവരെ കൊല്ലുന്നതിൽനിന്ന് ഞാൻ തടയപ്പെട്ടിരിക്കുന്നു. (അസ്സീറത്തുൽഹൽബിയ്യ, ഭാഗം 2, പേജ് 348, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2002)

ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്നു പറയുന്നവരെ വധിക്കുന്നതിൽനിന്ന് ഞാൻ തടയപ്പെട്ടിരിക്കുന്നു. ഇതു നാമമാത്രരായ ഉലമാഇനെ നിരുദ്ധകണ്ഠരാക്കാൻ മതിയായതാണ്. അഹ്മദികൾ ഹൃദയാത്മനാ കലിമ ചൊല്ലുമ്പോഴും കപടതയുടെ ഒരു ലാഞ്ചനപോലും നമ്മുടെ വാക്കുകളിൽ ഇല്ലാതിരുന്നിട്ടും ഈ ഉലമാ നമ്മളെപ്പറ്റി, ഇവർ കാഫിറാണെന്നും വധാർഹരാണെന്നും പറയുന്നു. പല ശഹാദത്തുകളും അങ്ങനെയാണ് സംഭവിച്ചിട്ടുള്ളത്. ഈ നാമമാത്ര ഉലമാ ഇസ്‌ലാമിന്റെ പേര് കളങ്കപ്പെടുത്തിവെച്ചിരിക്കുകയാണ്.

ഉഹുദിലെ ശുഹദാഇന്റെ ജനാസ നമസ്കരിച്ചതുമായി ബന്ധപ്പെട്ട വിവിധ നിവേദനങ്ങൾ ഞാൻ വിവരിച്ചു കഴിഞ്ഞതാണ്. പക്ഷേ, ഇവിടെ ഞാൻ സ്വഹീഹ് ബുഖാരിയിലെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കാനാണ് ആഗ്രഹിക്കുന്നത്. അതിൽനിന്ന് ഉഹുദുയുദ്ധത്തിൽ പങ്കെടുത്ത സ്വഹാബാക്കളുടെ സ്ഥാനമാനത്തെയും നബി(സ)തിരുമേനി അവർക്കുവേണ്ടി ചെയ്ത ദുആയെയും സംബന്ധിച്ച് മനസ്സിലാകുന്നതായിരിക്കും. ഹദ്റത്ത് ഉഖ്ബ ബിൻ ആമിർ(റ)നിവേദനം. ജീവിച്ചിരിക്കുന്നവർക്കും മരണപ്പെട്ടവർക്കും യാത്രയയപ്പു നൽകുന്നതുപോലെ നബി(സ)തിരുമേനി 8 വർഷത്തിനുശേഷം ഉഹുദിലെ ശുഹദാഇന്റെ ജനാസ നമസ്കരിപ്പിക്കുകയുണ്ടായി. അതിനുശേഷം നബി(സ)തിരുമേനി മിമ്പറിൽക്കയറി പറഞ്ഞു: ഞാൻ നിങ്ങൾക്കു വഴികാട്ടിയും സാക്ഷിയുമാകുന്നു. നിങ്ങളെ ഹൗളിൽവച്ചു കാണാം. ഈ നിൽക്കുന്ന സ്ഥലത്തുനിന്നു ഞാനതു കാണുന്നു. ഞാൻ നിങ്ങളെ സംബന്ധിച്ച് നിങ്ങൾ ശിർക്കിൽ അകപ്പെടുമോ എന്ന് ആശങ്കപ്പെടുന്നില്ല. പക്ഷേ, നിങ്ങൾ ഭൗതികതയിൽ അകപ്പെടുമോ എന്നും അതിനുവേണ്ടി പരസ്പരം മത്സരിക്കുമോ എന്നും ഞാൻ ഭയപ്പെടുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി ബാബു ഗസ്വ ഉഹുദ്, ഹദീഥ് 4042) പിന്നീടുണ്ടായ സംഭവങ്ങൾ നബി(സ)തിരുമേനിയുടെ ഈ ഭയാശങ്ക ശരിയായിരുന്നുവെന്ന് സ്ഥാപിക്കുകയുണ്ടായി.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളുടെ സഹോദരങ്ങൾ ഉഹുദിൽ ശഹീദായപ്പോൾ അല്ലാഹു അവരുടെ ആത്മാക്കളെ പച്ചവർണത്തിലുള്ള പക്ഷികളുടെ ഉദരത്തിൽവച്ചു. അവ സ്വർഗത്തിലെ ഓളങ്ങളിൽ ഇറങ്ങുകയും അതിന്റെ ഫലങ്ങൾ ഭുജിക്കുകയും അർശിന്റെ തണലിൽ ഞാന്നു കിടക്കുന്ന സ്വർണത്തിന്റെ വിളക്കുമാടങ്ങളിൽ വസിക്കുകയും ചെയ്യുന്നു. അവർക്കിഷ്ടമുള്ളത് തിന്നുകയും കുടിക്കുകയും തങ്ങൾ ആഗ്രഹിച്ചപോലെ വിശ്രമിക്കുകയും ചെയ്തു കഴിഞ്ഞപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ സഹോദരങ്ങൾ ജിഹാദിൽനിന്ന് വിരക്തി കാണിക്കാതിരിക്കാനും യുദ്ധസമയത്ത് ആണികൾ പറിച്ചു മാറ്റാതിരിക്കാനും ഞങ്ങൾ സ്വർഗത്തിൽ ജീവനൊടെയുണ്ടെന്നും ഞങ്ങൾക്ക് ഭക്ഷണം ലഭിക്കുന്നുവെന്നും ഞങ്ങളുടെ സഹോദരങ്ങൾക്ക് ആരാണ് അറിയിച്ചു കൊടുക്കുക? അല്ലാഹു പറഞ്ഞു: ഞാൻ നിങ്ങൾക്കുവേണ്ടി അറിയിച്ചു കൊടുക്കാം. പിന്നെ അല്ലാഹു ഈ ആയത്ത് ഇറക്കി: വലാ തഹ്സബന്നല്ലദീന ഖുതിലൂ ഫീ സബീലില്ലാഹി അംവാത്താ(3:170)

അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെടുന്നവരെ മരിച്ചവരെന്ന് നിങ്ങൾ കരുതരുത്.(സുനൻ അബീദാവൂദ്, കിതാബുൽജിഹാദ് ബാബു ഫീ ഫള്‌ലിശ്ശഹാദ ഹദീഥ് 2025)

ചിലപ്പോൾ ഖുർആൻ വ്യാഖ്യാതാക്കൾ, എഴുത്തുകാർ അല്ലെങ്കിൽ ചില ഹദീഥ് വിവരിക്കുന്നവരും ഓരോ കാര്യത്തിലും ഈ ആയത്തിന്റെ അവതരണ പശ്ചാത്തലം ഇതുതന്നെ ആയിക്കൊള്ളണമെന്നില്ലെ ന്ന് പറയാറുണ്ട്. ഇതിനു മുമ്പേയും എല്ലാ ശഹീദുമാരെക്കുറിച്ചും വലിയ സ്ഥാനമുള്ള ബദ്‌രിലെ ശുഹദാഇനെ പറ്റിയും എന്നല്ല സൂറ ബഖറയിലും ഈ ആയത്തുണ്ട്.

വേറൊരു നിവേദനം ലഭിക്കുന്നുണ്ട്. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)വിവരിക്കുന്നു:നബി(സ) തിരുമേനി പറയാറുണ്ടായിരുന്നു: എനിക്ക് ഉഹുദിലെ ശുഹദാഇനെ കുറിച്ച് ഓർമ വരുമ്പോൾ അല്ലാഹുവാണെ സത്യം! ഞാനും മലയിടുക്കിൽ എന്റെ കൂട്ടുകാരോടൊപ്പം ഉണ്ടായിരുന്നെങ്കിലെത്ര നന്നായേനെഎന്ന് ആഗ്രഹിക്കാറുണ്ട്. ഞാനും അവരോടൊപ്പം ശഹീദായിരുന്നെങ്കിൽ(ഹാ എത്ര നന്നായേനെ)എന്നും നബി(സ)തിരുമേനി പറയുമായിരുന്നു.(അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, വാള്യം 5, പേജ് 1627, കിതാബുൽമഗാസി വ സ്സറായാ ഹദീഥ് 4318, മക്തബ നിസാരെ മുസ്തഫാ 2000)

അബ്ദുല്ലാഹ് ബിൻ അബീ ഫർവഹ് തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരുമേനി ഉഹുദിലെ ശുഹദാഇന്റെ ഖബ്റുകൾ സന്ദർശിച്ചപ്പോൾ പറഞ്ഞു: അല്ലാഹുമ്മ ഇന്ന അബ്ദക്ക വ നബിയ്യക്ക യശ്ഹദു അന്ന ഹാ ഉലാഇ ശുഹദാഉ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**
**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.ABDUL AMEER
AHMADIYYA MUSLIM JAMAATH, MANJERI

വ അന്നഹു മൻ സാറഹും വ സല്ലമ അലയ്ഹിം ഇലാ യൗമിൽ ഖിയാമത്തി റദ്ദു അലയ്ഹി

അല്ലാഹുവേ, തീർച്ചയായും നിന്റെ ദാസനും ദൂതനുമായ ഞാൻ സാക്ഷ്യം വഹിക്കുന്നു, ഈ ശുഹദാഇനെ സന്ദർശിക്കുകയും ഖിയാമത്തുവരെ അവർക്കുമേൽ സലാം ചൊല്ലുകയും ചെയ്യുന്നവർക്ക് ഇവർ മറുപടി നൽകുന്നതാണ്.(അൽമുസ്തദർക് അലസ്സഹീഹയ്ൻ, വാള്യം 5, പേജ് 1627-1628, കിതാബുൽമഗാസി വ സ്സറായാ ഹദീഥ് 4320, മക്തബ നിസാരെ മുസ്തഫാ 2000)

നബി(സ)തിരുമേനി ഉഹുദിലെ ശുഹദാക്കളെ കുറിച്ച് പറഞ്ഞു: ഹാ ഉലാഇ അശ്ഹദു അലയ്ഹിം അതായത് ഞാൻ സാക്ഷ്യം വഹിക്കുന്ന ആളുകളിണിവർ. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) ചോദിച്ചു: യാ റസൂലല്ലാഹ്!ഞങ്ങൾ അവരുടെ സഹോദരന്മാരല്ലേ? അവർ മുസ്‌ലിമീങ്ങളായതുപോലെ ഞങ്ങളും മുസ്‌ലിമീങ്ങളാകുകയും അവർ ജിഹാദു ചെയ്തതുപോലെ ഞങ്ങളും ജിഹാദു ചെയ്യുകയും ചെയ്തിരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: അതേ! പക്ഷേ, എനിക്കുശേഷം നിങ്ങളെന്താണ് ചെയ്യുകയെന്ന് എനിക്കറിയില്ല. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)കരയാൻ തുടങ്ങി. പറഞ്ഞു: ഞങ്ങൾ അങ്ങയ്ക്കുശേഷം ജീവിച്ചിരിക്കുമോ?(അൽമുഅത്ത്വാ ഇമാം മാലിക്പേജ് 282, അൽജിഹാദു ബാബുശ്ശുഹദാഇ ഫീ സബീലില്ലാഹി, ഹദീഥ് 1004, പ്രസാധനം ദാറുൽഫിക്ർ ബെയ്റുത്ത്) ഒരുപക്ഷേ, തന്റെ ജീവിതം നബി(സ)തിരുമേനിയുടെ ജീവിതത്തേക്കൾ നീണ്ടതായിരിക്കുമെന്ന വ്യഥയിലായിരിക്കും ഹദ്റത്ത് അബൂബക്ർ(റ)കരയാൻ തുടങ്ങിയത്.

ഉബാദ ബിൻ അബീ സ്വാലിഹ് നിവേദനം. നബി(സ)തിരുമേനി എല്ലാ വർഷവും ഉഹുദിലെ ശുഹദാഇന്റെ ഖബ്ർ സന്ദർശിക്കാൻ പോകുമ്പോൾ ഇങ്ങനെ പറയുമായിരുന്നു: സലാമുൻ അലയ്ക്കും ബിമാ സ്വബർത്തും ഫനിഅ്മ ഉഖ്ബദ്ദാർ. സഹനം കൈക്കൊണ്ടതിന് നിങ്ങൾക്കു സമാധാനം ലഭിക്കുമാറാകട്ടെ, പര്യവസാനം എന്ന നിലയ്ക്ക് എത്ര നല്ല സങ്കേതമാണ്! നിവേദകൻ പറയുന്നു: ഹദ്റത്ത് അബൂബക്റും പിന്നെ ഹദ്റത്ത് ഉമറും തുടർന്ന് ഹദ്റത്ത് ഉഥ്മാനും അവരുടെ ഖബ്റുകൾ സന്ദർശിച്ചിരുന്നു.(താരീഖുൽ മദീനത്തുൽമുനവ്വറത്തി വാള്യം 1, പേജ് 85-86, ഹദീഥ് 381, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: നബി(സ)തിരുമേനി തന്റെ മരണം അടുത്തഘട്ടത്തിൽ പ്രത്യേകമായും ഉഹുദിലെ ശുഹദാഇനുവേണ്ടി ജനാസ നമസ്കരിക്കുകയും വളരെ ഹൃദയ വേദനയോടെ അവർക്കുവേണ്ടി ദുആ ചെയ്യുകയുമുണ്ടായി. നബി(സ)തിരുമേനി ഉഹുദിലെ ശുഹദാഇനെ വളരെയേറെ സ്നേഹത്തോടെയും ആദരവോടെയുമാണ് കണ്ടിരുന്നത്. ഒരിക്കൽ ഉഹുദിൽ ശുഹദാഇന്റെ ഖബ്റിന്റെ അടുത്തൂടെ പോകാനിടവന്നപ്പോൾ പറഞ്ഞു: ഇവരുടെ വിശ്വാസത്തിന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഹദ്റത്ത് അബൂബക്ർ(റ)ചോദിച്ചു: യാ റസൂലല്ലാഹ്! ഞങ്ങൾ അവരുടെ സഹോദരന്മാരല്ലേ? ഞങ്ങളും അവരെപ്പോലെ വിശ്വസിക്കുകയും അവരെപ്പോലെ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദു ചെയ്യുകയും ചെയ്തവരല്ലേ? നബി(സ)തിരുമേനി പറഞ്ഞു: അതേ! പക്ഷേ, എനിക്കുശേഷം നിങ്ങളെന്തുചെയ്യുമെന്ന് എനിക്കെന്തറിയാം? അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) ഒരുപാട് കരയുകയുണ്ടായി. എന്നിട്ടു പറഞ്ഞു: യാ റസൂലല്ലാഹ്! ഞങ്ങൾക്ക് അങ്ങയുടെ കൂടെ ജീവിച്ചിരിക്കാൻ കഴിയില്ലേ? ഈ ചിന്തപോലും ഞങ്ങളെ ഇല്ലായ്മ ചെയ്യാൻ പര്യാപ്തമാണ്. തുടർന്ന് അദ്ദേഹം എഴുതുന്നു: സ്വഹാബാക്കളും ഉഹുദിലെ ശുഹദാഇനെ ആദരപൂർവം ഓർക്കുകയും ഉഹുദിലെ ഓർമകളെ ഒരു പരിശുദ്ധ കാര്യമെന്ന നിലക്ക് മനസ്സുകളിൽ സജീവമാക്കി നിറുത്തുകയും ചെയ്തിരുന്നു. ഒരിക്കൽ നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന്റെ(റ) മുന്നിൽ അത്യാവശ്യം നല്ല നിലയിൽ ഇഫ്താരി (നോമ്പുതുറ)ക്കുള്ള ഭക്ഷണം കൊണ്ടുവരികയുണ്ടായി. അപ്പോൾ അദ്ദേഹത്തിന് ഉഹുദിന്റെ കാലം ഓർമ വന്നു, അന്ന് ശുഹദാഇനെ കഫൻ ചെയ്യാൻ തുണിപോലും ആവശ്യത്തിനില്ലായിരുന്നു. അവരുടെ ശരീരത്തെ മറക്കുന്നതിന് പുല്ല് അരിഞ്ഞ് വെക്കേണ്ടി വന്നിരുന്നു. ആ ഓർമകൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിനെ അസ്വസ്ഥനാക്കുകയും അനിയന്ത്രിതമായി അദ്ദേഹം കരയുകയും ചെയ്തു. അദ്ദേഹം ഭക്ഷണം ഒഴിവാക്കി എഴുന്നേറ്റു, അദ്ദേഹമാകട്ടെ അന്ന് നോമ്പുകാരനായിരുന്നു.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സഹിബ്സാദ മിർസാ ബശീർ അഹ് മദ് സാഹിബ്(റ) എം.എ. പേജ് 502)

ഉഹുദിലെ ശുഹദാഇന്റെ കുടുംബക്കാരെ സമാശ്വാസിപ്പിക്കുന്നതിന്റെയും ശുഹദാഇന്റെ കുട്ടികളോടു വത്സല്യം കാണിക്കുന്നതിന്റെയും പരാമർശങ്ങളും കാണപ്പെടുന്നുണ്ട്.

ഹദ്റത്ത് ബിശ്റിന്റെ പിതാവ് ഹദ്റത്ത് അഖ്റബയെ സംബന്ധിച്ച് ഉഹുദ് യുദ്ധത്തിലെ ശുഹദാഇന്റെ കൂട്ടത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് അഖ്റബ ശഹീദായപ്പോൾ അദ്ദേഹത്തിന്റെ മകൻ ബിശ്ർ അദ്ദേഹത്തിനടുത്തിരുന്ന് കരയുകയായിരുന്നു. നബി(സ)തിരുമേനി അതുവഴി കടന്നുപോകുമ്പോൾ പറഞ്ഞു: ഉസ്കുത്ത് അമാ തർളാ അൻ അകൂന അനാ അബൂക്ക വ ആഇശത്തു ഉമ്മുക്ക നിശബ്ദനായിരിക്കുക. ഞാൻ നിന്റെ പിതാവും ആഇശ നിന്റെ മാതാവുമാകുന്നതിൽ നീ സന്തോഷിക്കുകയില്ലേ? ബിശ്ർ പറഞ്ഞു: എന്തുകൊണ്ടില്ല, ഞാൻ പൂർണമായും അതിൽ തൃപ്ത നാകുന്നു. അദ്ദേഹത്തിന്റെ പഴയപേര് ബഹീർ എന്നായിരുന്നു. നബി(സ)തിരുമേനി അത് ബശീർ എന്നാക്കി. അദ്ദേഹത്തിന് വിക്കുണ്ടായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ വായിൽ ഊതിയപ്പോൾ വിക്ക് മാറുകയും ചെയ്തു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ശിരസ്സിൽ തന്റെ പരിശുദ്ധ കരങ്ങൾകൊണ്ട് തലോടുകയും ചെയ്തു. അദ്ദേഹത്തിന്റെ വാർധക്യകാലത്ത് തല മുഴുവൻ നരച്ചെങ്കിലും നബി(സ) തിരുമേനി തലോടിയ ഭാഗത്തുള്ള മുടി പതിവുപോലെ കറുത്തതായിത്തന്നെ ഇരുന്നു. അദ്ദേഹം ദീർഘായുസ്സോടെ ഇരിക്കുകയും 85-ാമത്തെ വയസിൽ ഫലസ്തീനിൽവച്ച് മരണപ്പെടുകയുമുണ്ടായി.(സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 6, പേജ് 35, ദാറുസ്സലാം റിസർച്ച് സെന്റർ) (എടുത്തത്, അൽഇസ്വാബ, വാള്യം 4, പേജ് 43, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(എടുത്തത് ഉസുദുൽഗാബ വാള്യം 1, പേജ് 388, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)നെ സാന്ത്വനപ്പിച്ച സംഭവവും കാണാൻ കഴിയുന്നുണ്ട്. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ റസൂലുല്ലായെ(സ) കണ്ടപ്പോൾ എന്നോടു പറഞ്ഞു: ജാബിറേ, നിനക്കു വളരെ വിഷമമുള്ളതായി കാണുന്നുണ്ടല്ലോ?ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്, എന്റെ പിതാവ് ഉഹുദ് യുദ്ധത്തിൽ ശഹീദായി. കടവും മക്കളെയും ബാക്കിയാക്കിയിട്ടാണ് അദ്ദേഹം പോയത്. നബി(സ)തിരുമേനി പറഞ്ഞു: നിന്റെ പിതാവുമായി അല്ലാഹു നടത്തിയ കൂടിക്കാഴ്ചയെപ്പറ്റി ഞാൻ നിനക്ക് സുവാർത്ത നൽകട്ടെ? ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്, തീർച്ചയായും പറഞ്ഞു തന്നാലും. അല്ലാഹു പർദയുടെ പിന്നിൽ നിന്നല്ലാതെ ആരോടും സംസാരിച്ചിട്ടില്ല, എന്നാൽ, അല്ലാഹു നിന്റെ പിതാവിനെ ജീവിപ്പിക്കുകയും മുഖാമുഖം അദ്ദേഹത്തോടു സംസാരിക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തോടു പറഞ്ഞു: എന്റെ ദാസാ, എന്നോടു ചോദിച്ചു കൊള്ളുക, ഞാൻ നിനക്ക് നൽകാം. അദ്ദേഹം പറഞ്ഞു: എന്റെ നാഥാ, ഞാൻ ഇനിയും നിന്റെ മാർഗത്തിൽ കൊല്ലപ്പെടുന്നതിന് എനിക്ക് വീണ്ടും ജീവിതം നൽകിയാലും.

മറ്റൊരു നിവേദനത്തിൽ പറയുന്നു: പ്രസ്തുത സന്ദർഭത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് പറഞ്ഞു: അല്ലയോ എന്റെ നാഥാ, ഞാൻ നിന്റെ ആരാധന യഥാവിധം അനുഷ്ഠിച്ചിട്ടില്ല. എന്നെ വീണ്ടും ഭൂമി യിൽ അയച്ചാലും. ഞാൻ വീണ്ടും നിന്റെ നബി(സ)യുടെ കൂടെ യുദ്ധം ചെയ്ത് വീണ്ടും കൊല്ലപ്പെടാൻ ആഗ്രഹിക്കുന്നു. അപ്പോൾ അല്ലാഹു പറഞ്ഞു, ഒരിക്കൽ മരണപ്പെടുന്നവൻ വീണ്ടും ലോകത്തേക്ക് തിരിച്ചയക്കപ്പെടുകയില്ലെന്ന് ഞാൻ തീരുമാനിച്ചിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് അല്ലാഹു വിനോട് പറഞ്ഞു: എന്റെ പിന്നിലായിപ്പോയവർക്കും ഇക്കാര്യം എത്തിച്ചാലും. അപ്പോൾ അല്ലാഹു ഈ ആയത്ത് ഇറക്കി:

വലാ തഹ്സബന്നല്ലദീന ഖുതിലൂ ഫീ സബീലില്ലാഹി അംവാത്തൻ ബൽ അഹ്യാഉൻ ഇൻദറബ്ബിഹിം യുർസഖൂൻ (3:170)അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചവരാണെന്ന് നീ ഒരിക്കലും ധരിക്കരുത്. അല്ല, അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ളവരാണ്. അവർക്ക് ആഹാരം നൽകപ്പെടുകയും ചെയ്യുന്നു.(സുനൻ അത്തുർമിദി, അബ്‌വാബു തഫ്സീറുൽ ഖുർആൻ ബാബു വമിൻ സൂറത്തി ആലു ഇംറാൻ, ഹദീഥ് 3010)(ദലാഇലുന്നുബുവ്വത്തി അസ് ബയ്ഹഖി ഭാഗം 3, പേജ് 298, ദാറുർറയ്യാൻ ലിതുറാഥിൽ ഖാഹിറത്തി 1988)(അൽഇസ്തീആബ്, ഭാഗം 3, പേജ് 955-956, ദാറുൽജീൽ, ബെയ്റുത്ത്)

ഏതായാലും ഞാൻ നേരത്തേയും പറഞ്ഞതുപോലെ ഇത് ഈ ആയത്തിന്റെ അവതരണ പശ്ചാത്തലമാണെങ്കിലും അല്ലെങ്കിലും ശഹീദുമാർ ജീവിച്ചിരിക്കുന്നുവെന്നതും അവർക്ക് മരിച്ച ഉടൻ തന്നെ സ്വർഗത്തിലെ ഉന്നത പദവിയും സ്ഥാനവും ലഭ്യമാകുന്നുവെന്നതും വാസ്തവമാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറിന്റെ അല്ലാഹുവുമായുള്ള സംഭാഷണത്തിന്റെ വിശദീകരണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ ഒരു പ്രഭാഷണത്തിൽ വിവരിച്ചിട്ടുണ്ട്. അതിൽ നബി(സ)തിരുമേനിക്ക് സ്വഹാബാക്കളോടുണ്ടായിരുന്ന ബന്ധവും സ്നേഹവും അല്ലാഹുവിന്റെ സ്നേഹദൃഷ്ടി പതിയുന്നതുമെല്ലാം വിവരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: ഈ സംഭവത്തിൽ പല തരത്തിലുള്ള സൗന്ദര്യം നല്ലവണ്ണം നിറച്ചുവെച്ചിരിക്കുകയാണ്. ഏത് ഭാഗത്തു നിന്ന് നോക്കിയാലും പുതിയൊരു സൗന്ദര്യം കാണാൻ കഴിയുന്നതായിരിക്കും. മറ്റു വിഷയങ്ങൾക്കൊക്കെ അതീതമായി നബി(സ)തിരുമേനിക്ക് തന്റെ നാഥനുമായുള്ള സ്ഥായിയായ ബന്ധം എങ്ങനെയുള്ളതായിരുന്നുവെന്ന് നമുക്ക് മനസ്സിലാകുന്നുണ്ട്. ദാസന്മാരോടു വാത്സല്യം കാണിക്കുകയും റബ്ബുമായി ഹൃദയം കൊരുത്തു വെക്കുകയും ചെയ്തിരിക്കുന്നു. ഒരു ഭാഗം തന്റെ സ്വഹാബാക്കളിലേക്ക് ചാഞ്ഞിരിക്കുകയും മറുഭാഗം അത്യുന്നതനായ തന്റെ കൂട്ടുകാരനുമായി ബന്ധിക്കപ്പെട്ടതുമായിരുന്നു. ആ മഹാത്മാവ് സമാധാനാന്തരീക്ഷത്തിലും ഉന്നതമായ ചക്രവാളത്തിൽ വിരാജിക്കുകയായിരുന്നു, യുദ്ധാവസ്ഥയിലും അതിൽനിന്ന് വേർപെടുകയുണ്ടായില്ല. ഒരു നേത്രം രണാങ്കണത്തിൽ മേൽനോട്ടം വഹിക്കുകയായിരുന്നെങ്കിൽ മറുനേത്രം പ്രേമഭാജനത്തിന്റെ

ദൃശ്യങ്ങൾ കാണുന്നതിൽ വ്യാപൃതമായിരുന്നു. ഒരു കാത് കാരുണ്യാതിരേകത്താൽ സ്വഹാബാക്കളിലേക്ക് കുനിഞ്ഞിരിക്കുകയും മറു കാത് അത്യുന്നതനായ തന്റെ നാഥന്റെ മധുരഭാഷണത്തിൽ വ്യാപൃതവുമായിരുന്നു. അതായത് കൈകൾ സക്രിയവും ഹൃദയം പ്രേമഭാജനത്തിലുമായിരുന്നു. നബി(സ)തിരുമേനി സ്വഹാബാക്കൾക്ക് സന്തോഷം പകരുമ്പോൾ അല്ലാഹു നബി(സ)തിരുമേനിക്ക് സന്തോഷം നൽകുകയായിരുന്നു. അബ്ദുല്ലാഹ് ബിൻ അംറിന്റെ മാനസികാവസ്ഥയെ മനസ്സിലാക്കിക്കൊണ്ട് വാസ്തവത്തിൽ അല്ലാഹു നബി(സ)തിരുമേനിക്ക് ഇങ്ങനെ സന്ദേശം നൽകുന്നു: എല്ലാവരേക്കാളും എന്നെ സ്നേഹിക്കുന്ന ദാസാ! എന്റെ വരിഷ്ഠ ദാസന്മാർക്കുള്ളിലും നിന്നോടുള്ള സ്നേഹം എങ്ങനെയാണ് വെച്ചിട്ടുള്ളതെന്ന് നോക്കുക, ഇഹലോകവാസം വെടിഞ്ഞതിനുശേഷവും നിന്നെക്കുറിച്ചുള്ള ചിന്തകളാണ് അവരെ അസ്വസ്ഥരാക്കു ന്നത്. അവിടെയും അവരുടെ ആവശ്യം നബി(സ)തിരുമേനിയുടെ കൂടെ ശത്രുക്കളെ നേരിടണമെന്നതാണ്. നിന്നെ രണാങ്കണത്തിൽ തനിച്ചാക്കിപോയ ചിന്ത അവരെ വേട്ടയാടുന്നുണ്ട്. നിനക്കുപകരം അവർ സ്വർഗത്തേയും ആഗ്രഹിക്കുന്നില്ല. മൂർച്ചയേറിയ വാളുകൾകൊണ്ട് വെട്ടിവീഴ്ത്തപ്പെടുകയും പിന്നെ നിന്നോടൊപ്പം നിൽക്കുകയും അങ്ങനെ വീണ്ടും വീണ്ടും നിന്നോടൊപ്പം നിൽക്കണമെന്നതുമാണ് അവരുടെ സ്വർഗം.

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഫലസ്ത്വീന്റെയും ലോകത്തിന്റെയും നല്ല അവസ്ഥകൾക്കുവേണ്ടി ദുആ ചെയ്യുക. അവസ്ഥകൾ വളരെ മോശമായിക്കൊണ്ടിരിക്കുകയാണ് ഇറാനെയും ആക്രമിക്കുകയും യുദ്ധം കൂടുതൽ പരക്കുക യും ചെയ്യുമോ എന്നതുമാണ് ആശങ്ക. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.

യമനിലെ കുറച്ചു തടവുകാരുടെ മോചനം നടന്നുവെന്ന വാർത്ത വന്നിരിക്കുന്നു. എന്നല്ല ഭൂരിപക്ഷം പേരെയും ഇന്നലെത്തന്നെ വിട്ടയക്കുകയുണ്ടായി. ബാക്കിയുള്ളവരുടെ മോചനത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഇവരെ സംബന്ധിച്ചിടത്തോളം അധികാരികളുടെ ഹൃദയങ്ങളെ വിമലീകരിക്കുമാറാകട്ടെ. പ്രത്യേകിച്ചും ഒരു സ്ത്രീ അതായത് സ്വദ്ർലജ്ന ഇമാഇല്ലായും തടവിലാണ്. അല്ലാഹു എത്രയുംവേഗം അവരുടെ മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ട് ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്. അവരെ പറ്റിയും ചുരുങ്ങിയ നിലയിൽ അനുസ്മരിക്കാം.

മുസ്ത്വഫാ അഹ്മദ് ഖാൻ സാഹിബ് കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഹദ്റത്ത് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെയും ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബയുടെയും മകനായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏറ്റവും ചെറിയ ദൗഹിത്രനും ചെറിയ മകൾ അമത്തുൽ ഹഫീള് ബീഗം സാഹിബയുടെ ഏറ്റവും ചെറിയ മകനുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വി ആയിരുന്നു. 1966-ൽ ടൗശ ചീൃവേലൃി ഏമെ ഇീാുമ്യ യിൽ സെൻട്രൽ മാനേജരായി ജോലി ആരംഭിച്ചു. പിന്നെ റിട്ടയർമെന്റിനുശേഷം വീണ്ടും ഈ കമ്പനിയിൽ ഡയറക്ടർ ആകുകയും ചെയ്തു. 74-ൽ അവസ്ഥകൾ മോശമായപ്പോൾ കമ്പനി ഇദ്ദേഹത്തെ തികച്ചും ഒരു ഭാഗത്ത് ഒതുക്കി. ശരിയായ നല്ലജോലികൾ ഏൽപ്പിക്കാതെയായി. അതേപ്പറ്റി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്)നോട് കൂടിയാലോചന നടത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: പരിഭ്രമി ക്കേണ്ടതില്ല. അവസ്ഥകൾ നന്നാകുന്നതാണ്. നിങ്ങൾ അവിടെത്തന്നെ കഴിച്ചു കൂട്ടുക. പിന്നെ അല്ലാഹു അനുഗ്രഹിക്കുകയും അദ്ദേഹത്തിനു അനുകൂലമായി അവസ്ഥകളാകുകയും ചെയ്തു.

നല്ല സാധുസംരക്ഷകനും ബന്ധങ്ങൾ നിലനിറുത്തുന്ന ആളുമായിരുന്നു. അദ്ദേഹം രണ്ടു വിവാഹം കഴിച്ചിട്ടുണ്ട്. ആദ്യത്തെ ഭാര്യ വഫാത്തായപ്പോൾ രണ്ടാമത് അവരുടെ സഹോദരിയെയാണ് വിവാഹം ചെയ്തത്. ആദ്യ വിവാഹത്തിൽ അവർക്ക് മക്കളുണ്ടായിരുന്നു. അവരേയും സ്വന്തം മക്കളെപ്പോലെ സംരക്ഷിച്ചു. സഹോദരിമാരുടെ നിർബന്ധത്തിലാണ് രണ്ടാമതു വിവാഹം കഴിച്ചത്. അത് ആദ്യത്തെ ഭാര്യയുടെ ചെറിയ സഹോദരിയായിരുന്നു. ഞാൻ പറഞ്ഞതുപോലെ അതിൽ രണ്ടു മക്കളുമുണ്ടായിരുന്നു. അവരുടെ ആദ്യവിവാഹം ത്വലാഖ് ആയതാണ്. കുറെക്കാലം ഇദ്ദേഹം തന്നെയാണ് അവരുടെ മക്കളേയും സംരക്ഷിച്ചത്. പിന്നീട് വിവാഹവും നടന്നു.

അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു: അമുസ്ലിമീങ്ങളോടും ഔദാര്യപൂർവം പെരുമാറിയിരുന്നു. സിന്ധിലെ ഒരു ഹിന്ദു കുട്ടിയുടെ വിദ്യാഭ്യാസ ചെലവുകൾ വഹിക്കുകയും നല്ലപോലെ പഠിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹം പിന്നീട് അസിസ്റ്റന്റ് കമ്മീഷണറാകുകയും ചെയ്തു. തനിക്ക് ഈ സ്ഥാനം കിട്ടാൻ കാരണം മുസ്തഫാ സാഹിബാണെന്ന് അദ്ദേഹം എപ്പോഴും പറയുമായിരുന്നു. ഏതായാലും അത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. വളരെയേറെ സാധുസംരക്ഷകനുമായിരുന്നു. അദ്ദേഹം തന്റെ മാതാപിതാക്കളുടെ പേരിൽ നാസ്വിറാബാദ് ഫോറത്തിൽ ഒരു ട്രസ്റ്റും തുടങ്ങിയിരുന്നു. ഈ ഫോറം അദ്ദേഹത്തിന് പിതാവിൽനിന്ന് സ്വത്തവകാശമായി കിട്ടിയതാണ്. അവിടെ കൃഷിയോടൊപ്പം ക്ലിനിക്കും ഉണ്ടാക്കിയിരുന്നു. അവിടെ കൃത്യമായി മെഡിക്കൽ ക്യാമ്പും നടത്തിയിരുന്നു. ഡോക്ടർ അബ്ദുൽ മന്നാൻ ശഹീദ് സാഹിബും ഈ മെഡിക്കൽ ക്യാമ്പിൽ പോകുമായിരുന്നു. ക്ലിനിക്കിനുവേണ്ടി പുറത്ത് നിന്ന് ആരോടും ഒന്നും ആവശ്യപ്പെട്ടിട്ടില്ല. സ്വന്തമായാണ് അതിന്റെ ചെലവുകൾ വഹിച്ചിരുന്നത്. അദ്ദേഹം നല്ല അതിഥി സൽക്കാര പ്രിയനുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബും നല്ല അതിഥി സൽക്കാരപ്രിയനായിരുന്നു. ഇത് അദ്ദേഹത്തിന് പിതാവിൽനിന്ന് കിട്ടിയതായിരിക്കും. മക്കളോടും നല്ല സൗഹൃദബന്ധമായിരുന്നു. എല്ലാ ബന്ധങ്ങളും നല്ല നിലയിൽ കൊണ്ടു നടന്നിരുന്നു. അദ്ദേഹത്തിന്റെ രണ്ടാമത്തെ ഭാര്യ എഴുതുന്നു: എന്റെ മക്കളെയും സ്വന്തം മക്കളെപ്പോലെയാണ് ശ്രദ്ധിച്ചിരുന്നത്. കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ ശക്തി ചെലുത്തുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ സഹോദരിയുടെ മകൻ ഡോക്ടർ ഖാലിദ് തസ്നീം സാഹിബ് പറയുന്നു: അദ്ദേഹം വളരെയെറെ ജനോപകാരിയായിരുന്നു. സൂയി ഗ്യാസ് കമ്പനിയിൽ ഉന്നത ഉദ്യോഗസ്ഥനായിരുന്നു. ആർക്കെങ്കിലും എന്തെങ്കിലും ആവശ്യം നേരിട്ടാൽ മുടക്കം പറഞ്ഞിരുന്നില്ല. പ്രത്യേകിച്ചും സാധുക്കളെ നല്ലപോലെ പരിഗണിച്ചിരുന്നു. പറയുന്നു, ഒരിക്കൽ മിർസാ ഹനീഫ് അഹ്മദ് സാഹിബ് പറയുകയുണ്ടായി: അദ്ദേഹത്തിന്റെ അടുക്കൽ വല്ല സാധുവിനെയും എന്തെങ്കിലും ആവശ്യത്തിനു വിട്ടാൽ അത് അദ്ദേഹം തീർച്ചയായും ചെയ്തു കൊടുക്കുമായിരുന്നു. റബ്വയിലും നിരവധി വീടുകളിൽ സൂയി ഗ്യാസ് കണക്ഷൻ കൊടുക്കുന്നതിൽ അദ്ദേഹം നല്ലപോലെ സഹായിച്ചിട്ടുണ്ട്. 35 വർഷം മുമ്പേ അദ്ദേഹത്തിന് കാൻസർ രോഗം പിടിപെട്ടിരുന്നു. വലിയ ഓപ്പറേഷനും ചെയ്യേണ്ടി വന്നിട്ടുണ്ട്. ദൈനംദിന ജീവിതത്തിൽ അതിന്റെ ഒരുപാട് ബുദ്ധിമുട്ടുകളും സഹിക്കേണ്ടി വന്നിട്ടുണ്ട്. എന്നിട്ടും അദ്ദേഹത്തിന്റെ മുഖത്തുള്ള പ്രസന്നത നഷ്ടപ്പെട്ടിട്ടുണ്ടായിരുന്നില്ല. അതിഥി സൽക്കാരത്തിലും ജനസേവനത്തിലും ഒരു കുറവും വരുത്തിയതുമില്ല. അദ്ദേഹത്തിന്റെ സൗഹൃദവലയവും വളരെ വിപുലമായിരുന്നു. ജമാഅത്തിന്റെ എതിരാളികളും അദ്ദേഹത്തെ വളരെയേറെ ആദരിക്കുകയും ബഹുമാനിക്കുകയും വന്നു കാണുകയും ചെയ്തിരുന്നു. കാരണം അദ്ദേഹം എല്ലാവരോടും ഔദാര്യപൂർവം വർത്തിച്ചിരുന്നു. ആരുടെയും ഔദാര്യം കൈപ്പറ്റാതിരിക്കാൻ ശ്രമിച്ചിരുന്നു. മാത്രമല്ല മറ്റുള്ളവർക്ക് ഔദാര്യം ചെയ്യുമായിരുന്നു. ആരെങ്കിലും വല്ല ഉപകാരവും ചെയ്താൽ അതൊരിക്കലും മറന്നിരുന്നില്ല. ഞാനും അദ്ദേഹത്തിൽ ഈ മേന്മകളെല്ലാം കണ്ടിട്ടുണ്ട്. സാധുസംരക്ഷകനും നല്ല മകനുമായിരുന്നു. അദ്ദേഹം തന്റെ മാതാവിനെ നല്ലപോലെ ശുശ്രൂഷിക്കുകയുണ്ടായി. സഹോദരീ സഹോദരന്മാരിൽ ഏറ്റവും ഇളയ ആളായിരുന്നെങ്കിലും എറ്റവും വലുതാണെന്ന് പെരുമാറ്റത്തിലൂടെ കാണിക്കുകയുണ്ടായി. സ്വത്തവകാശത്തിന്റെ പൊതുവായ ചുമതല അദ്ദേഹത്തിന്റെ ഉമ്മ, ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബ അദ്ദേഹത്തെയാണ് ഏൽപ്പിച്ചിരുന്നത്. അതിലും അദ്ദേഹം നല്ല നിലയിൽ സംവിധാനം ചെയ്യുകയുണ്ടായി. പ്രസ്തുത ഫോറത്തെ ഉന്നതിയിലെത്തിക്കുകയുണ്ടായി. ഇക്കാരണം കൊണ്ടുതന്നെ സഹോദരീ സഹോദരന്മാർക്ക് അദ്ദേഹത്തിൽ പൂർണ തൃപ്തിയായിരുന്നു. കൂടാതെ അവിടെയുള്ള നിർധനരായ തൊഴിലാളികളെയും നല്ലപോലെ ശ്രദ്ധിച്ചിരുന്നു. ഏതായാലും അദ്ദേഹം വളരെ നല്ല ഭർത്താവും നല്ല പിതാവും നല്ല സഹോദരനുമായിരുന്നു. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും പെരുമാറട്ടെ.

രണ്ടാമത്തെ ജനാസ ഡോക്ടർ മീർ ദാവൂദ് അഹ്മദ് സാഹിബിന്റേതാണ്. അമേരിക്കയിലായിരുന്നു. കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഡോക്ടർ മീർ മുശ്താഖ് അഹ്മദ് സാഹിബിന്റെയും ബിൽക്കീസ് ബീഗം സാഹിബയുടെയും മകനായിരുന്നു. ഇദ്ദേഹത്തിന്റെ വിവാഹം ഹദ്റത്ത് മിയാൻ അബ്ദുർറഹീം അഹ്മദ് സാഹിബി

**• കലാമുൽ ഇമാം •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3, പേജ് 38)

**• കലാമുൽ ഇമാം •**

'അല്ലയോ എന്റെ ബൈഅത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ(ഇസാലെ ഔഹാം പേ. 825)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ന്റെയും സാഹിബ് സാദി അമത്തുർറശീദ് ബീഗം സാഹിബയുടെയും മകളായ അമത്തുന്നസ്വീർ സാഹിബയുമായി നടന്നു. സാഹിബ് സാദി അമത്തുർറശീദ് ബീഗം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ മകളും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പൗത്രിയുമായിരുന്നു. അങ്ങനെ ഇവർ (മർഹൂമിന്റെ ഭാര്യ) പ്രപൗത്രിയുമാണ്. സാഹിബ് സാദി അമത്തുർറശീദ് സാഹിബ ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ ദൗഹിത്രിയുമാണ്. ഡോക്ടർ ദാവൂദ് സാഹിബ് ലാഹോറിലെ യൂണിവേർസിറ്റി ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽനിന്ന് ബിരുദം കരസ്ഥമാക്കി. പിന്നീട് അമേരിക്കയിൽ പോകുകയും അവിടെനിന്ന് അദ്ദേഹം പി.എച്ച്.ഡി എടുക്കുകയും ചെയ്തു. അതിനുശേഷം വേൾഡ് ബാങ്കിൽ ജോലി ചെയ്തു. 35 വർഷം സീനിയർ ഡിപ്ലോമെന്റ് പ്രൊഫഷണൽ എന്ന നിലയ്ക്കും ഉന്നത കഴിവുകളുടെ വിനിയോഗത്തിലും അദ്ദേഹം വിവിധ രാജ്യങ്ങളിൽ പ്രത്യേകിച്ചും ഏഷ്യൻ രാജ്യങ്ങളിൽ വലിയ രീതിയിൽ അന്താരാഷ്ട്ര പുരോഗതിക്കും പുരോഗമന പദ്ധതികളിലും സേവനം ചെയ്തിട്ടുണ്ട്. അമേരിക്കയിലെ ജമാഅത്തിൽ ആദ്യകാല അംഗങ്ങളിൽപ്പെട്ട ആളായിരുന്നു. ഉന്നത ഉദ്യോഗസ്ഥനായിരിന്നിട്ടുകൂടി 1970 കളിൽ ലങ്കർഖാന ടീമിലും ഡ്യൂട്ടി ചെയ്തിട്ടുണ്ട്. കൂടാതെ വർഷങ്ങളോളം നാഷണൽ ജാഇദാദ് സെക്രട്ടറി എന്ന നിലയ്ക്കും സേവനം ചെയ്തിട്ടുണ്ട്. വളരെ ആവേശഭരിതനായി ദീനീ വികാരത്തോടുകൂടി പ്രവർത്തിച്ചിരുന്നു. മസ്ജിദ് ബയ്ത്തുർറഹ്മാനിന്റെ നിർമാണത്തിലും പ്രത്യേകിച്ച് അതിന്റെ വിപുലീകരണത്തിലും അദ്ദേഹം നല്ലപോലെ ഭാഗഭാക്കായിട്ടുണ്ട്. വലിയ ഉന്നത ഉദ്യോഗസ്ഥനായിരുന്നുവെങ്കിലും വളരെ വിനയാനതനായി ജമാഅത്തുപരമായ സേവനങ്ങൾ ചെയ്തിരുന്നു. ചൈനയിലും താമസിച്ചിട്ടുണ്ട്. അന്ന് അവിടെ പഠിച്ചു കൊണ്ടിരുന്ന മുറബ്ബി സാഹിബ് എനിക്കെഴുതുന്നു: വളരെ പ്രതികൂല സാഹചര്യമായിരുന്നിട്ടുകൂടി ചൈനയിൽ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാൻ ശ്രമിച്ചിരുന്നു. വളരെ വിനയസ്വഭാവിയായിരുന്നു. വലിയവരോടും ചെറിയവരോടും താഴ്മയോടെയും സന്തോഷത്തോടെയും പെരുമാറിയിരുന്നു. സാധ്യമാകുന്നിടത്തോളം സാമ്പത്തിക സഹായം ചെയ്യാനും ശ്രമിച്ചിരുന്നു. അതിഥി സൽക്കാരം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. സ്വന്തക്കാരോടും അന്യരോടും ഭാവവ്യത്യാസമില്ലാതെ വാത്സല്യം കാണിച്ചിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ.(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

## ഖുത്ബ ജുമുഅ

- ☐ ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം, അവർ മദീനയെ ആക്രമിക്കുകയാണെങ്കിൽ കന്മഴകൊണ്ട് അവരുടെ പേരുംചൂരും പോലും അവശേഷിക്കാത്തെ വിധത്തിൽ ഇന്നലെ കഴിഞ്ഞതുപോലെ അത് അടയാളപ്പെടുത്തപ്പെടുന്നതായിരിക്കും.
- ☐ ഇന്ന് നമ്മുടെ ശഹീദാക്കപ്പെട്ട എല്ലാവരേയും അല്ലാഹു സ്വർഗത്തിൽ ഒരുമിച്ചുകൂട്ടിയിരിക്കുന്നു. എല്ലാവരും അല്ലാഹുവിനോടു തങ്ങളുടെ സന്തപ്ത കുടുംബത്തിന് നല്ല മേൽനോട്ടക്കാരെ ലഭിക്കുന്നതിനുവേണ്ടി ദുആ ചെയ്തിട്ടുണ്ട്. (ഹദീഥ്)
- ☐ ഉഹുദ് യുദ്ധവും ഹംറാഉൽഅസദ് യുദ്ധവും ഉദ്ധരിച്ച് നബി(സ)തിരുമേനിയുടെ പരിശുദ്ധമായ ജീവചരിത്രത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന ചർച്ച.
- ☐ മധ്യപൂർവേഷ്യയിൽ വഷളായിക്കൊണ്ടിരിക്കുന്ന അവസ്ഥ മുന്നിൽക്കണ്ട് ദുആയ്ക്ക് ആഹ്വാനം
- ☐ ആഗോളയുദ്ധത്തിന് കൂടുതൽ പ്രേരിപ്പിക്കുന്ന ഈ ഭൗതിക നേതാക്കന്മാർക്ക് അല്ലാഹു വിവേകം നൽകുമാറാകട്ടെ. മുസ്‌ലിം ഉമ്മത്തിനും ഒന്നായിനിന്നുകൊണ്ട് തങ്ങളുടെ എതിരാളിയെ നേരിടാൻ കഴിയുന്നതിനും യുക്തി അവലംബിക്കാനും അല്ലാഹു വിവേകവും ബുദ്ധിയും നൽകുമാറാകട്ടെ.
- ☐ ജമാഅത്തിന്റെ മുറബ്ബിയും ജാമിഅ അഹ്മദിയ്യ മുൻ പ്രൊഫസറുമായ മൗലാനാ ഗുലാം അഹ്മദ് നസീം സാഹിബ്, അഹ്മദിയ്യ ജമാഅത്ത് അമേരിക്കയുടെ മുൻ അമീർ ഡോക്ടർ ഇഹ്സാനുല്ലാഹ് ള്വഫ്ർ സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2024 ഏപ്രിൽ 19/1403 ശഹാദത്ത് 19**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഉഹുദുയുദ്ധവുമായി ബന്ധപ്പെട്ട കുറെക്കൂടി സംഭവങ്ങൾ കേൾപ്പിക്കാം. അതിൽനിന്ന് നബി(സ)തിരുമേനിയുടെ ചരിത്രത്തിലെ മനോഹരമായ പല വശങ്ങളും മനസ്സിലാക്കാൻ കഴിയുന്നുണ്ട്.

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)നിവേദനം. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് മരണപ്പെട്ടവേളയിൽ അദ്ദേഹത്തിന് കടമുണ്ടായിരുന്നു. ഞാൻ നബി(സ)തിരുമേനിയോടു, കടം നൽകിയ ആളുകളോടു അൽപം വിട്ടുവീഴ്ച ചെയ്യുന്നതിന് അവരെ പറഞ്ഞു മനസ്സിലാക്കുന്നതിനു സഹായം തേടി. നബി(സ)തിരുമേനി അവരോടു അതേപ്പറ്റി ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും കടം കൊടുത്തവർ ഒരുവിട്ടുവീഴ്ചക്കും തയ്യാറായില്ല. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ പോയി നിങ്ങളുടെ ഈത്തപ്പഴങ്ങൾ വേർതിരിച്ചു വെക്കുക. വിവിധ ഇനത്തിലുള്ള ഈത്തപ്പഴങ്ങൾ വെവ്വേറെ കൂട്ടിയിടുക. പറയുന്നു: അജ്‌വ ഇനത്തിൽപ്പെട്ട ഈത്തപ്പഴം വേറെവെക്കുകയും ഇദ്ഖ് ബിൻ സയ്ദ് ഈത്തപ്പഴം വെറെ വെക്കുകയും ചെയ്യുക. അതിനുശേഷം എന്നെ അറിയിക്കുക. തുടർന്ന് ഞാൻ അങ്ങനെ തന്നെ ചെയ്തശേഷം നബി(സ)തിരുമേനിയുടെ അടുക്കൽ ആളെ അയച്ചു. നബി(സ)തിരുമേനി വന്ന് ഈത്തപ്പഴക്കൂനകൾക്കിടയിലിരുന്നു. എന്നിട്ടു പറഞ്ഞു: അവർക്ക് അളന്നു കൊടുക്കുക! അങ്ങനെ ഞാൻ അവർക്ക് അവകാശപ്പെട്ടത് അളന്നു കൊടുത്തു. പിന്നെയും ഈത്തപ്പഴം ബാക്കിയായിരുന്നു. അവയിൽ അൽപംപോലും കുറവു വന്നിട്ടില്ലെന്ന് തോന്നിയിരുന്നു.(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്, ഹദീഥ് 2127)

നബി(സ)തിരുമേനി ഉഹുദിലെ ശുഹദാഇനുവേണ്ടി ഇങ്ങനെ ദുആ ചെയ്തു: അല്ലാഹുവേ, ഉഹുദിലെ ശുഹദാഇന്റെ സന്തപ്ത കുടുംബത്തിന് ഉത്തമരായ സംരക്ഷകരെ നൽകേണമേ! ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് മുആദിന്റെ വൃദ്ധയും കണ്ണിന് മങ്ങലുമുള്ള മാതാവിനെപറ്റി നേരത്തെ പരാമർശിച്ചതാണ്. അവർ നബി(സ)തിരുമേനിയോടുള്ള സ്നേഹം കൊണ്ട് മദീനയ്ക്കു പുറത്തു വന്നതായിരുന്നു. കഴിഞ്ഞ ഖുത്വ്ബയിൽ അതിന്റെ വിശദീകരണം പറഞ്ഞിരുന്നു. ഈ വിശദീകരണത്തിനുശേഷം അദ്ദേഹം പറയുന്നു: നബി(സ)തിരുമേനി വൃദ്ധയെ കണ്ടപ്പോൾ തന്റെ സവാരി നിറുത്തി അവരുടെ മകന്റെ ശഹാദത്തിൽ അനുശോചനം അറിയിച്ചു. ഈ സംഭവങ്ങളിൽ നബി(സ)തിരുമേനിക്ക് പ്രയാസം അനുഭവിക്കുന്നവരോടുണ്ടായിരുന്ന സഹാനുഭൂതി എത്രമാത്രമായിരുന്നുവെന്ന് നോക്കുവിൻ. തുടർന്ന് നബി(സ)തിരുമേനി ആ വൃദ്ധയോടു പറഞ്ഞു: നിങ്ങൾക്ക് സുവാർത്തയായിരിക്കട്ടെ, യുദ്ധത്തിൽ അടുത്തബന്ധുക്കൾ ശഹീദാക്കപ്പെട്ട സഹോദരിമാർക്കും സന്തോഷവാർത്ത അറിയിക്കുക,

ഇന്ന് നമ്മുടെ ശഹീദാക്കപ്പെട്ട എല്ലാവരേയും അല്ലാഹു സ്വർഗത്തിൽ ഒരുമിച്ചുകൂട്ടിയിരിക്കുന്നു. എല്ലാവരും അല്ലാ

### • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

### • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**

ഹുവിനോടു തങ്ങളുടെ സന്തപ്ത കുടുംബത്തിന് നല്ല മേൽനോട്ടക്കാരെ ലഭിക്കുന്നതിനുവേണ്ടി ദുആ ചെയ്തിട്ടുണ്ട്.

ഇതു പറഞ്ഞതിനുശേഷം നബി(സ)തിരുമേനിയും ഉഹുദിലെ ശുഹദാക്കളുടെ സന്തപ്ത കുടുംബത്തിനുവേണ്ടി നല്ല മേൽനോട്ടക്കാരെ ലഭിക്കേണമേ എന്ന് ദുആ ചെയ്യുകയുണ്ടായി. ഇതിൽനിന്ന് നബി(സ)തിരുമേനി ഏതു രീതിയിലാണ് മദീനയിലെത്തുന്നതിനുമുമ്പേ ഉഹുദിലെ ശുഹദാഇന്റെ സന്തപ്തകുടുംബത്തെ സമാശ്വാസിപ്പിച്ചതെന്നും അവരോടു സഹാനുഭൂതി പ്രകടിപ്പിച്ചതെന്നും മനസ്സിലാകുന്നുണ്ട്. തനിക്കുതന്നെയും പരിക്കുപറ്റുകയും അടുത്തബന്ധുക്കൾ ശഹീദാകുകയും ചെയ്തിട്ടും നബി(സ)തിരുമേനി ഓരോ ചുവടിലും മദീനക്കാർക്കു സന്തോഷം പകരുകയായിരുന്നു. നബി(സ)തിരുമേനി തന്റെ പ്രയാസങ്ങളെ തെല്ലും പരിഗണിച്ചില്ല. നബി(സ)തിരുമേനി അല്ലാതെ മറ്റൊരു വ്യക്തിക്കും ഇത്ര പ്രയാസത്തിലും ദുഃഖത്തിലും അസ്വസ്ഥതയിലും മറ്റുള്ളവരോട് സഹാനുഭൂതി പ്രകടിപ്പിക്കാൻ കഴിയുമായിരുന്നില്ല. ഇത്തരം ഘട്ടത്തിൽ സഹാനുഭൂതി കാണിക്കുന്നത് പോകട്ടെ, മറ്റുള്ളവരോടു സംസാരിക്കാൻ പോലും ആരും തയ്യാറാകുകയില്ല. (മസ്വാഇബ് കെ നീച്ചെ ബർക്കത്തോം കെ ഖസാനെ മഖ്ഫീ ഹോത്തേഹൈ, അൻവാറുൽഉലൂം വാള്യം 19, പേജ് 57 - 58)

നബി(സ)തിരുമേനി ഒരു ശഹീദിന്റെ വിധവയ്ക്കുവേണ്ടി ചെയ്ത മറ്റൊരു ദുആയെ സംബന്ധിച്ചും കാണപ്പെടുന്നുണ്ട്. അതിങ്ങനെയാണ്, ഞാൻ അല്ലാഹുവിനോടു ദുആ ചെയ്യുന്നു: അല്ലാഹു നിങ്ങളുടെ ഭർത്താവിനേക്കാളും ഉത്തമനായ മേൽനോട്ടക്കാരനെ നൽകുമാറാകട്ടെ. ഇതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: നബി(സ)തിരുമേനിയെ സംബന്ധിച്ചിടത്തോളം ഉഹുദുയുദ്ധം ഏറെ ക്ഷമ പരീക്ഷിക്കുന്ന യുദ്ധമായിരുന്നു. അതിനുമുമ്പേ ഒരിക്കലും നബി(സ)തിരുമേനിക്കുനേരെ വധശ്രമമുണ്ടായിട്ടില്ല. ഉഹുദുയുദ്ധത്തിൽ വധോദ്യമം മാത്രമല്ല മറിച്ച് നബി(സ)തിരുമേനിയുടെ പല്ലുകൾ പൊട്ടിപ്പോകുകയും നബി(സ)തിരുമേനിക്ക് പരിക്കേൽക്കുകയും കൂടാതെ നബി(സ)തിരുമേനി മോഹാലസ്യപ്പെട്ടപ്പോൾ നബി(സ)തിരുമേനിയുടേയും സ്വഹാബാക്കളുടേയും ശരീരങ്ങൾ ചവിട്ടി മെതിച്ചുകൊണ്ട് അവർ നീങ്ങുകയും ചെയ്തു. ഇത്തരത്തിലുള്ള അനുഭവം നബി(സ)തിരുമേനിയുടെ ജീവിതത്തിലെ ആദ്യത്തെ അനുഭവമായിരുന്നു. പക്ഷേ, എന്നിട്ടും ഈ യുദ്ധത്തിലും നബി(സ)തിരുമേനി എങ്ങനെയാണ് ഉന്നതമായ ആത്മധൈര്യവും തന്റെ ശ്രേഷ്ഠമായ സ്വഭാവവും പ്രകടിപ്പിച്ചതെന്നും ആളുകളോടു സഹാനുഭൂതിയും സമാശ്വാസവും കാണിച്ചതെന്നും നമ്മൾ കണ്ടതാണ്. ഈ യുദ്ധ സംഭവങ്ങളിൽനിന്ന് നബി(സ)തിരുമേനിയുടെ സ്വഭാവം എത്ര ശ്രേഷ്ഠതരമായിരുന്നുവെന്നും മനസ്സിലാക്കാൻ കഴിയുന്നുണ്ട്. മാത്രമല്ല ഈ യുദ്ധത്തിൽ സ്വഹാബാക്കളുടെ അനിതര സാധാരണമായ ത്യാഗങ്ങളെപ്പറ്റിയും അറിയാൻ കഴിയുന്നുണ്ട്. അദ്ദേഹം തുടരുന്നു: യുദ്ധം അവസാനിച്ച ശേഷം നബി(സ)തിരുമേനി മദീനയിലേക്ക് തിരിച്ചുവരുന്ന സമയത്തുള്ള കാര്യമാണ് ഞാൻ പറയുന്നത്. മദീനയിലെ സ്ത്രീകൾ നബി(സ)തിരുമേനി ശഹീദായെന്ന വാർത്ത കേട്ട് വളരെ അസ്വസ്ഥരായിരുന്നു. പിന്നീടു അവർ നബി(സ)തിരുമേനി വരുന്നുണ്ടെന്നറിഞ്ഞപ്പോൾ നബി(സ)തിരുമേനിയെ സ്വീകരിക്കാൻ മദീനക്ക് പുറത്ത് കുറച്ചുദൂരംവരെ എത്തി. അതിൽ നബി(സ)തിരുമേനിയുടെ ഭാര്യാ സഹോദരി സയ്നബ് ബിൻത് ജഹ്ശുമുണ്ടായിരുന്നു. അവരുടെ അടുത്ത മൂന്നു ബന്ധുക്കൾ യുദ്ധത്തിൽ ശഹീദായിട്ടുണ്ടായിരുന്നു.

ഇവിടെ ഒരു കാര്യംകൂടി വിശദമാക്കട്ടെ, അൻവാറുൽ ഉലൂമിൽ ഈ സംഭവം രേഖപ്പെടുത്തിയത്, അല്ലെങ്കിൽ എഴുതിയെടുത്ത ആൾ എഴുതിയത്, അതിൽ പറഞ്ഞ പേര് അദ്ദേഹം അങ്ങനെതന്നെഎഴുതിയിരിക്കുന്നു എന്ന നിലയിലാണ്. അതിൽ കുറച്ച് പിശകുണ്ട്. ഹദ്റത്ത സയ്നബ് ബിൻത് ജഹ്ശ്, നബി(സ)തിരുമേനിയുടെ പരിശുദ്ധ സഹധർമിണിയാണ്. നബി(സ)തിരുമേനിയുടെ ഭാര്യാസഹോദരിയുടെ പേര് ഹദ്റത്ത് ഹംന ബിൻത് ജഹ്ശ് എന്നായിരുന്നു. ഇവർ ഹദ്റത്ത് മുസ്വ്അബ് ബിൻ ഉമയ്റിന്റെ ഭാര്യയായിരുന്നു. ഏതായാലും ഈ പേര് വന്ന സ്ഥലങ്ങളിലൊക്കെ മേലിലും ഞാൻ തിരുത്തിക്കൊണ്ടിരിക്കുന്നതാണ്.

നബി(സ)തിരുമേനി അവരെ കണ്ടപ്പോൾ പറഞ്ഞു: നിങ്ങളുടെ മരണപ്പെട്ടവർക്ക് അനുശോചനം നേർന്നു കൊള്ളുക. ഇത് ഒരു അറബി ശൈലിയാണ്. അതിന്റെ വിവക്ഷിതം നിങ്ങളുടെ പ്രിയപ്പെട്ടവർ മരണപ്പെട്ട വിവരം നിങ്ങളെ അറിയിക്കുന്നു എന്നാകുന്നു. ഹംനയുടെ ശരിയായ പേര് ഹംന ബിൻത് ജഹ്ശ് എന്നാകുന്നു. അവർ പറഞ്ഞു: മരണപ്പെട്ട ഏതാൾക്കാണ് അനുശോചനം നേരുക? നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളുടെ മാതുലൻ ഹംസ ശഹീദായിരിക്കുന്നു. അതുകേട്ടപ്പോൾ സയ്നബ് അഥവാ ഹംന ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്ന് ചൊല്ലിക്കൊണ്ട് പറഞ്ഞു, അല്ലാഹു അദ്ദേഹത്തിന്റെ പദവികളുയർത്തുമാറാകട്ടെ, അദ്ദേഹം എത്ര നല്ല മരണമാണ് വരിച്ചത്! തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: അടുത്ത നിങ്ങളുടെ മരണപ്പെട്ട ബന്ധുവിന്റെ കാര്യത്തിൽ അനുശോചനം നേർന്നുകൊള്ളുക. അവർ പറഞ്ഞു: അടുത്തതായി മരണപ്പെട്ട ഏതാളെപ്പറ്റിയാണ് അനുശോചനം നേരുക? നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളുടെ സഹോദരൻ അബ്ദുല്ലാഹ് ബിൻ ജഹ്ശ് ശഹീദായിരിക്കുന്നു. ഹംന പറഞ്ഞു: ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ, അൽഹംദുലില്ലാഹ്, അദ്ദേഹം എത്ര നല്ല മരണമാണ് വരിച്ചത്! പിന്നെ നബി(സ)തിരുമേനി പറഞ്ഞു: അടുത്ത നിങ്ങളുടെ മരണപ്പെട്ട ബന്ധുവിന്റെ കാര്യത്തിൽ അനുശോചനം നേർന്നുകൊള്ളുക. അവർ പറഞ്ഞു: അടുത്തതായി മരണപ്പെട്ട ഏതാളെപ്പറ്റിയാണ് അനുശോചനം നേരുക? നബി(സ)തിരുമേനി പറഞ്ഞു, നിങ്ങളുടെ ഭർത്താവും ശഹീദാക്കപ്പെട്ടിരിക്കുന്നു. അതുകേട്ടപ്പോൾ ഹംനയുടെ കണ്ണുകളിൽനിന്ന് കണ്ണീരൊഴുകാൻ തുടങ്ങി. അവർ പറഞ്ഞു: വളരെ സങ്കടകരമായിപ്പോയി. ഇതു കണ്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നോക്കുക, ഒരു സ്ത്രീക്ക് തന്റെ ഭർത്താവുമായി എത്ര ആഴത്തിലുള്ള ബന്ധമാണുള്ളത്! ഞാൻ അവരോടു അവരുടെ മാതുലന്റെ ശഹാദത്ത് വിവരം നൽകിയപ്പോൾ അവർ ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്ന് ചൊല്ലി. സഹോദരന്റെ ശഹാദത്തിനെ പറ്റി അറിയിച്ചപ്പോഴും ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്നുതന്നെ പറഞ്ഞു. എന്നാൽ, ഞാൻ അവരുടെ ഭർത്താവ് ശഹീദായ വിവരം പറഞ്ഞപ്പോൾ അവർ വളരെ സങ്കടകരമായിപ്പോയെന്ന് പറയുകയുണ്ടായി. ശ്രമിച്ചെങ്കിലും അവരുടെ കണ്ണീർ അവർക്ക് മറച്ചുവെക്കാനും കഴിഞ്ഞില്ല. തുടർന്ന് പറഞ്ഞു: ഒരു സ്ത്രീ ഇത്തരം ഘട്ടത്തിൽ തന്റെ അടുത്ത രക്ത ബന്ധുമിത്രാദികളെ വിസ്മരിക്കുന്നു. അതേസമയം തന്നെ സ്നേഹിക്കുന്ന ഭർത്താവിനെ ഓർക്കുന്നു. പിന്നെ നബി(സ)തിരുമേനി ഹംനയോടു ചോദിച്ചു: നിങ്ങളുടെ ഭർത്താവ് ശഹീദായ വിവരം അറിഞ്ഞപ്പോൾ സങ്കടകരമായിപ്പോയെന്ന് എന്തുകൊണ്ടാണ് പറഞ്ഞത്?അപ്പോൾ ഹംന പറഞ്ഞു: യാ റസൂലല്ലാഹ്(സ)! എനിക്ക് അദ്ദേഹത്തിന്റെ കുട്ടികളെപ്പറ്റിയാണ് ഓർമ വന്നത്, ഇനി ആരാണ് അവരെ സംരക്ഷിക്കുക എന്ന് ചിന്തിച്ചുപോയി.

നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾക്ക് നിങ്ങളുടെ ഭർത്താവിനേക്കാളും നല്ല സംരക്ഷകനെ നൽകട്ടെയെന്ന് ഞാൻ അല്ലാഹുവിനോടു ദുആ ചെയ്യുന്നതാണ്.

അങ്ങനെ ഈ ദുആയുടെ ഫലമായി ഹംനയുടെ വിവാഹം ഹദ്റത്ത് ത്വൽഹയുമായി നടന്നു. അവർക്ക് മുഹമ്മദ് ത്വൽഹ ജനിച്ചു. പക്ഷേ, ചരിത്രത്തിൽ പറയുന്നു, ഹദ്റത്ത് ത്വൽഹ, ഹംനയുടെ ആദ്യത്തെ മക്കളോടു കാണിച്ചിരുന്ന അത്രയും സ്നേഹവാത്സല്യങ്ങൾ തന്റെ മകൻ മുഹമ്മദിനോട് കാണിച്ചിരുന്നില്ല. മറ്റുള്ളവരുടെ മക്കളെ സ്നേഹത്തോടെ പരിപാലിക്കുന്നതിൽ ഹദ്റത്ത് ത്വൽഹയേക്കാളും ഉത്തമൻ ആരും തന്നെയില്ലെന്ന് ആളുകൾ പറഞ്ഞിരുന്നു. ഇത് നബി(സ)തിരുമേനിയുടെ ദുആയുടെ ഫലമായിരുന്നു.(മസ്വാഇബ് കെ നീച്ചെ ബർക്കത്തോം കെ ഖസാനെ മഖ്ഫീ ഹോത്തേ ഹൈ, അൻവാറുൽഉലൂം വാള്യം 19, പേജ് 55 - 57)(ഉസുദുൽഗാബ വാള്യം 7, പേജ് 71, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്)

തുടർന്ന് ആ മഹാത്മാവ് ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: നബി(സ)തിരുമേനി ഹംന ബിൻത് ജഹ്ശിനോട് സഹാനുഭൂതി പ്രകടിപ്പിച്ചു. തുടർന്ന് പറഞ്ഞു: ഒരു സ്ത്രീക്ക് തന്നെ സ്നേഹിക്കുന്ന ഭർത്താവിനോടു എത്ര ആഴത്തിലുള്ള ബന്ധമാണെന്ന് നോക്കുക. നബി(സ)തിരുമേനി ഇതു പറഞ്ഞതിന്റെ വിവക്ഷിതം, പുരുഷന്മാർ സ്ത്രീകളോടു നല്ല രീതിയിൽ പെരുമാറണമെന്നതാണ്. ഇതിൽ പുരുഷന്മാർ പൊതുവിൽ സ്ത്രീകളോടു നല്ല നിലയിൽ പെരുമാറണമെന്ന പാഠമാണുള്ളത്. ചെറിയചെറിയ കാര്യങ്ങളിൽ അവരെ അടിക്കുകയും മറ്റും ചെയ്യരുത്. തങ്ങൾക്ക് അടിക്കാൻ അനുവാദമുണ്ടെന്ന കാരണം പറയാറുണ്ട്. ഇക്കാലത്തും ഇങ്ങനെ ചെയ്യാറുണ്ട്. അവരോടു നല്ല നിലയിൽ പെരുമാറേണ്ടതാണ്. സ്ത്രീകൾ തങ്ങളുടെ ഉറ്റവരിൽനിന്നും ഉടയവരിൽ നിന്നുമകന്ന് ഇവരുടെ അടുത്തുവന്നു താമസിക്കുന്നു. അതുകൊണ്ട് അവരെ സ്നേഹിക്കണമെന്നും ഓരോരോ കാര്യത്തിനും അവരോടു വഴക്കു കൂടാതിരിക്കാനുമാണ് നീതി ആവശ്യപ്പെടുന്നത്. നബി(സ)തിരുമേനി ഇങ്ങനെ പറഞ്ഞുകൊണ്ട് ഒരു ഭാഗത്ത് ഹംന ബിൻത് ജഹ്ശിനെ ആശ്വസിപ്പിക്കുന്നു. മറുഭാഗത്ത് സ്ത്രീകളോടു നല്ലനിലയിൽ പെരുമാറണമെന്ന ഉപദേശവും അതുമുഖേന നൽകുന്നു.(മസ്വാഇബ് കെ നീച്ചെ ബർക്കത്തോം കെ ഖസാനെ മഖ്ഫീ ഹോത്തേ ഹൈ, അൻവാറുൽഉലൂം, വാള്യം 19, പേജ് 60). എല്ലാകാര്യത്തിലും ഒരു പാഠമുണ്ട്. ഓരോരുത്തരും ശ്രദ്ധാപൂർവം കേൾക്കുകയും ചിന്തിക്കുകയുമാണെങ്കിൽ നബി(സ)തിരുമേനി പറഞ്ഞത് ആ വ്യക്തിയോടു മാത്രമല്ലെന്നും പ്രത്യുത പൊതുവെ എല്ലാവർക്കുമുള്ള ഉപദേശമാണെന്നും മനസ്സിലാകുന്നതാണ്.

കൂടാതെ നബി(സ)തിരുമേനി മറ്റുള്ളവരുടെ വികാരവിചാരങ്ങളെ എത്രമാത്രം മാനിച്ചിരുന്നുവെന്ന കാര്യവും വ്യക്തമാകുന്നുണ്ട്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിവരിക്കുന്നു: പരിക്കേറ്റിരുന്നതുകൊണ്ട് മദീനയിൽ പ്രവേശിക്കുന്ന നേരത്ത് നബി(സ)തിരുമേനി ഏറെ ക്ഷീണിതനായിരുന്നു. അതുകൊണ്ടാണ് സ്വഹാബാക്കൾ താങ്ങിയെടുത്ത് നബി(സ)തിരുമേനിയെ സവാരിയിൽനിന്ന് ഇറക്കിയത്. മഗ്രിബ് നമസ്കാര സമയം ആയിരുന്നതിനാൽ നബി(സ)തിരുമേനി നമസ്കരിക്കുകയും പിന്നെ വീട്ടിൽ പോകുകയും ചെയ്തു. ബന്ധുക്കൾ ശഹീദാക്കപ്പെട്ട മദീനയിലെ സ്ത്രീകൾക്ക് അതേപ്പറ്റി അറിവ് ലഭിച്ചിരുന്നു. അവർ അതിൽ കരയുകയുമായിരുന്നു. സ്ത്രീകൾ കരയുന്ന ശബ്ദം കേട്ടപ്പോൾ നബി(സ)തിരുമേനി മുസ്ലിമീങ്ങളുടെ പ്രയാസത്തെ കു

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)

**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ധൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)

tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

റിച്ച് ചിന്തിക്കുകയും നബി(സ)തിരുമേനിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയും ചെയ്യാൻ തുടങ്ങി. തുടർന്ന് പറഞ്ഞു: ലാക്കിൻ ഹംസത്ത ഫലാ ബവാക്കിയലഹൂ നമ്മുടെ മുലകുടി സഹോദരനും പിതൃവ്യനുമായ ഹംസത്തും ശഹീദായിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിനുവേണ്ടി വിലപിക്കാൻ ആരുമില്ലേ? നബി(സ)തിരുമേനി ചെറിയ ചെറിയ വികാരങ്ങളും ആഗ്രഹങ്ങളുംപോലും പൂർത്തിയാകാതെ പോകരുതെന്ന് ആഗ്രഹിച്ചിരുന്ന സ്വഹാബാക്കൾക്ക് അത് പൂർത്തിയാക്കാനും പ്രത്യേകം ആവേശമുണ്ടായിരുന്നു. അവർ തങ്ങളുടെ വീടുകളിൽപോയി സ്ത്രീകളോടു പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ബന്ധുമിത്രാദികൾക്കുവേണ്ടി വിലപിക്കുന്നത് നിറുത്തി നബി(സ)തിരുമേനിയുടെ വീട്ടിൽപോയി ഹദ്റത്ത് ഹംസത്തിനുവേണ്ടി വിലപിക്കുക. ഇത്രയുമായപ്പോഴേക്കും ക്ഷീണിതനായ നബി(സ)തിരുമേനി വന്ന് വിശ്രമിക്കാൻ തുടങ്ങി. ഹദ്റത്ത് ബിലാൽ(റ)ഇശാ ബാങ്ക് കൊടുത്തു. പക്ഷേ, നബി(സ)തിരുമേനി ക്ഷീണിതനാനെന്നും ഉറങ്ങുകയാണെന്നും മനസ്സിലാക്കിക്കൊണ്ട് ഉണർത്തിയില്ല. അങ്ങനെ രാത്രിയുടെ മുക്കാൽ ഭാഗവും കഴിഞ്ഞപ്പോൾ അദ്ദേഹം നബി(സ)തിരുമേനി യെ ഉണർത്തുകയുണ്ടായി. നബി(സ)തിരുമേനി ഉറക്കമുണർന്നപ്പോൾ ആ സമയത്തും സ്ത്രീകൾ ഹദ്റത്ത് ഹംസയുടെ പേരിൽ മുറവിളിയിട്ട് കരഞ്ഞു കൊണ്ടിരിക്കുകയായിരുന്നു. അവിടന്ന് ചോദിച്ചു: ഇതെന്താണ് നടക്കുന്നത്? അവർ പറഞ്ഞു: യാ റസൂലല്ലാഹ്!ഇത് മദീനയിലെ സ്ത്രീകൾ ഹംസയുടെ മരണത്തിൽ മുറവിളിയിട്ട് വിലപിക്കുകയാണ്. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു മദീനയിലെ സ്ത്രീകളോടു കരുണ ചെയ്യുമാറാകട്ടെ, അവരെന്നോട് സഹാനുഭൂതി പ്രകടിപ്പിച്ചിരിക്കുന്നു. തുടർന്ന് പറഞ്ഞു: അൻസ്വാർ എന്നോടു വളരെയധികം സ്നേഹമുള്ളവരാണെന്ന് എനിക്ക് നേരത്തെതന്നെ അറിയാം. അതോടൊപ്പം പറഞ്ഞു: ഇങ്ങനെ മുറവിളിയിട്ട് വിലപിക്കുന്നത് അല്ലാഹുവിന്റെ പക്കൽ അനിഷ്ടകരമാകുന്നു. സ്വഹാബാക്കൾ പറഞ്ഞു: യാ റസൂലല്ലാഹ്, ഇത് ഞങ്ങളുടെ സമുദായത്തിന്റെ ഒരു സമ്പ്രദായമാണ്. ഇങ്ങനെ കരയാത്തിടത്തോളം ഞങ്ങളുടെ വികാരങ്ങൾ ശമിക്കുന്നതല്ല. നബി(സ)തിരുമേനി പറഞ്ഞു:കരയുന്നതിനെ ഞാൻ  വിലക്കുന്നില്ല. പക്ഷേ, തങ്ങളുടെ മുഖത്ത് അടിക്കുകയും മുടിപറിച്ചെടുക്കുകയും ചെയ്യരുതെന്ന് സ്ത്രീകളോടു പറയുക. വിലപിക്കുമ്പോൾ അവർ തങ്ങളെത്തന്നെ അടിക്കുകയും ചെയ്തിരുന്നു. മുടി പറിച്ചെടുക്കുകയും മുഖത്തടിക്കുകയും വസ്ത്രങ്ങൾ വലിച്ചു കീറുകയും ചെയ്യരുത്. സ്വാഭാവികമായും കരച്ചിൽ വരുകയാണെങ്കിൽ തീർച്ചയായും കരഞ്ഞു കൊള്ളുക. ഇക്കാര്യങ്ങളിൽനിന്ന് നബി(സ)തിരുമേനിയുടെ ഉദാത്ത സ്വഭാവം, അതായത് സ്വയം പരിക്കേറ്റ് പ്രയാസത്തിൽ ആയിരുന്നിട്ടുപോലും മറ്റുള്ളവരുടെ വികാരങ്ങളെ എത്രമാത്രം മാനിച്ചിരുന്നുവെന്ന് മനസ്സിലാകുന്നുണ്ട്. (മസ്വാഇബ് കെ നീച്ചെ ബർക്കത്തോം കെ ഖസാനെ മഖ്ഫീ ഹോത്തേ ഹൈ, അൻവാറുൽഉലൂം വാള്യം 19, പേജ് 58 - 59)

പിന്നീട് അദ്ദേഹം(റ)ഈ സംഭവത്തെ മറ്റൊരു നിലയിൽ വിവരിച്ചുകൊണ്ട് പറയുന്നു: നബി(സ)തിരുമേനി മദീനയിലെ സ്ത്രീകൾ തങ്ങളുടെ മരണപ്പെട്ടവർക്കുവേണ്ടി മുറവിളിയിട്ട് വിലപിക്കുന്നത് കണ്ടപ്പോൾ മുഹാജിരീങ്ങളും ഹദ്റത്ത് ഹംസയുടെ കുടുംബക്കാരും തങ്ങൾക്ക് ആരുമില്ലെന്ന് ചിന്തിക്കാൻ ഇടയാകരുതെന്ന് കരുതിക്കൊണ്ടും അവരുടെ വികാരങ്ങളെ മാനിച്ചുകൊണ്ടും പറഞ്ഞു: ഇന്ന് ഹംസക്കുവേണ്ടി കരയാൻ ആരുമില്ലേ? അങ്ങനെ മദീനയിലെ സ്ത്രീകൾ ഹദ്റത്ത് ഹംസയുടെ പേരിൽ മുറവിളിയിട്ട് കരയാൻ തുടങ്ങിയപ്പോൾ ഇങ്ങനെ ചെയ്യുന്നത് അനുവദനീയമല്ലെന്ന് പറഞ്ഞു വിലക്കുകയും ചെയ്തു. യഥാർഥത്തിൽ ഹദ്റത്ത് ഹംസക്കുവേണ്ടി കരഞ്ഞേ പറ്റൂ എന്ന് നബി(സ)തിരുമേനിക്ക് നിർബന്ധമുണ്ടായിരുന്നെങ്കിൽ പിന്നീട് വിലക്കുകയില്ലായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഹംസയുടെ മരണത്തിൽ ആരും കരയാത്തതിൽ സങ്കടം പ്രകടിപ്പിക്കുകയുണ്ടായി. ആ സമയത്തും അവരെ വിലക്കിയപ്പോഴും അവരെ സമാധാനിപ്പിക്കുകയായിരുന്നു അവിടത്തെ ഉദ്ദേശ്യം. കാരണം അവിടന്ന് ആ സ്ത്രീകളെ വിലക്കുകയും അതേ സമയം അവർ തന്നോടു സഹാനുഭൂതി പ്രകടിപ്പിച്ചുവെന്ന് പറയുകയും ചെയ്തു. മാത്രമല്ല അൻസ്വാർ തന്നോടു നേരത്തെതന്നെ ഏറെ സഹാനുഭൂതിയുള്ളവരാണെന്നും പറയുകയുണ്ടായി. അതായത് മുറവിളിയിട്ടു വിലപിക്കുന്നത് താൻ വിലക്കിയാൽ അവരത് തെറ്റായി മനസ്സിക്കുകയില്ല എന്നതായിരുന്നു അവിടന്ന് ഉദ്ദേശിച്ചത്. അങ്ങനെ അവരെ വിലക്കുകയും ചെയ്തു. അതേസമയം അവരോടു നന്ദി പ്രകടിപ്പിക്കുകയും ചെയ്തു.  ഇത്രയും സങ്കീർണമായ ഘട്ടത്തിലും അവിടന്ന് സ്വീകരിച്ച ഈ നിലപാട് നമുക്ക് വളരെ ഉന്നതമായ രീതിയായി കാണാം. വാസ്തവത്തിൽ സ്വന്തക്കാരും ബന്ധുക്കളും കൊല്ലപ്പെടുകയും തനിക്കുതന്നെയും പരിക്കുപറ്റുകയും സമീപഭാവിയിൽ അപകടങ്ങൾ കാണുകയും ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ആരും തന്നെ അവിടന്ന് ചെയ്തു കാണിച്ചതുപോലുള്ള മാതൃക കാണിക്കാൻ സാധ്യമല്ല. (മസ്വാഇബ് കെ നീച്ചെ ബർക്കത്തോം കെ ഖസാനെ മഖ്ഫീ ഹോത്തേ ഹൈ, അൻവാറുൽഉലൂം വാള്യം 19, പേജ് 60 - 61)

ചരിത്ര ഗ്രന്ഥങ്ങളിൽ ഉഹുദുയുദ്ധത്തിൽ കടമകൾ യഥാവിധി നിറവേറ്റിയ സ്വഹാബാക്കളുടെ വാളുകളെപറ്റിയും പറയുന്നുണ്ട്. നബി(സ)തിരുമേനി വീട്ടിലെത്തി തന്റെ മകൾ ഫാത്വിമക്ക് തന്റെ വാൾ കൊടുത്തുകൊണ്ട് പറഞ്ഞു:ഇഗ്സിലീ അൻ ഹാദാ ദമഹു യാ ബുനയ്യത്തു ഫ വല്ലാഹി ലഖദ് സ്വദഖനിൽയൗം എന്റെ പ്രിയപ്പെട്ട മകളേ, ഈ വാളിലുള്ള രക്തം കഴുകി വൃത്തിയാക്കുക. അല്ലാഹുവാണെ സത്യം! ഇന്ന് ഈ വാൾ അതിന്റെ കടമ യഥാവിധി നിറവേറ്റിയിരിക്കുന്നു. പിന്നീട് ഹദ്റത്ത് അലിയും തന്റെ വാൾ ഹദ്റത്ത് ഫാത്വിമക്ക് കൊടുത്തുകൊണ്ട് പറഞ്ഞു: ഇതിൽ പറ്റിപ്പിടിച്ചിരി ക്കുന്ന രക്തം കഴുകി വൃത്തിയാക്കുക. തുടർന്ന് അവിടന്ന് പറഞ്ഞതുപോലെ, അല്ലാഹുവാണെ സത്യം! ഇന്ന് ഈ വാൾ നല്ല പ്രകടനമാണ് നടത്തിയതെന്ന് പറഞ്ഞു. ഇതു കേട്ടപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ലഇൻ കുൻത സ്വദഖ്ത്തൽയൗമൽഖിതാല ലഖദ് സ്വദഖ മഅക്ക സഹ്ലുബ്നു ഹുനയ്ഫിൻ വ അബൂദുജാനത്ത  ഇന്ന് നിങ്ങൾ യുദ്ധത്തിൽ നിങ്ങളുടെ കഴിവ് നന്നായി പ്രകടിപ്പിച്ചുവെങ്കിൽ നിങ്ങളോടൊപ്പം സഹ്ൽ ബിൻ ഹുനയ്ഫ്, അബൂദുജാന, ആസ്വിം ബിൻ ഥാബിത്ത്, ഹാരിഥ് ബിൻ സ്വിമ്മ എന്നിവരും നല്ലവണ്ണം ധീരത പ്രകടിപ്പിക്കുകയുണ്ടായി.

ഒരു നിവേദനത്തലുണ്ട്: നബി(സ)തിരുമേനി പറഞ്ഞു: ഇന്ന് നിങ്ങൾ യുദ്ധത്തിൽ നിങ്ങളുടെ കഴിവ് നന്നായി പ്രകടിപ്പിച്ചുവെങ്കിൽ നിങ്ങളോടൊപ്പം സഹ്ൽ ബിൻ ഹുനയ്ഫ്, അബൂദുജാന, ആസ്വിം ബിൻ ഥാബിത്ത്, ഹാരിഥ് ബിൻ സ്വിമ്മ എന്നിവരും നല്ലവണ്ണം ധീരത പ്രകടിപ്പിക്കുകയുണ്ടായി.(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 62, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ചരിത്രങ്ങളിൽ എഴുതിയിരിക്കുന്നു: ഹദ്റത്ത് അലി(റ), ഹദ്റത്ത് ഫാത്വിമാക്ക് തന്റെ വാൾ കൊടുത്തിട്ട് പറഞ്ഞു, ഇത് വൃത്തിയാക്കിവെക്കുക. ഇന്ന് ഈ വാൾ നല്ലപോലെ ഉപകാരപ്പെട്ടു.നബി(സ)തിരുമേനി ഹദ്റത്ത് അലി പറയുന്നത് കേൾക്കുന്നുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു: അലീ, നിങ്ങളുടെ വാൾ മാത്രമല്ല നിങ്ങളുടെ മറ്റുപല സഹോദരങ്ങളുടെയും വാളുകളും ഇന്ന് അവയുടെ ശ്രേഷ്ഠത പ്രകടിപ്പിക്കുകയുണ്ടായി. അവിടന്ന് 6,7 സ്വഹാബാക്കളുടെ പേരെടുത്ത് പറഞ്ഞുകൊണ്ട് പറഞ്ഞു: ഇവരുടെ വാളുകളും നിങ്ങളുടെ വാളിനേക്കാൾ കുറവല്ലായിരുന്നു.

ചുരുക്കത്തിൽ തന്റെ ജാമാതാവ് മറ്റു സ്വഹാബാക്കൾക്ക് അസ്വസ്ഥതയുണ്ടാക്കുന്ന എന്തെങ്കിലും പറയുന്നത് നബിയ്ക്ക് സഹിക്കാൻ കഴിയുമായിരുന്നില്ല, അവിടത്തെ ദൃഷ്ടി ചെറിയ ചെറിയ കാര്യങ്ങളിൽപോലും എത്തിയിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. ഉഹുദ് യുദ്ധം ഭാവിഫലങ്ങളുടെ അടിസ്ഥാനത്തിൽ വലിയ സംഭവമായിരുന്നു, പ്രത്യേകിച്ചും ഈ സംഭവത്തിനുശേഷം ശത്രുക്കൾ കൂടുതൽ ധൈര്യം കാണിക്കുമെന്ന അല്ലെങ്കിൽ ഭാവിയിലെന്താകുമെന്ന ആശങ്കയുള്ള സന്ദർഭത്തിൽ ഇത്തരം ചെറിയ ചെറിയ കാര്യങ്ങളിലേക്ക് ശ്രദ്ധ കൊടുക്കാൻ ആർക്കും കഴിയുകയില്ല. പക്ഷേ, നബി(സ)തിരുമേനി എല്ലാവരോടും സഹാനുഭൂതി കാണിക്കുകയും എല്ലാവരേയും സമാശ്വസിപ്പിക്കുകയും ചെയ്യുകയുണ്ടായി.(മസ്വാഇബ് കെ നീച്ചെ ബർക്കത്തോം കെ ഖസാനെ മഖ്ഫീ ഹോത്തേ ഹൈ, അൻവാറുൽഉലൂം വാള്യം 19, പേജ് 59 - 60)

ഉഹുദുയുദ്ധ സംഭവങ്ങൾ ഇവിടെ അവസാനിക്കുകയാണ്. മറ്റൊരു യുദ്ധമുണ്ട്. അതിന്റെ പേര് ഹംറാഉൽ അസദ് എന്നാണ്. അത് ഹിജ്റ മൂന്നാം വർഷം ശവ്വാൽ മാസത്തിലാണുണ്ടായത്. അതേപ്പറ്റി യാണ് ഇനി പറയുന്നത്. ഈ യുദ്ധം യഥാർഥത്തിൽ ഉഹുദ് യുദ്ധത്തിന്റെ തന്നെ ഭാഗവും അനുബന്ധവും ആയിരുന്നു. ഹംറാഉൽ അസദ് യുദ്ധത്തിന്റെ ഫലങ്ങളുടെ വെളിച്ചത്തിൽ ഉഹുദുയുദ്ധം യഥാർഥത്തിൽ മുസ്‌ലിമീങ്ങളുടെ തന്നെ വിജയമായി വിലയിരുത്തപ്പെടുകയും  ചെയ്യുന്നു.(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹു(സ), വാള്യം 7, പേജ് 119, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ)

ഹംറാഉൽ അസദ് മദീനയിൽനിന്ന് ദുൽ ഹുലയ്ഫയിലേക്ക് പോകുന്ന വഴിയിൽ ഇടതുഭാഗത്ത് മദീനയിൽനിന്ന് എട്ടു മൈൽ അകലെയുള്ള ഒരു സ്ഥലമാണ്. (ഫർഹങ്കെ സീറത്ത് പേജ് 106, സവാർഅക്കാഡമി കറാച്ചി) (മുഅ്ജമുൽ ബുൽദാൻ, ഉർദു, ഡോക്ടർ ഗുലാം ജീലാനീ ബർഖ്, പേജ് 123, അൽഫയ്സ്വൽ നാശിറാൻ വ താജിറാൻ കുതുബ് ലാഹോർ)

ഹംറാഉൽ അസദ് യുദ്ധത്തിന്റെ കാരണമെന്തായിരുന്നു? ഇതു സംബന്ധമായി എഴുതിയിരിക്കുന്നു:

ഉഹുദുയുദ്ധം അവസാനിച്ചപ്പോൾ നബി(സ)തിരുമേനി വൈകുന്നേരം മദീനയിലെത്തി. ഒരുപാട് പരിക്കേറ്റ അവസ്ഥയിലായിരുന്നുവെങ്കിലും മഗ്രിബ് നമസ്കാരവും സ്വഹാബാക്കളുടെ സഹായത്തോടെ മസ്ജിദിലെത്തി നമസ്കരിച്ചു. അങ്ങനെ ഇശാഅ് നമസ്കാരവും മസ്ജിദിലെത്തി അനുഷ്ഠിക്കുക യുണ്ടായി. ഇശാഅ് നമസ്കാരത്തിനുശേഷം അവിടന്ന് വീട്ടിലെത്തി. പക്ഷേ, അവിടന്ന് രാത്രി മുഴുവൻ ഉണർന്നിരിക്കുകയാണുണ്ടയതെന്ന് തോന്നുന്നു. കാരണം അബൂസുഫ്‌യാൻ തന്റെ സൈന്യവുമായി വന്ന് മദീനയെ ആക്രമിക്കാൻ പ്രോഗ്രാം ഉണ്ടാക്കുമെന്ന ആശങ്കയുണ്ടായിരുന്നു. ഈ കാരണം കൊണ്ടു തന്നെ മദീനയിൽ ഒരുതരം അടിയന്തരാവസ്ഥയായിരുന്നു. നബി(സ)തിരുമേനിയുടെ വീടിനു പുറത്തും നിരന്തരം കാവൽ ഏർപ്പെടുത്തിയിരുന്നു. അബൂസുഫ്‌യാന്റെ ഉദ്ദേശ്യമെന്താണെന്നും അയാൾ

## • ഹദീഥുന്നബ്‌വി(സ) •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

## • കലാമുൽ ഇമാം: •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

ത്വാലിബെ ദുആ:
RAHMAN SHAKEER& FAMILY
AHMADIYYA JAMA'ATH KARULAI, KERALA

ത്വാലിബെ ദുആ:
C.K.MUHAMMED SHAREEF &FAMILY
AHMADIYYA MUSLIM JAMA'ATH VANIYAMBALAM, KERALA

മദീനയെ ആക്രമിക്കാൻ തയ്യാറാകുന്നുണ്ടോ എന്നും അവിടന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. അബൂസുഫ്‌യാൻ തന്റെ സൈന്യവുമായി വളരെ ശ്രീഘ്രഗതിയിൽ മക്കയിലേക്ക് പോകുന്നു എന്നായിരുന്നു ആരംഭത്തിൽ ഓരോ നിമിഷവും കിട്ടിക്കൊണ്ടിരുന്ന റിപ്പോർട്ട്. എന്നിട്ടും നബി(സ)തിരുമേനി അയാളെ സംബന്ധിച്ച് അശ്രദ്ധ നായിരുന്നില്ല. അവസാനം നബി(സ)തിരുമേനിയുടെ ആശങ്ക ശരിയാണെന്ന് തെളിഞ്ഞു. അബൂസുഫ്‌യാൻ തന്റെ സൈന്യവുമായി മദീനയെ ആക്രമിക്കാൻ തയാറാകുന്നുവെന്ന വാർത്ത രാത്രി അവസാനിക്കുന്നതിനുമുമ്പേ നബി(സ)തിരുമേനിക്കു ലഭിക്കുകയുണ്ടായി. മുശ്‌രികീങ്ങൾ ഉഹുദ് മൈതാനത്തുനിന്ന് തിരിച്ചു പോകുന്ന വഴിയിൽ, അവരെ കണ്ടുമുട്ടുന്നവർ യുദ്ധത്തെപ്പറ്റി അറിയുമ്പോൾ പരിഹസിച്ചുകൊണ്ട് നിങ്ങൾ മുഹമ്മദ്(സ)നെ വധിക്കുകയോ മുസ്‌ലിം സ്ത്രീകളെ പിടിച്ചു കൊണ്ടുവരികയോ ബന്ദികളെ കൊണ്ടുവരികയോ സമരാർജിത സ്വത്തുക്കൾ കൊണ്ടുവരികയോ ചെയ്യാതെ എന്ത് വിജയമാണ് നേടിയതെന്ന് ചോദിച്ചിരുന്നു. ഈ പരിഹാസങ്ങളെല്ലാം കേട്ടുകൊണ്ട് ഈ സൈന്യം മദീനയിൽ നിന്ന് 75 കിലോമീറ്റർ ചില നിവേദനങ്ങൾ പ്രകാരം 55 കിലോമീറ്റർ അകലെ റൗഹ എന്ന സ്ഥലത്തെത്തി താവള മടിച്ചു. ശരിയാണല്ലോ, നമ്മുടെ പക്കൽ ബന്ദികളോ യുദ്ധ മുതലുകളോ ഇല്ലാത്തത് വളരെ മോശം കാര്യമായിപ്പോയി. നമ്മൾ തിരിച്ചുപോയി മദീനയെ ആക്രമിക്കണം എന്നിങ്ങനെ അവർക്കിടയിൽ ചർച്ചയും തർക്കവുമായി. അപ്പോൾ അങ്ങനെയൊരിക്കലും ചെയ്യരുതെന്നും ഇപ്പോൾ മദീനയെ ആക്രമിക്കാൻ ചിന്തിക്കുകപോലും പാടില്ലെന്നും വളരെ ദയനീയമായി പരാജയ പ്പെടുമെന്നും അതേ സൈന്യത്തിലെ ഒരു നേതാവായിരുന്ന സ്വഫ്‌വാൻ ബിൻ ഉമയ്യ അഭിപ്രായപ്പെട്ടു. എന്നാൽ, അബൂ സുഫ്‌യാനും മറ്റു സുഹൃത്തുക്കളുമടങ്ങുന്ന ഭൂരിപക്ഷംപേരും മദീനയെ ആക്രമിക്കണമെന്ന് തീരുമാനമെടുത്തു. അല്ലെങ്കിൽ പിന്നെ എന്തു മുഖവുമായിട്ടാണ് നമ്മൾ മക്കയിലേക്ക് കയറിച്ചെല്ലുക? അബൂസുഫ്‌യാന്റെ സൈന്യത്തിൽ ഈ ചർച്ചകൾ നടക്കുമ്പോൾ ഇവിടെ ഫജ്ർ നമസ്കാരത്തിനു ബാങ്ക് കൊടുത്ത് നബി(സ)തിരുമേനി പുറത്തു വരുന്നതും കാത്തിരിക്കുകയായിരുന്നു. ഇതിന്നിടയിൽ ഹദ്‌റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഔഫ് മുസനീ, നബി(സ)തിരുമേനിയെ അന്വേഷിച്ച് അവിടെയെത്തി. നബി(സ)തിരുമേനി പുറത്തു വന്നപ്പോൾ അദ്ദേഹം നിന്നുകൊണ്ടുതന്നെ നബി(സ)തിരുമേനിയോട് പറഞ്ഞു: അദ്ദേഹം വീട്ടുകാരുടെ അടുത്തുനിന്ന് വരുന്ന വഴിയിൽ യാത്ര മധ്യേ അബൂസുഫ്‌യാന്റെ സംഘത്തിനടുത്തൂടെ പോകാൻ ഇടവന്നു. അബൂസുഫ്‌യാനും സംഘവും ഇങ്ങനെ പറയുന്നതായി കേട്ടു, "നിങ്ങൾ ഒന്നും ചെയ്തിട്ടില്ല, മുസ്‌ലിമീങ്ങൾക്ക് നഷ്ടം വരുത്താനോ അവരെ പ്രയാസത്തിലാക്കാനോ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല, നിങ്ങൾ അവരെ വെറുതെ വിട്ടു, അവരെ നശിപ്പിച്ചില്ല. മുസ്‌ലിമീങ്ങളിൽ ഇനിയും വലിയ വലിയ പല ആളുകളുമുണ്ട് അവർ നിങ്ങളെ നേരിടാൻ സംഘടിക്കുന്നതാണ്. അതുകൊണ്ട് ബാക്കിയുള്ളവരെ വേരോടെ പിഴുതെറിയാൻ നിങ്ങൾ തിരിച്ചു പോകണം. സ്വഫ്‌വാൻ ബിൻ ഉമയ്യ അവരെ തടയാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു: എന്റെ ജനമേ, അങ്ങനെ ചെയ്യരുത്. കാരണം അവർ യുദ്ധം ചെയ്തവരാണ്. അവരിൽ യുദ്ധത്തിനു വരാൻ കഴിയാത്തവർ നിങ്ങൾക്കെതിരിൽ വരുമെന്നും നിങ്ങൾ വീണ്ടും തിരിച്ചു പോകുകയാണെങ്കിൽ നിങ്ങൾ പരാജയപ്പെടുമെന്നും ഞാൻ ഭയപ്പെടുന്നു.

നബി(സ)തിരുമേനി ഈ കാര്യങ്ങളെല്ലാം കേട്ടപ്പോൾ പറഞ്ഞു: സ്വഫ്‌വാൻ വലിയ വിവേകശാലിയൊന്നുമല്ല, പക്ഷേ, അയാൾ ഈ പറഞ്ഞത് വളരെ ബുദ്ധിയാണ്. അതായത് അബൂസുഫ്‌യാൻ മദീനയെ ആക്രമിക്കുന്നത് തടയാൻ ശ്രമിച്ച കാര്യം. അതോടൊപ്പം നബി (സ)തിരുമേനി വളരെ ഉറക്കെ പറഞ്ഞു: ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം, അവർ മദീനയെ ആക്രമിക്കുകയാണെങ്കിൽ കന്മഴകൊണ്ട് അവരുടെ പേരുംചൂരും പോലും അവശേഷിക്കാത്തെ വിധത്തിൽ ഇന്നലെ കഴിഞ്ഞതുപോലെ അത് അടയാളപ്പെടുത്തപ്പെടുന്നതായിരിക്കും. (ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 63, 120, പ്രസാധകർ ബസം ഇഖ്ബാൽ ലാഹോർ) (സുബുലുൽഹുദാ വർറശാദ്, മുത്തർറജിം, വാള്യം 4, പേജ് 267 - 268, മക്തബ റഹ്മാനിയ്യ ലാഹോർ)

ഏതായാലും ഈ വിവരണം ഇൻശാഅല്ലാഹ് തുടർന്നും ഉണ്ടായിരിക്കുന്നതാണ്. ഞാൻ പൊതുവെ ദുആക്ക് ആഹ്വാനം ചെയ്യാറുള്ളതാണ്. അടുത്ത കാര്യം. ദുആകൾ തുടർന്നു കൊണ്ടിരിക്കുക. വിചാരിച്ചതുംആശങ്ക ഉണ്ടായിരുന്നതുംപോലെ ഇറാനെ ഇസ്‌റായീൽ നേരിട്ടും ആക്രമിച്ചിരിക്കുന്നുവെന്ന് എല്ലാവർക്കും അറിയാം. ഇനി അവസ്ഥകൾ കുറേക്കൂടി മോശമാകുന്നതാണ്.

ആഗോളയുദ്ധത്തിന് കൂടുതൽ പ്രേരിപ്പിക്കുന്ന ഈ ഭൗതിക നേതാക്കന്മാർക്ക് അല്ലാഹു വിവേകം നൽകുമാറാകട്ടെ. മുസ്‌ലിം ഉമ്മത്തിനും ഒന്നായിനിന്നുകൊണ്ട് തങ്ങളുടെ എതിരാളിയെ നേരിടാൻ കഴിയുന്നതിനും യുക്തി അവലംബിക്കാനും അല്ലാഹു വിവേകവും ബുദ്ധിയും നൽകുമാറാകട്ടെ.

ഇനി ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കാനാഗ്രഹിക്കുന്നു. ആദ്യത്തേത് മൗലാനാ ഗുലാം അഹ്മദ് സാഹിബ് നസീം ആകുന്നു. ഇദ്ദേഹം മുബല്ലിഗായിരുന്നു. റബ്‌വ ജാമിഅ അഹ്മദിയ്യായിൽ പ്രൊഫസറുമായിരുന്നു. ഇപ്പോൾ അമേരിക്കയിലായിരുന്ന ഇദ്ദേഹം കഴിഞ്ഞ ദിവസം 93-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഇദ്ദേഹത്തിന്റെ പിതാവിന്റെ പേര് സ്വലാഹ് മുഹമ്മദ് സാഹിബ് എന്നായിരുന്നു. സൂര്യചന്ദ്ര ഗ്രഹണം കണ്ടപ്പോൾ ഇമാം മഹ്ദിയെ അന്വേഷിക്കാൻ തുടങ്ങുകയും അതിനു കുറേ വർഷങ്ങൾക്കു ശേഷം 1901-ൽ ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിക്കുകയുമുണ്ടായി. വിദൂരദേശമായിരുന്നതിനാൽ അദ്ദേഹത്തിന് ഖാദിയാൻ സന്ദർശിക്കാൻ വരാൻ കഴിഞ്ഞില്ല. മീർ സ്വലാഹ് മുഹമ്മദ് സാഹിബ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ച കാരണത്താൽ അദ്ദേഹത്തിന് കഠിനമായ എതിർപ്പും നേരിടേണ്ടിവന്നിട്ടുണ്ട്. ഇദ്ദേഹത്തിന്റേത് ഗ്രാമത്തിലെ ഏക അഹ്മദി കുടുംബമായിരുന്നു. മീർ ഗുലാം അഹ്മദ് നസീം സാഹിബ് പഠനത്തിനിടയിൽ 1947-ൽ ജീവിതം വഖ്ഫു ചെയ്യാൻ കത്തയക്കുകയും അതിന് അംഗീകാരം ലഭിക്കുകയും ചെയ്തു. അതോടൊപ്പം പഠനം തുടരാനും അദ്ദേഹത്തിന് നിർദ്ദേശം ലഭിക്കുകയുണ്ടായി. 1948-ൽ വിഭജനത്തിനു ശേഷം അഹ്മദ് നഗറിൽ ആരംഭിച്ച മദ്റസ അഹ്മദിയ്യയിൽ പഠനം ആരംഭിച്ചു. 1954-ൽ മൗലവി ഫാളിൽ കോഴ്സ് പാസ്സായി. തുടർന്ന് ജാമിഅത്തുൽ മുബശ്ശിരീനിൽനിന്ന് ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. 1957-ൽ കർമരംഗത്ത് ഇറങ്ങി. 1960-ൽ സിയറാ ലിയോണിലെത്തി. അവിടെ 3 വർഷം മുബല്ലിഗായിരുന്നു. അതോടൊപ്പം ഡോവിലെ അഹ്മദിയ്യാ സ്കൂളിൽ ഹെഡ്മാസ്റ്ററായും സേവനം ചെയ്തിട്ടുണ്ട്. പാകിസ്താനിൽ തിരിച്ചുവന്ന ശേഷം ജാമിഅ അഹ്മദിയ്യായിൽ നിയമിക്കപ്പെട്ടു. ഇവിടെ ലൈബ്രറി ഇൻചാർജായി സേവനം ചെയ്യുകയുണ്ടായി. ഇതിനിടയിൽ അദ്ദേഹം പഞ്ചാബ് യൂണിവേർസിറ്റിയിൽ നിന്ന് അറബിയിൽ എം.എ പാസ്സായി. 1966-ൽ ഘാനയിൽ നിയമിക്കപ്പെട്ടു. ഇവിടെ അദ്ദേഹം നാലേകാൽ വർഷം സേവനം ചെയ്തു. 1970-ൽ കേന്ദ്രത്തിലേക്ക് തിരിച്ചു വിളിച്ചു. 1970-മുതൽ 1975-വരെ ജാമിഅ അഹ്മദിയ്യായിൽ പ്രത്യേകമായും വിദേശ വിദ്യാർഥികളെ പഠിപ്പിക്കുന്നതിന് നിയമിതനായി. 75-മുതൽ 79-വരെ നാലു വർഷം ആഫ്രിക്കയിലെ സാംബിയയിൽ മുബല്ലിഗായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1980-മുതൽ 1997-വരെ ജാമിഅ അഹ്മദിയ്യായിൽ ചരിത്രത്തിന്റേയും സ്വൂഫിസത്തിന്റേയും വിഷയങ്ങൾക്കുള്ള ഉസ്താദായി സേവനം ചെയ്തിട്ടുണ്ട്.

അദ്ദേഹത്തിന്റെ ജീവിതസംഭവങ്ങളിൽ പറയുന്നു: അദ്ദേഹം സിയറാ ലിയോൺ, ഘാന, സാംബിയ എന്നിവടങ്ങളിൽ 11 വർഷം സേവനനിരതനായിരുന്നു. ഇക്കാലമത്രയും കൂടെ കുടുംബമില്ലാതെയാണ് കഴിച്ചു കൂട്ടിയത്. അദ്ദേഹത്തിന്റെ ഭാര്യയേയും അവരുടെ ത്യാഗത്തെയും പറ്റി ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം ഒരു പ്രഭാഷണത്തിൽ പറഞ്ഞിട്ടുണ്ട്.

ഇദ്ദേഹത്തിന്റെ ഭാര്യ അമത്തുൽ മന്നാൻ കൻവൽ സാഹിബ റബ്‌വയിലെ ഫള്‌ലെ ഉമർ ഗേൾസ് സ്കൂൾ ഹെഡ്മിസ്ട്രസ് ആയിരുന്നു. അല്ലാഹു ഇവർക്ക് 4 മക്കളെ നൽകിയിട്ടുണ്ട്. എല്ലാവരും നല്ല വിദ്യാസമ്പന്നരാകുന്നു.

അവരുടെ ഒരു മകൾ ഡോക്ടർ അമത്തുശ്ശക്കൂർ സാഹിബ ഡോക്ടർ അബ്ദുൽ ഹഫീള് സാഹിബിന്റെ ഭാര്യയാണ്. ഇവർ അമേരിക്കയിലാണ്. ഇവരും നുസ്വ്റത്ത് ജഹാൻ സ്കീമിനു കീഴിൽ ഗാംബിയയിലും ടൻസാനിയയിലും 11 വർഷത്തോളം സേവനം ചെയ്തിട്ടുണ്ട്.

ഇദ്ദേഹത്തിന്റെ വൈജ്ഞാനിക സേവനങ്ങളുമുണ്ട്. ഖാമൂസുർറുഅ്‌യാ സ്വപ്ന വ്യാഖ്യാനം അക്ഷരമാല ക്രമത്തിൽ എന്നതാണ് ഒരു പുസ്തകം, തസ്വവ്വുഫ് റൂഹാനി സയൻസ് എന്നതാണ് രണ്ടാമത്തെ പുസ്തകം. യാദെ അയ്യാം എന്ന സ്വന്തം ജീവചരിത്ര ഗ്രന്ഥമാണ് മൂന്നാമത്തെ പുസ്തകം.

ഓസ്ട്രേലിയ മുബല്ലിഗ് ഇൻചാർജ് ഇൻആമുൽ ഹഖ് ഖുറയ്ശി സാഹിബ് എഴുതുന്നു: വിനയാനതനായി കുട്ടികളെ പഠിപ്പിക്കുകയും അവരെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ഞാൻ ബ്രിട്ടീഷ് ഗയാനയിൽ പര്യടനത്തിനു പോയിട്ടുണ്ട്. അവിടെ മൂന്നുനാല് ഗ്രാമങ്ങളിൽ ഇദ്ദേഹം മുഖേനയാണ് ജമാഅത്തുകൾ സ്ഥാപിതമായത്. അവിടെയുള്ള പഴയകാല ആളുകൾ അദ്ദേഹത്തെ നല്ല രീതിയിൽ ഇന്നും ഓർക്കുന്നു. ഇദ്ദേഹത്തിന്റെ ഫോട്ടോയും അവരുടെ പക്കലുണ്ട്. അല്ലാഹു അദ്ദേഹം മുഖേന ബ്രിട്ടീഷ് ഗയാനയിൽ നല്ല ശക്തമായ ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നു.

സുറിനാം മുബല്ലിഗ് ലഈഖ് മുശ്താഖ് സാഹിബ് എഴുതുന്നു: മൗലാനാ മീർ ഗുലാം അഹ്മദ് നസീം സാഹിബ് ഗയാനയിൽ താമസിക്കുമ്പോൾ 67 മുതൽ 69 വരെ സുരിനാമിൽ 3 പര്യടനം നടത്തിയിരുന്നു. ഇവിടെ ആഴ്ചകളോളം താമസിച്ച് ജമാഅത്തിനെ വീണ്ടും സക്രിയമാക്കി. ഇക്കാലഘട്ടത്തിൽ വിവിധ കാരണങ്ങളാൽ ജമാഅത്തിലെ ഭൂരിപക്ഷമാളുകളും വേറിട്ടു പോയിരുന്നു. ഏതാനും അഹ്മദികളെ ബാക്കിയുണ്ടായിരുന്നുള്ളൂ. അവർക്കും കേന്ദ്രവുമായി ബന്ധമില്ലായിരുന്നു. ഈ സാഹചര്യത്തിൽ മൗലാനാ ഗുലാം അഹ്മദ് നസീം സാഹിബ് ഗയാനയിൽ നിന്ന് സുരിനാമിൽ വരികയും 1967 സെപ്തംബർ 15-ന് ആദ്യത്തെ യോഗം വിളിക്കുകയും ചെയ്തു. അതിൽ 6 പേരാണ് പങ്കെടുത്തത്. ജമാഅത്തുമായി അഭേദ്യമായ ബന്ധം പുലർത്തുന്നതാണെന്ന് അവർ ശപഥം ചെയ്തു. ഈ ദിവസങ്ങളിൽ മൗലവി ശാഹ് അഹ്മദ് നൂറാനിയും സുരിനാമിൽ വന്നിട്ടുണ്ടായിരുന്നു. അയാൾ എല്ലാഭാഗത്തും ജമാഅത്തിനെതിരിൽ വിദ്വേഷ പ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. മൗലാനാ നസീം സാഹിബും യോഗങ്ങൾ നടത്തി അയാളുടെ ആരോപണങ്ങൾക്ക് മറുപടി കൊടുത്തു കൊണ്ടിരുന്നു. കൂടാതെ റേഡിയോയിലൂടെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തെ സംബന്ധിച്ച് 3 പ്രോഗ്രാമുകളും നടത്തുകയുണ്ടായി. 1968 മെയ് മാസം രണ്ടാമത്തെ പര്യടനവേളയിൽ മസ്ജിദ് നിർമാണത്തോടൊപ്പം മിഷൻ ഹൗസിനും തറക്കല്ലിട്ടു. അത് ഏതാനും വർഷങ്ങൾക്കകം പൂർത്തിയാകുകയും ചെയ്തു. ലാഹോരി ജമാഅത്തിന്റെ ഇമാം അബ്ദുർറഹീം ജഗോനേയും സുന്നി ജമാഅത്ത് ഇമാമിനേയും സംവാദത്തിനുവേണ്ടി വെല്ലുവിളിക്കുകയും ചെയ്തിരുന്നു. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് ഫോൾഡറുകളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1968 ജൂൺ 21-ന് ജമാഅത്തിലെ ഒരു അംഗത്തിന്റെ വീട്ടിൽ സംഘടിപ്പിച്ച ചോദ്യോത്തര സദസ്സിനിടയിൽ ഭീകരവാദികളായ മുസ്‌ലിമീങ്ങൾ ജമാഅത്തിലെ അംഗങ്ങളെ ആക്രമിക്കുകയുണ്ടായി. ഹെഡ്ടേബിൾ ഒരു റൂമിലെ വാതിലിനു മുമ്പിൽ വെച്ചിരുന്നു. മൗലാനാ സാഹിബിന്റെ ഇടത്തും വലത്തും ഇരിക്കുന്നുണ്ടായിരുന്ന ആളുകൾ അദ്ദേഹത്തെ തള്ളി റൂമിനകത്താക്കി വാതിലടച്ചു. അക്രമികൾ അഹ്മദികളെ പൊതിരെ മർദ്ദിച്ചു. മരക്കസേരകളെടുത്ത് അവരെ അടിക്കുകയും ചെയ്തു. ഈ സംഭവത്തിൽ പുരുഷന്മാർക്കു പുറമേ നിരവധി സ്ത്രീകൾക്കും പരിക്കുപറ്റി. മൗലാനാ സാഹിബ്, എന്നെ റൂമിൽനിന്ന് പുറത്തെത്തിക്കൂ ഞാനും അവരെ നേരിടാമെന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. വലിയ ധൈര്യശാലിയായിരുന്നു. അക്രമികൾ മൗലാനാ സാഹിബിന്റെ ബ്രീഫ് കെയ്സ് എടുത്തുകൊണ്ടു പോയി. അതിൽ അദ്ദേഹത്തിന്റെ പാസ്പോർട്ടും മറ്റുസാധനങ്ങളുമുണ്ടായിരുന്നു. കുറേ ദിവസങ്ങൾക്കുശേഷം പോലീസ് അത് കണ്ടെടുക്കുകയുണ്ടായി. ഏതായാലും ഈ സംഭവത്തെ തുടർന്ന് അദ്ദേഹം നല്ല നിലയിൽ പോലീസിനേയും ബന്ധപ്പെട്ട ഓഫീസർമാരേയും കണ്ട് അഹ്

മദികളുടെ സംരക്ഷണം ഉറപ്പാക്കാൻ ശ്രമിക്കുകയുണ്ടായി.

കൾച്ചറൽ സെൻട്രലിൽ ഇസ്‌ലാമും സമകാലീന സമസ്യകളും എന്ന പേരിൽ പ്രഭാഷണം നടത്തിയിട്ടുണ്ട്. കേന്ദ്രവുമായി ബന്ധം സജീവമാക്കാൻ അഹ്‌മദികളെ ഉപദേശിക്കുമായിരുന്നു. ഏതായാലും ചിതറിക്കിടന്നിരുന്ന ഒരു ജമാഅത്ത് അദ്ദേഹത്തിന്റെ ശ്രമഫലമായി വീണ്ടും സ്വന്തം കാലിൽ നിൽക്കാൻ കെൽപുള്ളതായി മാറി. അതിനുശേഷം പോയ മുബല്ലിഗുമാരും ഇതിനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൂടുതൽ സുദൃഢമാക്കുകയുണ്ടായി ഇതിപ്പോൾ ശക്തമായ ജമാഅത്താകുന്നു.

അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറക്കും ഈ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖു നൽകുകയും ചെയ്യുമാറാകട്ടെ.

അടുത്ത അനുസ്മരണം അമേരിക്കയിലെ മുൻ അമീർ ഡോക്ടർ ഇഹ്സാനുല്ലാഹ് ള്വഫ്ർ സാഹിബിനെ കുറിച്ചാകുന്നു. ഇദ്ദേഹം കഴിഞ്ഞ ദിവസം 81-ാം വയസ്സിൽ വഫാത്തായി.  ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. ഒരു നീണ്ടകാലം പ്രാദേശിക സ്വദ്റും അമേരിക്കൻ നാഇബ് അമീറുമായും 2002 മുതൽ 2016 വരെ അമേരിക്കൻ അമീറായും അദ്ദേഹത്തിനു സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. ഒരുപാടു നന്മകളുള്ള, സ്നേഹമുള്ള, വാത്സല്യം പ്രകടിപ്പിക്കുന്ന, വളരെ നിശ്ചയദാർഢ്യമുള്ള വ്യക്തിയായിരുന്നു. സന്തപ്ത കുടുംബത്തിൽ രണ്ട് പെൺമക്കളുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ ഏതാനും വർഷം മുമ്പേ ഒരു അപകടത്തിൽ മരണപ്പെട്ടിരുന്നു. മകനും അതേപോലെ മരണപ്പെടുകയുണ്ടായി. ഈ ദുഖവും അദ്ദേഹം വളരെ സഹനത്തോടെയും നിശ്ചയ ദാർഢ്യത്തോടെയും സഹിക്കുകയുണ്ടായി. ഒരിക്കലും പരാതിയൊന്നും പറഞ്ഞിരുന്നില്ല.

അദ്ദേഹത്തിന്റെ മകൾ ഡോക്ടർ ഹാന മർയം പറയുന്നു: എന്റെ പിതാവ് നല്ല നന്മകളും ദീനുമുള്ള വ്യക്തിയായിരുന്നു. നമസ്കാരം, ഖുർആൻ, ചന്ദകൾ എന്നിവയിൽ കൃത്യനിഷ്ഠയും അല്ലാഹുവുമായി വ്യക്തി ബന്ധം വർധിപ്പിക്കുന്നതിൽ വ്യാപൃതനുമായിരുന്നു. ദിവസത്തിൽ പല തവണ ഒറ്റക്കും സദസ്സിൽ ഇരിക്കുമ്പോഴും കൈകളുയർത്തി ദുആ ചെയ്യുമായിരുന്നു. അതിൽ മറ്റുള്ളവർ തന്നെപ്പറ്റി എന്തുകരുതുമെന്ന് അദ്ദേഹം ഒരിക്കലും ചിന്തിച്ചിരുന്നില്ല. ജീവിതത്തിലെ പ്രയാസങ്ങൾ ഉണ്ടായിരുന്നിട്ടുകൂടി അല്ലഹുവിനോടു നന്ദിയുള്ളവരായിരിക്കാൻ അദ്ദേഹം മക്കളോടു ഉപദേശിക്കുമായിരുന്നു. പറയുന്നു; എന്റെ പിതാവ് ഖിലാഫത്തിനോടു വളരെ ആത്മാർഥതയും കൂറുമുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ ദീനീപരവും ചരിത്രപരവും രാഷ്ട്രീയ പരവുമായ അറിവ് വളരെ വിശാലമായിരുന്നു. അവസാനമായി ആശുപത്രിയിൽ പോകുന്ന ദിവസവും പത്രം വായിച്ചിരുന്നു. ഖലീഫത്തുൽ മസീഹിന്റെ ഖുത്വ്ബ കേൾക്കുകയും ഹുദൂറിന്റെ ചരിത്ര സംബന്ധിയായ ഇന്റർവ്യൂ കേൾക്കുകയും മകളായ എന്നോടു കേൾക്കാൻ പറയുകയും ചെയ്തിരുന്നു. തന്റെ അറിവും അഭിപ്രായവും മറ്റുള്ളവരുടേതിനെക്കാൾ മുന്തിച്ചിരുന്നില്ല. മറിച്ച് സാവധാനം കേൾക്കുകയും ചിന്തിക്കുകയും തുലനം ചെയ്യുകയും ചെയ്തിരുന്നു. വിശുദ്ധ ഖുർആനും അതിന്റെ തർജമയും സംബന്ധിച്ച് ആഴത്തിലുളള അറിവുണ്ടായിരുന്നു. ഞങ്ങൾക്ക് ഖുർആൻ വാക്കർഥങ്ങൾ പറഞ്ഞു തരുന്നതോടൊപ്പം പ്രസ്തുത അധ്യാപനങ്ങൾക്ക് നമ്മുടെ ജീവിതത്തിലുള്ള സ്വാധീനത്തെപറ്റിയും പറഞ്ഞുതന്നിരുന്നു. വ്യക്തി ജീവിതത്തിൽ നബി(സ)തിരുമേനി  യോടുണ്ടായിരുന്ന സ്നേഹവും പ്രകടമായിരുന്നു. അതുപോലെ അല്ലാഹുവിനോടുള്ള കൃതജ്ഞതയും ഉണ്ടായിരുന്നു. ഒരു ദിവസം ഭക്ഷണം കഴിക്കുന്നതിനിടയിൽ ദുആ ചെയ്യാൻ തുടങ്ങി. എന്നിട്ട് ഞങ്ങളോടു പറഞ്ഞു: നബി(സ)തിരുമേനിയുടേയും സ്വഹാബാക്കളുടേയും പക്കൽ ചിലപ്പോൾ ഭക്ഷണത്തിന് വകയുണ്ടായിരുന്നില്ല. ഈത്തപ്പഴവും റൊട്ടിയും സുർക്കയിൽ മുക്കി കഴിക്കുമായിരുന്നു. നമ്മൾ അല്ലാഹുവിനോടു നന്ദിയുള്ളവരായിരിക്കണം. ആവശ്യക്കാർക്ക് സഹായം ചെയ്യാൻ അദ്ദേഹത്തിന് അതീവ താൽപര്യമായിരുന്നു.

1967-ൽ അദ്ദേഹതിന് അമേരിക്കയിൽ പോകാൻ അവസരം ലഭിച്ചു. വഴിയിൽ അദ്ദേഹം ദരിദ്രനായ ഒരാളെ കാണുകയുണ്ടായി, അയാൾ വായ തുറന്ന് ഒന്നും ചോദിക്കുന്നുണ്ടായിരുന്നില്ല.  പക്ഷേ, അയാളുടെ കണ്ണുകൾ സഹായാർഥനയും വിശപ്പും പ്രകടിപ്പിക്കുന്നുണ്ടായിരുന്നു. എന്റെ പിതാവ് കൈയിലുണ്ടായിരുന്ന പണം അയാൾക്കു നൽകി. അയാൾ കണ്ണുകൊണ്ടുതന്നെ നന്ദി പ്രകടിപ്പിക്കുകയും അടുത്തുള്ള ഭക്ഷണ ശാലയിൽ കയറുകയും ചെയ്തു. കുറച്ചു വർഷം മുമ്പേ അദ്ദേഹം മൂന്നു കാർപെറ്റുകൾ വീട്ടിലേക്ക് വാങ്ങിക്കൊണ്ടുവന്നു.  അതു കണ്ടപ്പോൾ എന്റെ ഉമ്മ പറഞ്ഞു: ഇതു വളരെ വിലപിടിപ്പുള്ളതാണല്ലോ നിങ്ങൾ വാങ്ങിക്കൊണ്ടു വന്നിരിക്കുന്നത്. നമുക്ക് ഇതിന്റെ ആവശ്യമില്ലായിരുന്നു. എന്റെ ഉപ്പ പറഞ്ഞു: ഇതു വിൽക്കുന്ന സ്ത്രീക്ക് ഇതു മാത്രമാണ് വരുമാനം. ഞാൻ അവരുടെ അവസ്ഥ കണ്ടപ്പോൾ അവരെ സഹായിക്കാൻ ആഗ്രഹിച്ചു. എപ്പോഴും മറ്റുള്ളവരുടെ നന്മകളെയാണ് നോക്കിയിരുന്നത്. കുറവുകളെ ശ്രദ്ധിച്ചിരുന്നില്ല. പ്രയാസങ്ങളിലൊരിക്കലും പരിഭ്രമി ക്കരുതെന്നും എപ്പോഴും എല്ലാ കാര്യവും അല്ലാഹുവിനോടു ചോദിക്കണമെന്നും അല്ലാഹു നൽകിയതിൽ തൃപ്തിപ്പെടണമെന്നും  മക്കളെ  ഉപദേശിക്കുമായിരുന്നു. ഈ ഉപദേശം ഞങ്ങൾക്ക് കൂടെക്കൂടെ നൽകുമായിരുന്നു.

ഡോക്ടർ നസീം റഹ്‌മത്തുല്ലാഹ് സാഹിബ് അദ്ദേഹത്തെപ്പറ്റി  എഴുതുന്നു: ഞാൻ 1989-മുതൽ ഡോക്ടർ ഇഹ്സാനുല്ലാഹ് ള്വഫ്ർ സാഹിബിന്റെ കൂടെ ജോലി ചെയ്യുന്നു. അദ്ദേഹം വളരെ നന്മയുള്ള മുത്തഖിയായ മനുഷ്യനായിരുന്നു. ഖിലാഫത്തിനോടു വളരെ ആഴത്തിലുളളതും ആസക്തപരവുമായ   സ്നേഹമായിരുന്നു. ഡോക്ടർ മുബശ്ശിർ മുംതാസ് സാഹിബ് അമേരിക്ക പറയുന്നു: അദ്ദേഹം ആമില അംഗങ്ങൾക്ക് വളരെ സൗമ്യഭാവത്തിൽ നിർദ്ദേശങ്ങൾ നൽകിയിരുന്നു. അദ്ദേഹത്തിനേതെങ്കിലും അഭിപ്രായത്തോട് വിയോജിപ്പുണ്ടെങ്കിൽ അത് നിരാകരിക്കുന്നതിന് തെളിവുകൾ സമർപ്പിച്ചുകൊണ്ട് മനസ്സിലാക്കി തന്നിരുന്നു. ഒരിക്കലും തന്റെ അഭിപ്രായം അടിച്ചേൽപ്പിക്കുമായിരുന്നില്ല. ഗൗരവമുള്ള കാര്യങ്ങൾ പറയുമ്പോഴും പരുഷമായി പറഞ്ഞിരുന്നില്ല. പറയുന്ന കാര്യങ്ങൾ മനസ്സിലേക്ക് ഇറങ്ങിച്ചെല്ലുമായിരുന്നു.

മിർസാ ഇഹ്സാൻ എഴുതുന്നു: എനിക്ക് ഇഹ്സാനുല്ലാഹ് ള്വഫ്ർ സാഹിബിനോടൊപ്പം നീണ്ടകാലം പ്രവർത്തിക്കാൻ അവസരം കിട്ടിയിട്ടുണ്ട്. അമീർ എന്ന നിലയ്ക്ക് അഹ്‌മദികളെ ഖിലാഫത്തു മായും ജമാഅത്തുമായും ശക്തമായി ബന്ധിപ്പിച്ചു നിറുത്തുന്നത് കണ്ടിട്ടുണ്ട്. അദ്ദേഹം ലളിത സ്വഭാവിയും സഹാനുഭൂതിയുള്ള ആളും രഞ്ജിപ്പിനു ശ്രമിക്കുന്ന വ്യക്തിയും സാധുക്കളോടു സഹതാപമുള്ള ആളും പ്രദർശനപരതയില്ലാത്ത, പിശുക്കും അത്യാർത്തിയും ഒട്ടുമില്ലാത്ത വ്യക്തിയുമായിരുന്നു. തന്റെ ഖജനാവ് ജമാഅത്തിനും ദരിദ്രർക്കുമായി തുറന്ന് വെക്കുന്ന ആളുമായിരുന്നു. വിശുദ്ധ ഖുർആൻ തഫ്‌സീറിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥപാരായണത്തിലും മുഴുകിയിരുന്നു. അഹങ്കാരം സ്വാർഥത എന്നിവയിൽനിന്ന് തികച്ചും മുക്തനായിരുന്നു. കാലത്തിന്റെ ഖലീഫയുടെ അൽപമാത്രമായ നീരസത്തിലും അസ്വസ്ഥഭരിതനാകുമായിരുന്നു. ഇത് ഞാൻ സ്വയവും അറിഞ്ഞിട്ടുണ്ട്. എന്തെങ്കിലും ചെറുതായി അദ്ദേഹത്തെപ്പറ്റി ഞാനെഴുതിയാൽ വളരെ അസ്വസ്ഥനായിക്കൊണ്ട് ഉടൻതന്നെ മാപ്പപേക്ഷി ക്കുകയും  അവസ്ഥകൾ അതിനനുസൃതമാക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു.  പുസ്തകങ്ങളോടു വലിയ താൽപര്യമായിരുന്നു. അദ്ദേഹത്തിന്റെ സ്വകാര്യ ലൈബ്രറിയിലുണ്ടായിരുന്ന പുസ്തകങ്ങൾ കാണുമ്പോൾ അത്ഭുതം തോന്നാറുണ്ട്. അദ്ദേഹത്തിന് വിശുദ്ധ ഖുർആനോടു സ്നേഹവും അനുരക്തിയുമുണ്ടായിരുന്നു. ഏത് സദസ്സാണെങ്കിലും ചടങ്ങാണെങ്കിലും വിശുദ്ധ ഖുർആനിലെ ആയത്തുകളെ പറ്റി ചിന്തിച്ചു കൊണ്ടിരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ സദസ്സുകൾ ലാളിത്യംകൊണ്ട് ആരേയും ആകർഷിക്കുമായിരുന്നു. അമീർ എന്ന നിലയ്ക്ക് ഒരു പ്രോട്ടോകാളും ഇല്ലായിരുന്നു. വളരെ ലളിത സ്വഭാവിയായിരുന്നു.

ള്വഹീർ ബാജ്‌വ സാഹിബ് എഴുതുന്നു: ഒരു സുഹൃത്ത് എന്നോടു പറഞ്ഞു: ഡോക്ടർ സാഹിബ് നിശബ്ദനായി മസ്ജിദിൽവന്ന് ആരുമില്ലെന്ന് കണ്ടാൽ മസ്ജിദും ബാത്ത്റൂമും വൃത്തിയാക്കുമായിരുന്നു. അതിനുള്ള കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "ഇങ്ങനെ എനിക്കെന്റെ ആത്മാവിനേയും ശുദ്ധീകരിക്കാൻ കഴിയുന്നു.വളരെ വിനയാനതനായിരുന്നു. ഡോക്ടർ സാഹിബിന്റെ അല്ലാഹുവിനോടുള്ള സ്നേഹവും നബി(സ)തിരുമേനിയുടെ സ്ഥാനത്തെ പറ്റിയുള്ള തിരിച്ചറിവും ഹദ്റത്ത് മസീഹു മൗഊദ്(അ)നോടുള്ള സ്നേഹവും ഖലീഫമാരോടുള്ള വിശ്വാസവും അനുപമമായിരുന്നു. അദ്ദേഹത്തിന് വിശുദ്ധ ഖുർആനോടുണ്ടായിരുന്ന സ്നേഹം വിവരണാതീതമാണ്. കാറിൽ ഞങ്ങളൊന്നിച്ച് യാത്ര ചെയ്യുമ്പോഴെല്ലാം വിശുദ്ധ ഖുർആന്റെ സി.ഡി. വെക്കുമായിരുന്നു. വീട്ടിൽ എപ്പോഴും എം.ടി.എ വെച്ചിരുന്നു. ബയ്ത്തുർറഹ്‌മാൻ മസ്ജിദിൽ വരുമ്പോഴെല്ലാം എം.ടി.എ അല്ലെങ്കിൽ തിലാവത്ത് വെക്കുമായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ എല്ലായിടത്തും ഖുർആനും തഫ്‌സീറുകളും ഉണ്ടായിരുന്നു. ഗ്രന്ഥങ്ങളുടെ ഒരു വലിയ ശേഖരം വീട്ടിലെ എല്ലാ റൂമിലുള്ള അലമാരകളിലും ഉണ്ടായിരുന്നു. വെറുതെ വെക്കുകയല്ല അത് പാരായണവും ചെയ്യുമായിരുന്നു.

ഡോക്ടർ സാഹിബിന്റെ ഉമ്മയുടെ ആഗ്രഹം അദ്ദേഹം റബ്‌വയിൽ പഠിക്കുന്ന കാലത്ത് എല്ലാ ദിവസവും ഹദ്റത്ത് മിർസാ ബശീർ സാഹിബിന്റെയും ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകിയുടെയും അടുക്കൽ പോയി ദുആക്കപേക്ഷിക്കണമെന്നതായിരുന്നു. ഡോക്ടർ സാഹിബ് പറയുന്നു: ഞാൻ അതിന് കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുമുണ്ട്. എന്റെ വിദ്യാഭ്യാസ മേഖലയിലുള്ള വിജയത്തിലും തർബിയ്യത്തിലും ഈ മഹാത്മാക്കളുടെ വലിയൊരു പങ്കുണ്ട്. അദ്ദേഹം എല്ലാവരോടും സ്നേഹമുള്ള ആളായിരുന്നുവെങ്കിലും ദരിദ്രരായ അഹ്‌മദികളോടു അദ്ദേഹത്തിന്റെ കണ്ണുകളിൽ ഉണ്ടാ യിരുന്ന സ്നേഹം വർണനാതീതമാണ്. അദ്ദേഹത്തിന് ആരെപ്പറ്റിയും മോശമായി ചിന്തിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ, സുഖകരമായ നല്ല സാഹചര്യങ്ങളുണ്ടായിട്ടും ജമാഅത്തിനുവേണ്ടി ത്യാഗം ചെയ്യാൻ മുന്നോട്ടു വരാൻ തയ്യാറാകാത്തവരെപ്പറ്റി ഡോക്ടർ സാഹിബിന്റെ മനസ്സിൽ അസ്വസ്ഥത ഉണ്ടായിരുന്നു. അത് ഇടക്കിടെ പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.  എല്ലാ അഹ്‌മദികളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശരിയായ സ്ഥാനം മനസ്സിലാക്കണമെന്ന് അദ്ദേഹത്തിന് അതിയായ ആഗ്രഹമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ഉൾക്കൊള്ളുകയും അത് പരത്തുകയും ചെയ്യണമെന്നതും അദ്ദേഹത്തിന്റെ ഉൽക്കടമായ ആഗ്രഹമായിരുന്നു. അതിനുവേണ്ടി അദ്ദേഹം പുതിയ പുതിയ മാർഗങ്ങളെ പറ്റി ചിന്തിച്ചു കൊണ്ടിരിക്കുകയും എനിക്കും പലപ്പോഴും അതിനെപ്പറ്റി എഴുതുകയും ചെയ്തിരുന്നു.

മസ്ജിദുകളുണ്ടാക്കുന്ന കാര്യത്തിലും അദ്ദേഹത്തിന് അതീവ ശ്രദ്ധയായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് നിരവധി മസ്ജിദുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് ദുആയിലും വലിയ വിശ്വാസമായിരുന്നു. ഒരിക്കൽ ആരോ ആമില മീറ്റിംഗിൽ ദുആയുടെ മാഹാത്മ്യം കുറയ്ക്കുന്ന രീതിയിൽ സംസാരിക്കുകയുണ്ടായി. പറയുന്നു; അന്ന് ആമിലയിൽ ദ്വേഷപ്പെട്ടതുപോലെ അദ്ദേഹത്തെ മറ്റൊരിക്കലും കണ്ടിട്ടില്ല.

വളരെ ലളിത ജീവിതം നയിക്കുന്ന ആളായിരുന്നു. എന്തെങ്കിലും ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ അത് മസ്ജിദ് നിർമിക്കാനുള്ള താൽപര്യമായിരുന്നു. എല്ലാവരുടെ അഭിപ്രായവും മാനിച്ചിരുന്നു. പക്ഷേ, മസ്ജിദ് നിർമിക്കണ്ടെന്ന് പറയുന്നവരുടെ വർത്തമാനം ആ രീതിയിൽമാത്രമെ കണ്ടിരുന്നുള്ളു. ആരോഗ്യമുള്ള കാലമത്രയും വില്ലിംഗ്ബോറോയിലെ മസ്ജിദ് ബയ്ത്തുന്നസ്വ്റിന്റെയും ലങ്കർഖാനയുടെയും ശുചീകരണം സ്വന്തമായി ചെയ്തിരുന്നു.  അദ്ദേഹത്തിനെപ്പോഴും സാമ്പത്തിക ത്യാഗത്തിൽ വളരെ മുന്നേറാൻ അല്ലാഹു തൗഫീഖ് നൽകിയിരുന്നു.ഇപ്പോഴത്തെ അമേരിക്കൻ അമീർ മിർസാ മഗ്ഫൂർ അഹ്‌മദ് സാഹിബ് എഴുതുന്നു: അല്ലാഹു അദ്ദേഹത്തിനു ആദ്യം നീണ്ടകാലം നാഇബ് അമീറായും പിന്നെ  അമേരിക്കൻജമാഅത്ത് അമീർ എന്ന നിലയ്ക്കും സേവനത്തിന് തൗഫീഖ് നൽകിയിരുന്നു. എന്റെ പര്യടന വേളകളിൽ അദ്ദേഹമായിരുന്നു അമീർ. ഞാൻ 3 പര്യടനം അമേരിക്കയിൽ നടത്തിയിട്ടുണ്ട്. വളരെ നല്ല നിലയിൽ അദ്ദേഹം പ്രസ്തുത പര്യടനങ്ങൾ പൂർത്തിയാക്കാനുള്ള ഏർപ്പാടുകൾ ചെയ്തു. പറയുന്നു: രോഗാതുരനായതുകൊ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmial.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly BADAR Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 23 May 2024 Issue-21

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ണ്ട് വർഷങ്ങളായി അദ്ദേഹത്തിന്റെ സഞ്ചാരം പരിമിതമായിരുന്നു. പക്ഷേ, ഇമാറത്തിന്റെ ഉത്തരവാദിത്വങ്ങൾ വളരെ നല്ല നിലയിൽത്തന്നെ നിറവേറ്റിക്കൊണ്ടിരുന്നു. അദ്ദേഹം സംസാരത്തിൽ അധികവും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിക്കുമായിരുന്നു. സംസാരിക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് സംസാരിക്കുകയും ഗ്രന്ഥങ്ങളുടെ റഫറൻസ് നൽകുകയും ചെയ്തിരുന്നു. ഹുദൂർ(അ)നോടു ഒരു പ്രത്യേക ബന്ധം പ്രകടമായിരുന്നു. ഖിലാഫത്തിനോടു വളരെ ഗഹനവും അനുസരണവുമുള്ള ബന്ധമായിരുന്നു.

ഇപ്പോഴത്തെ അമേരിക്കൻ അമീർ സാഹിബ് എനിക്കെഴുതുന്നു: അങ്ങയുടെ എല്ലാ നിർദേശങ്ങളും ഉടൻതന്നെ അഹ്മദികളിലേക്കെത്തിക്കാൻ ശ്രമിച്ചിരുന്നു. ഏതായാലും ഞാനും കണ്ടിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ഖിലാഫത്തിനോടുള്ള അനുസരണം അനുപമമായിരുന്നു. തന്റെ അഭിപ്രായങ്ങൾ വളരെ സന്തോഷപൂർവം ഒഴിവാക്കുമായിരുന്നു.

അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കു അല്ലാഹു താൻതന്നെ സംരക്ഷണം നൽകുമാറാകട്ടെ. അവർക്ക് അദ്ദേഹത്തിന്റെ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

**(പേജ് 1 ൽനിന്ന്)**

വലിയ ജോലി ഉണ്ടാകാൻ തുടങ്ങുമ്പോൾ ആദ്യമെതന്നെ അതിനുളള തയ്യാറെടുപ്പ് നടത്താൻ തുടങ്ങുന്നു. മക്കയിൽ നബി(സ)തിരുമേനിയുടെ വെളിപ്പെടൽ വിധിക്കപ്പെട്ടതായിരുന്നു. അതുകൊണ്ട് അല്ലാഹു അതു സംബന്ധമായി 2000 വർഷം മുമ്പേ ഹദ്റത്ത് ഇസ്മായീൽ(അ)മുഖേന തയ്യാറെടുപ്പ് തുടങ്ങി. ഇതു എത്രവലിയ സ്ഥാനമാണ് നബി(സ)തിരുമേനിക്ക് കരസ്ഥമായത്! രണ്ടായിരം വർഷം മുമ്പേ അല്ലാഹു ഹദ്റത്ത് ഇബ്റാഹീം(അ),ഹദ്റത്ത് ഇസ്മായീൽ(അ)എന്നിവർക്ക് തന്റെ ആ ഭവനത്തെ വൃത്തിയാക്കിവെക്കുക എന്ന് അല്ലാഹു കൽപ്പന കൊടുക്കുന്നു. കാരണം ഇവിടെ എന്റെ നബി വരാൻപോകുകയാണ്, അദ്ദേഹത്തിന്റെ പ്രകാശത്താൽ മുഴുലോകവും പ്രകാശമാനമായിത്തീരും. അങ്ങനെ പറഞ്ഞു:ത്വഹ്ഹിർ ബയ്ത്തിയ ലിത്ത്വാഇഫീന വൽഖാഇമീന വർറുക്കയിസ്സുജൂദ് ത്വവാഫു ചെയ്യുന്നതിന് ഇവിടെ വരുന്നവർക്കുവേണ്ടി നിങ്ങളെന്റെ ഈ ഭവനത്തെ തയ്യാറാക്കി വെക്കുക. അവർ താമസിക്കുന്നതിനുവേണ്ടി ഇവിടെ വരുന്നതായിരിക്കും. അവർ ഇവിടെ വന്ന് റുകൂഉം സുജൂദും ചെയ്യുന്നതായിരിക്കും. എന്നാൽ, ഹദ്റത്ത് ഇസ്മായീൽ(അ)ന്റെ കാലഘട്ടത്തിലും അതിനുശേഷം എത്രയെത്ര ആളുകളാണ് ഈ ഉദ്ദേശ്യത്തോടുകൂടി ഇവിടെ വരാറുണ്ടായിരുന്നത്. പ്രദക്ഷിണം ആളുകൾ എന്തായാലും ചെയ്യാറുണ്ടായിരുന്നു. എന്നാൽ, അവിടെപോയി തങ്ങളുടെ ആയുസ്സ് മുഴുവൻ അല്ലാഹുവിന്റെ ദീനിന്റെ സേവനത്തിനുവേണ്ടി സമർപിച്ചിരുന്ന എത്ര ആളുകളാണുണ്ടായിരുന്നത്. നബി(സ)തിരുമേനിക്കു മുമ്പേയുള്ള നൂറുക്കണക്കിന് വർഷങ്ങളുടെ ചരിത്രം സുരക്ഷിതമാണ്. എന്നാൽ, ആ ചരിത്രംതന്നെ പറയുന്നത് അക്കാലത്ത് അവിടെ ബിംബാരാധനയായിരുന്നുവെന്നാണ്. അല്ലാഹുവിനുവേണ്ടി ഇഅ്തികാഫ് ഇരിക്കുന്നവരാരുമുണ്ടായിരുന്നില്ല. അല്ലാഹുവിനുവേണ്ടി അവിടെ താമസിക്കുന്നവരുമുണ്ടായിരുന്നില്ല. അല്ലാഹുവിനുവേണ്ടി അവിടെ റുക്കൂഉം നടന്നിരുന്നില്ല. അല്ലാഹുവിനുവേണ്ടി അവിടെ സുജൂദും നടന്നിരുന്നില്ല. എന്നല്ല ആരാണോ അല്ലാഹുവിന്റെ നാമം അവിടെ മുഴക്കിയത് അവരെ വധിക്കുകയും മർദിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് ഇവിടെ വിവരിക്കപ്പെട്ട കാര്യങ്ങൾ അതായത് പ്രദിക്ഷണം ചെയ്യുന്നവർക്കും താമസിക്കുന്നവർക്കും ഇവിടെ വരുന്ന റുക്കൂഅ് ചെയ്യുന്നവർക്കും സുജൂദ് ചെയ്യുന്നവർക്കും വേണ്ടി എന്റെ ഈ ഭവനത്തെ തയ്യാറാക്കിയ വെക്കുക എന്നത് നബി(സ)തിരുമേനിയുടെ കാലത്തുമാത്രം നടക്കാൻപോകുന്ന കാര്യമായിരുന്നു. ഈ തയ്യാറെടുപ്പിനുവേണ്ടിയാണ് ഹദ്റത്ത് ഇസ്മായീൽ(അ)നെ നിശ്ചയിച്ചിരുന്നത്. ഇനിയുള്ളത് പിന്നെ ഹദ്റത്ത് ഇസ്മായീൽ(അ)എന്തുജോലിയാണ് ചെയ്തതെന്നതാണ്? അതിന്റെ മറുപടി ഇതാണ്, അവർ ബാഹ്യമായ നിലയിൽ കഅ്ബ നിർമിച്ചു. ഇപ്രകാരംതന്നെ അവർ മുഖേന അല്ലാഹു സംസം പുറപ്പെടുവിച്ചു. പിന്നീട് നമ്മൾ അവിടെ കാണുന്ന തിന്മകൾ കാരണത്താൽ ഹദ്റത്ത് ഇസ്മായീൽ(അ)നെ ആക്ഷേപിക്കാൻ പറ്റുകയില്ല. യഥാർഥത്തിൽ ചിന്തിക്കേണ്ട വിഷയമെന്തെന്നാൽ, ഹദ്റത്ത് ഇസ്മായീൽ(അ)ഏതൊരു ആളുകളെയാണോ അവിടെ വിട്ടത് അവരിൽ ധാരാളംപേർ അന്യാരാധകരും ബിംബാരാധകരുമായിത്തീർന്നു. എന്നാൽ, ദുൻയാവിലെ ഏതെങ്കിലും വ്യക്തിക്ക് ദീൻപരത്താനുള്ള കഴിവ് അവരുടെ ഉള്ളിലുണ്ടായിരുന്നുവെന്ന കാര്യം നിഷേധിക്കാനാകുമോ? മക്കക്കാർ നിസംശയം നബി(സ)തിരുമേനിയെ എതിർത്തു. കഠിനമായി എതിർത്തു. എന്നല്ല അബൂജഹ്ലിനെ കാണിച്ചുകൊണ്ട് ആർക്കെങ്കിലും പറയാനാകുമോ ഏതൊരു ജനതയിലാണോ അബൂജഹ്ലിനെപ്പോലുളള ആളുകൾ ജനിക്കാൻ പോകുന്നത് അവരെ സംബന്ധിച്ചാണ് ത്വഹ്ഹിർ ബയ്ത്തിയ ലിത്ത്വാഇഫീന വൽഖാഇമീന വർറുക്കയിസ്സുജൂദ് എന്ന പ്രവചനമെന്ന്! അതായത് എന്റെ ഈ ഭവനത്തെ പൂർണമായും തവാഫു ചെയ്യുന്നവർക്കും താമസിക്കുന്നവർക്കും റുക്കൂഅ് ചെയ്യുന്നവർക്കും സുജൂദ് ചെയ്യുന്നവർക്കുംവേണ്ടി തയ്യാറാക്കുക എന്ന് കൽപ്പിച്ചത് ഇവർക്കുവേണ്ടിയാണെന്ന്! ഞാൻ അവരോടു പറയുകയാണ്: അല്ലയോ അജ്ഞനായ മനുഷ്യാ!നിനക്കു അബൂജഹ്ലിനെ കാണാൻ കഴിഞ്ഞു. അവന്റെ ജോലി തീർന്നു. എന്നാൽ, നിനക്ക് അബൂബക്റിനെ കാണാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ജോലിയാണെങ്കിൽ ഇന്നും നടന്നുകൊണ്ടിരിക്കുന്നു. നിനക്ക് ജനിച്ചുമരിച്ച ഉത്ബയേയും ശെയ്ബയേയും കാണാൻ കഴിഞ്ഞു. എന്നാൽ, നിനക്ക് ഉമറിനേയും(റ) ഉഥ്മാനേയും(റ) അലിയേയും(റ) കാണാൻ കഴിഞ്ഞില്ല. അവർക്കാണെങ്കിൽ അനശ്വരമായ ജീവിതം പ്രദാനം ചെയ്യപ്പെട്ടു. അവരുടെ പ്രവർത്തനങ്ങൾ ഖിയാമത്തുന്നാൾവരെ ദുൻയാവിൽനിന്ന് മാഞ്ഞുപോകുകയില്ല. അവർ മോശമായിപ്പോയിരുന്നുവെന്നതിൽ സംശയമില്ല. എന്നാൽ, അവരുടെ ഈ ദോഷം, കോട്ടിൽ മണ്ണ് വീണതുപോലെയായിരുന്നു. അല്ലെങ്കിൽ കടഞ്ഞെടുക്കാത്ത രത്നമായിരുന്നു. നബി(സ) തിരുമേനിയുടെ ശ്രദ്ധയും അവിടത്തെ പരിശുദ്ധമായ ശക്തിപ്രഭാവത്തിന്റെ അനുഗ്രഹവുംകൊണ്ട് അവർ കടഞ്ഞെടുക്കപ്പെട്ടപ്പോൾ അതേ രത്നങ്ങൾ ലോകത്തിലെ ഏറ്റവും വിലപിടിച്ച വസ്തുക്കളിൽപ്പെട്ടു. അങ്ങനെ അബൂജഹ്ൽ, ഇക്രിമയുടെ രൂപത്തിലും, ആസിയും വാഇലും അംറിന്റെ രൂപത്തിലും വലീദ്, ഖാലിദിന്റെ രൂപത്തിലും അബൂസുഫിയാൻ, മുആവിയായും യസീദ് ഇബ്നു അബൂസുഫിയാന്റെ രൂപത്തിലും വെളിപ്പെട്ടു. സ്വർണത്തരികൾ മണ്ണിൽ കൂടിക്കലർന്നിരിക്കുമ്പോൾ അതിന് ഒരു മാനവും വിലയുമുണ്ടാകുകയില്ല. എന്നാൽ, ഏതെങ്കിലും വിദഗ്ദന്റെ ദൃഷ്ടി അതിൽ പതിയുമ്പോൾ അയാൾ ആ തരികളെ മണ്ണിൽനിന്ന് വേർപെടുത്തുന്നു. പിന്നീട് ആ തരികളാണ് വൻ വിലയ്ക്ക് വിൽക്കപ്പെടുന്നത്. ഇപ്രകാരം രത്നം കല്ലിലിരിക്കുമ്പോൾ അതിന്റെ വിലയെക്കുറിച്ച് ആർക്കും ബോധമുണ്ടാകുന്നില്ല. എന്നാൽ ഏതെങ്കിലും വിദഗ്ദൻ അതു മുറിച്ച് രത്നത്തെ അതിന്റെ തനതായ രൂപത്തിൽ ലോകത്തിന്റെ മുമ്പിൽ സമർപിക്കുമ്പോൾ അതിന്റെ വില ലക്ഷങ്ങൾ എന്നല്ല പ്രത്യുത കോടികൾവരെ എത്തുന്നു.(തഫ്സീറെ കബീർ വാള്യം 6, പേജ് 2-27)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

### വിവാഹാവസരത്തിലെ ഡാൻസും പാട്ടും

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: വിവാഹാവസരങ്ങളിൽ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ പാട്ടുപാടുക അനുവദനീയമാണ്. എന്നാൽ, അത് ഉപദ്രവമുണ്ടാക്കാത്തതോ മതപരമോ ആയിരിക്കേണ്ടതാണ്. (അൽഫള്ൽ 1945 ജനുവരി 20)

ഹദ്റത്ത് ഖലീഫത്തുൽ മസീഹുർറാബിഅ്(റഹ്)പറയുന്നു: വിവാഹത്തിൽ എത്രവേണമെങ്കിലും ദഫ് മുട്ടിക്കൊള്ളുക. ഇതിന് വിരോധമില്ല. പാട്ടും പാടുക.......പക്ഷേ, അത്തരം അവസരത്തിൽ അനുവദനീയമല്ലാത്ത ആചാരങ്ങൾ ചെയ്യരുത്........കാരണം അത് സമൂഹത്തെ സമ്മർദ്ദത്തിലാക്കുകയും മുസ്വീബത്തുകളിൽ അകപ്പെടുത്തുകയും ചെയ്യും.(മജ്ലിസെ ഇർഫാൻ ലജ്ന ഇമാഇല്ലാഹ് കറാച്ചി പേജ് 134

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin